

# അൽഫഖ്

പുസ്തകം 20 | ലക്കം 5 | മെയ് 2012 | ഹിജ്റത്ത് 1391 | ജ. ആഖർ - റജബ് 1433 .

## ഈ അമാനത്തിനെ സംരക്ഷിക്കുവിൻ

**ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**

അല്ലയോ മുഹമ്മദീ മസീഹിന്റെ പ്രിയപ്പെട്ടവരേ, ഇന്ന് ആ മസീഹ് നിങ്ങൾക്ക് ഏൽപ്പിച്ചു തന്നിട്ടുള്ള ഈ അമാനത്തിനെ (ഖിലാഫത്തിനെ) അല്ലാഹു വിശ്വാസികളോട് ചെയ്തിട്ടുള്ള വാഗ്ദാനത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കാൻ നിങ്ങൾ ഈ അമാനത്തിനെ സംരക്ഷിക്കുവിൻ, കർമ്മങ്ങൾ കൊണ്ടും പ്രാർത്ഥനകൾ കൊണ്ടും അതിനെ സംരക്ഷിക്കുവിൻ. തങ്ങളുടെ ദുആകളുമായി ഈ അനുഗ്രഹവും കൊണ്ട് പുതിയ നൂറ്റാണ്ടിലേക്ക് പ്രവേശിക്കുവിൻ. അങ്ങിനെ നിങ്ങളുടെ പൂർവ്വികർ ചെയ്ത ത്യാഗങ്ങളും, നിങ്ങൾ ചെയ്യുന്ന ത്യാഗങ്ങളും കാരണമായി അതിൽ പുതിയ ഫലങ്ങൾ ഉണ്ടാകുമാറാകട്ടെ. പൂർവ്വികർ വിതറിയ വിത്തിൽ നിന്നുള്ള കനികളാണ് നിങ്ങൾ തിന്നത്. ഇനി നിങ്ങൾ ദുആകൾ കൊണ്ട് സേവനം ചെയ്യുന്ന ആരാമങ്ങൾ തയ്യാറാക്കുവിൻ. അങ്ങിനെ ഖിലാഫത്തിന്റെ വരും നൂറ്റാണ്ടിൽ അതിന്റെ മധുര ഫലങ്ങൾ നിങ്ങളുടെ തലമുറകൾ ഭക്ഷിക്കാൻ നിമിത്തമാകട്ടെ

*(ജൽസാ പ്രഭാഷണം യു.കെ. 29-07-2007)*





3 ഇസ്ലാമിക ഖിലാഫത്തിന്റെ ഏഴ് സവിശേഷതകൾ

10 ഇസ്ലാമിക ഖിലാഫത്തിന്റെ ആരംഭം

18 സ്ത്രീകൾ അമൂല്യരത്നങ്ങൾ

4 ലോകനേതാക്കളോട്

13 പ്രവാചകന്മാരും ഖലീഫമാരും

24 ദൈവത്തിന്റെ മാർഗത്തിൽ വിദ്വേഷം പരത്തൽ



# ഖിലാഫത്ത് :
## മസീഹ് മൗഊദ് (അ) ന്റെ വീക്ഷണം

1. ഒന്നാമത്തെ ദിവ്യശക്തി എന്നതു കൊണ്ടുള്ള വിവക്ഷ പ്രവാചകന്മാരാണ്. രണ്ടാമത്തെ ദിവ്യശക്തി എന്നത് ഖിലാഫത്തിന്റെ മറ്റൊരു പേരാണ്. രണ്ടാം ദിവ്യശക്തി ഖിലാഫത്താണ് എന്നതിന് ഹദ്റത്ത് അബൂബക്കർ(റ)ന്റെ അസ്ഥിത്വത്തെയാണ് മസീഹ് മൗഊദ് (അ) സാക്ഷിയാക്കിയിരിക്കുന്നത്.

2. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒന്നാം ദിവ്യശക്തിയെ പ്രവാചകന്മാരായി തിട്ടപ്പെടുത്തി കൊണ്ട് രണ്ടാം ദിവ്യശക്തിയുടെ വെളിപ്പെടലിനെ പ്രവാചകന്മാർക്കു ശേഷമുള്ള സനാതന സുന്നത്തായി നിർണ്ണയിച്ചിരിക്കുന്നു. അങ്ങിനെ അഹ്മദിയ്യാ ജമാഅത്തിന് ഇതിനെ സംബന്ധിച്ചുള്ള സുദൃഢ വാഗ്ദാനം നൽകിയിരിക്കുന്നു.

3. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇസ്തിഖ്ലാഫിന്റെ ആയത്തുകൊണ്ട് ദൈവനിയോഗിതരുടെ ഖിലാഫത്ത് മാത്രമല്ല അർത്ഥമാക്കുന്നത്, മറിച്ച് അതിന് പൊതുരൂപം നൽകുന്നു. ആ ഖിലാഫത്തിനേയും ഇസ്തിഖ്ലാഫിന്റെ ആയത്തിന്റെ സാക്ഷ്യമായി മനസ്സിലാക്കുന്നു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) അതിനർഹനായി. ചുരുക്കത്തിൽ ഹദ്റത്ത് അബൂബക്കർ (റ) ന്റെ വ്യക്തിത്വത്തിലൂടെ ആരംഭം കുറിച്ച ഖിലാഫത്ത് ശൃംഖലയേയും ഇസ്തിഖ്ലാഫിന്റെ ആയത്തിന്റെ സാക്ഷ്യമായി തിട്ടപ്പെടുത്തിയിരിക്കുന്നു.


4. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് രണ്ടാം ദിവ്യശക്തി വരുന്നത് ഞാൻ പോയ ശേഷമായിരിക്കും എന്നാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് രണ്ടാം ദിവ്യശക്തി സദ്ർ അഞ്ചുമൻ അഹ്മദിയ്യാ അല്ല എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നു ശേഷം ചിലർ രണ്ടാം ദിവ്യശക്തി എന്നാൽ ഖിലാഫത്താണെന്നതിൽ ഊന്നൽ നൽകി. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകൾ അതിനെ ഖണ്ഡിക്കുന്നു. കാരണം അഞ്ചുമൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്തു തന്നെ സ്ഥാപിതമായിരുന്നു. സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ സ്ഥാപനം സ്വയം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കൈകളാലായിരുന്നു. അതിനാൽ ഇത് വ്യക്തമാക്കുന്നത്, രണ്ടാം ദിവ്യശക്തി എന്നതുകൊണ്ടുള്ള വിവക്ഷ അഞ്ചുമനല്ല മറിച്ച് ഖിലാഫത്തിന്റെ അനുഗ്രഹീത വ്യവസ്ഥിതിയാകുന്നു എന്നാണ്.

5. പ്രവാചകന്മാരുടെ കാലശേഷം കഠിനമായ പരീക്ഷണത്തിന്റെ കാലം തീർച്ചയായും വരുന്നതാണ്. ആ പരീക്ഷണങ്ങളെ ഖലീഫമാർ മുഖേന ശാന്തിയിലേക്ക് പരിവർത്തിക്കുക എന്നത് അല്ലാഹുവിന്റെ സനാതനമായ സുന്നത്താകുന്നു. എല്ലാ പ്രവാചകന്മാരുടേയും സമുദായത്തിന് ഇത് ബാധിച്ചിരുന്നു. ഈ സുന്നത്ത് അഹ്മദിയ്യാ ജമാഅത്തിലും നിശ്ചയമായും പൂർത്തിയാകുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, അല്ലാഹു തന്റെ സനാതന സുന്നത്തിനെ ഉപേക്ഷിക്കുന്നതല്ല. അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വഫാത്തിന് ശേഷം ജമാഅത്തിന് കഠിനമായ പരീക്ഷണങ്ങളെ നേരിടേണ്ടി വരുന്നതാണ്. ഭയപ്പെടുത്തുന്ന അവസ്ഥ സംജാതമാകും. എന്നാൽ തന്റെ സനാതന ചര്യയനുസരിച്ച് അല്ലാഹു അദ്ദേഹത്തിന്റെ ഖലീഫമാർ മുഖേന ഈ ഭയത്തെ ശാന്തിയിലേക്ക് പരിവർത്തനം ചെയ്യുന്നതാണ്. പരീക്ഷണങ്ങളെ ഇല്ലാതാക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ശേഷം ജമാഅത്തിന് പരീക്ഷണങ്ങളെ നേരിടേണ്ടി വന്നിരുന്നു എന്നത് വാസ്തവമാണ്. എന്നാൽ ഖലീഫയുടെ കൈകളാൽ അല്ലാഹു അതിനെ ദൂരീകരിച്ചു. അങ്ങിനെ അല്ലാഹുവിന്റെ സുന്നത്തും പൂർത്തിയായി.

6. ഹദ്റത്ത് മസീഹ് മൗഊദ് (അ) രണ്ടാം ദിവ്യശക്തിയെ ശ്വാശ്വതമായി തിട്ടപ്പെടുത്തിയിരിക്കുന്നു. പറയുന്നു, അത് ശാശ്വതമാണ്, ഖിയാമത്ത് നാൾ വരെ അതിന്റെ ശൃംഖല മുറിച്ചു മാറ്റപ്പെടുന്നതല്ല. അതായത് ഖിലാഫത്ത് സ്ഥാപിതമായാൽ ഈ ജമാഅത്തിന്റെ അടിത്തറ സുദൃഢമാകും. അതിനു ശേഷം ഒന്നിനു പുറകേ മറ്റൊന്നായി രണ്ടാം ദിവ്യശക്തിയുടെ പ്രതിരൂപങ്ങൾ വന്നുകൊണ്ടിരിക്കും. അല്ലാഹു ഖിലാഫത്തിന് നിത്യത നൽകിക്കൊണ്ടിരിക്കുന്നതാണ്. ജമാഅത്ത് വ്യവസ്ഥിതി നിത്യേന ദൃഢത കൈവരിച്ചു കൊണ്ടിരിക്കും. ഖിയാമത്ത് നാൾ വരെ നിലനിൽക്കുന്ന തരത്തിൽ ദൃഢത കരസ്ഥമാക്കുന്നതാണ്.

7. രണ്ടാം ദിവ്യശക്തി ആകാശത്തു നിന്ന് ഇറങ്ങുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, രണ്ടാം ദിവ്യശക്തി ആകാശത്ത് നിന്ന് ഇറങ്ങുന്നതാണ്. അതായത് ഇത്തരത്തിലുള്ള ഖലീഫമാരുടെ തിരഞ്ഞെടുപ്പിൽ ആകാശീയ പിൻബലം ഉണ്ടായിരിക്കും. അവരുടെ തിരഞ്ഞെടുപ്പിൽ ഒരു തരത്തിലുള്ള അല്ലാഹുവിന്റെ കൈകടത്തൽ ഉണ്ടായിരിക്കും.

*(അവ; ഖിലാഫത്ത് കീ അഹ്മിയ്യത്ത് ഔർ ബർക്കാത്ത്)*





# ഇസ്‌ലാമിക ഖിലാഫത്തിന്റെ ഏഴ് സവിശേഷതകൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)

## തിരഞ്ഞെടുപ്പ്

അല്ലാഹു പറയുന്നു, ഇന്നല്ലാഹ യഅ്മുറു അൻ തുഅദ്ദുൽ അമാനാതി ഇലാ അഹ്‌ലിഹാ. ഇവിടെ അമാനത്ത് എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അധികാരത്തെ സംബന്ധിച്ചുള്ള പരാമർശമാണ് ഇവിടെ എന്ന കാരണത്താൽ അമാനത്ത് എന്നതുകൊണ്ടുള്ള വിവക്ഷ ഭരണാധികാരമാകുന്ന അമാനത്താകുന്നു. എന്നാൽ തിരഞ്ഞെടുപ്പ് രീതി മുസ്‌ലിംകൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. അക്കാലത്ത് ഖിലാഫത്ത് രാഷ്ട്രീയത്തോടൊപ്പം തന്നെ മതപരവുമായിരുന്നു. അതിനാൽ ദീൻ സ്ഥിരപ്പെടുന്നതു വരെ സഹാബാക്കൾ തന്നെ തിരഞ്ഞെടുക്കുന്നതാണെന്ന് ജനങ്ങൾ തീരുമാനിച്ചു. കാരണം അവർക്ക് ദീനിനേയും ദീനുള്ളവരേയും നല്ലപോലെ അറിയാമായിരുന്നു. അല്ലായിരുന്നുവെങ്കിൽ ഓരോ കാലഘട്ടത്തിലേക്കും തിരഞ്ഞെടുപ്പു രീതി വ്യത്യസ്ഥമാകാം. സഹാബാക്കൾക്കു ശേഷം ഖിലാഫത്ത് നിലനിൽക്കുമെങ്കിൽ, സഹാബാക്കൾക്കു ശേഷം തിരഞ്ഞെടുപ്പ് എപ്രകാരമായിരിക്കും എന്നതിനെ സംബന്ധിച്ചും ചിന്തിക്കുമായിരുന്നു. ഏതായാലും ഖിലാഫത്ത് തിരഞ്ഞെടുപ്പിലൂടെയാണ്. തിരഞ്ഞെടുപ്പ് രീതി അല്ലാഹു മുസ്‌ലിംകൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്.

## ശരീഅത്ത്

ഖലീഫക്ക് മുകളിൽ നിന്ന് ശരീഅത്തിന്റെ സമ്മർദ്ദമുണ്ടാകുന്നു. അദ്ദേഹത്തിന് അഭിപ്രായത്തെ നിരാകരിക്കാം. എന്നാൽ ശരീഅത്തിനെ നിരാകരിക്കുക അസാധ്യമാണ്. അതായത് അദ്ദേഹം വ്യവസ്ഥാനുരൂപമായ നേതാവാകുന്നു. സ്വതന്ത്രനല്ല.

## ശൂറാ

മുകളിൽ നിന്നുള്ള സമ്മർദ്ദം കൂടാതെ താഴെ നിന്നുള്ള സമ്മർദ്ദവും അദ്ദേഹത്തിനുണ്ടാകും. എല്ലാ സുപ്രധാന കാര്യങ്ങളിലും അദ്ദേഹത്തിന് അഭിപ്രായം ആരായുകയും സാധ്യമാകുന്നിടത്തോളം അതനുസരിച്ച് നീങ്ങേണ്ടതും അനിവാര്യമാകുന്നു.

## ആന്തരിക സമ്മർദ്ദം അഥവാ ധാർമ്മികത

ശരീഅത്തും ശൂറയും കൂടാതെ അദ്ദേഹത്തിന്റെ അസ്ഥിത്വവും അതിന്റെ മേൽനോട്ടക്കാരനാകുന്നു. കാരണം മതപരമായ വഴികാട്ടിയോടൊപ്പം തന്നെ അദ്ദേഹം നമസ്കാരത്തിലെ ഇമാമുമാകുന്നു. അക്കാരണത്താൽ അദ്ദേഹത്തിന്റെ ബുദ്ധിപരവും വിവേകപരവുമായ സമ്മർദ്ദവും മേൽനോട്ടവും അദ്ദേഹത്തെ നേർവഴിയിൽ നയിക്കുന്നു. കേവലം രാഷ്ട്രീയമായി തിരഞ്ഞെടുക്കപ്പെട്ടവർക്കോ അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരിക്കോ ഈയൊരു സവിശേഷത ഉണ്ടാകില്ല.

## സമത്വം

ഇസ്‌ലാമിക ഖലീഫ മനുഷ്യാവകാശങ്ങളിൽ തുല്യ അവകാശിയാണ്. ലോകത്തുള്ള മറ്റൊരു ഭരണാധികാരിക്കും ഇല്ലാത്ത ഒരു സവിശേഷതയാണിത്. അദ്ദേഹത്തിന് തന്റെ അവകാശങ്ങൾ കോടതി മുഖാന്തിരം കരസ്ഥമാക്കാം. അതുപോലെ അദ്ദേഹത്തിൽ നിന്നുള്ള അവകാശങ്ങൾ കോടതി മുഖാന്തിരം കരസ്ഥമാക്കാവുന്നതുമാണ്.

## ജീവിത വിശുദ്ധി

അവർക്ക് ജീവിത വിശുദ്ധി കരസ്ഥമാകുന്നു. അദ്ദേഹം മതമാകുന്ന യന്ത്രത്തിന്റെ ഒരു ഭാഗമാണ്. വിനാശകാരികളായ തെറ്റുകളിൽ നിന്നും അദ്ദേഹം സംരക്ഷിക്കപ്പെടുന്നതാണെന്ന വാഗ്ദാനം നൽകപ്പെട്ടിരിക്കുന്നു. പ്രത്യേക ആപൽഘട്ടത്തിൽ അദ്ദേഹത്തിന്റെ നയോപായത്തിന് പിന്തുണ നൽകിക്കൊണ്ട് അല്ലാഹു ശത്രുക്കളുടെ മേൽ അദ്ദേഹത്തിന് വിജയം നൽകുന്നു. അദ്ദേഹം അല്ലാഹുവിനാൽ പിന്തുണക്കപ്പെട്ടവനാകുന്നു. മറ്റൊരു ഭരണാധികാരിക്കും ഈ സവിശേഷതയില്ല.

## അദ്ദേഹം രാഷ്ട്രീയത്തിനുപരിയാകുന്നു

അതിനാൽ ഒരു പാർട്ടിയുമായും അദ്ദേഹത്തിന് ബന്ധമുണ്ടായിരിക്കില്ല. അദ്ദേഹം ഒരു പിതാവിനെ പോലെയാകുന്നു. ഏതെങ്കിലും ഒരു പാർട്ടിയിൽ അംഗമാകുന്നതോ അല്ലെങ്കിൽ അതിലേക്ക് ചായുന്നതോ അദ്ദേഹത്തിന് അനുവദനീയമല്ല. അല്ലാഹു പറയുന്നു, വഇദാ ഹക്കംതും ബൈനന്നാസി അൻ തഹ്കുമൂ ബിൽ അദ്‌ലി. ഇത്തരത്തിലുള്ള വ്യക്തി തിരഞ്ഞെടുക്കപ്പെട്ടാൽ പരിപൂർണ്ണ നീതിയോടുകൂടി തീരുമാനങ്ങൾ കല്പിക്കേണ്ടത് അദ്ദേഹത്തിന്റെ കടമയാകുന്നു. ഏതെങ്കിലും വ്യക്തിയുടേയോ സമുദായത്തിന്റേയോ ഭാഗത്തേക്ക് ചായാവുന്നതല്ല.

*(അവ. അൽ ഫുർഖാൻ റബ്‌വ, ഖിലാഫത്ത് പ്രത്യേക പതിപ്പ് 1967 മെയ്)*



# അമേരിക്ക, ലോക സമാധാനത്തിനുള്ള തങ്ങളുടെ ഭാഗം നിർവ്വഹിക്കണം



**പ്രസിഡന്റ് ബറാക്ക് ഒബാമ**
അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡണ്ട്,
വൈറ്റ് ഹൗസ്,1600 പെൻസിൽവാനിയ
അവന്യു NW, വാഷിങ്ങ്ടൺ ഡി.സി.

16 ഗ്രസ്സൽ ഹാൾ റോഡ്, സൗത്ത്ഫീൽഡ്
ലണ്ടൻ SW18 5QL, യു.കെ.

*പ്രിയപ്പെട്ട മിസ്റ്റർ പ്രസിഡണ്ട്,*

ലോകത്ത് രൂപപ്പെട്ടുവരുന്ന അസ്വസ്ഥജനകമായ അന്തരീക്ഷത്തിന്റെ വെളിച്ചത്തിൽ ലോകത്തിലെ ഒരു വൻശക്തി രാഷ്ട്രമായ അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡണ്ടായ താങ്കൾക്ക് ഒരു കത്തെഴുതണമെന്ന് എനിക്ക് തോന്നി. താങ്കളുടെ രാഷ്ട്രത്തെ എന്നല്ല ലോകത്തെ മുഴുവൻ ഭാവിയെ ബാധിക്കുന്ന പ്രശ്നങ്ങളിൽ തീരുമാനം കൈക്കൊള്ളാനുള്ള അധികാരം താങ്കളിൽ നിക്ഷിപ്തമായിരിക്കയാണല്ലോ. ലോകം ഇന്ന് അസ്വസ്ഥതയുടെ കരിനിഴലിലാണ്. ചിലയിടങ്ങളിൽ ചെറിയ തോതിലുള്ള യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ ഈ അസ്വസ്ഥബാധിത പ്രദേശങ്ങളിൽ, സ്ഥലങ്ങളിൽ സമാധാനം സ്ഥാപിക്കാനുള്ള പരിശ്രമങ്ങളിൽ വൻ ശക്തികൾ വിജയിച്ചിട്ടില്ല. ലോകവ്യാപകമായി മിക്കവാറും എല്ലാ രാജ്യങ്ങളും മറ്റു രാജ്യങ്ങളെ മിത്രമാക്കാനോ എതിരിടാനോ ഉള്ള ശ്രമങ്ങളിൽ വ്യാപൃതരായിരിക്കുകയാണ് എന്നിരിക്കിലും നീതിയുടെ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നില്ല. ഇപ്പോൾ ലോകത്തുള്ള പരിതസ്ഥിതികൾ നിരീക്ഷിക്കുകയാണെങ്കിൽ മറ്റൊരു ലോകയുദ്ധത്തിനുള്ള അടിത്തറയിട്ടു കഴിഞ്ഞു എന്നത് വ്യസനകരമാണ്. ചെറുതും വലുതുമായ നിരവധി രാജ്യങ്ങൾക്ക് അണു വായുധങ്ങൾ ഉള്ളതിനാൽ ഈ രാജ്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും ശത്രുതയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരമൊരു ദുരവസ്ഥയിൽ നാമിപ്പോൾ ഒരു മൂന്നാം ലോക മഹായുദ്ധത്തിന്റെ കരിനിഴലിലാണ്. അങ്ങനെയുള്ള യുദ്ധങ്ങളിൽ തീർച്ചയായും അണുവായുധങ്ങൾ ഉപയോഗിക്കപ്പെടും. അതുകൊണ്ട് ലോകം ഭയാനകമായ നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നതിന് നാം സാക്ഷ്യം വഹിക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നീതിയുടേയും ന്യായത്തിന്റെയും പാത നാം പിന്തുടർന്നിരുന്നുവെങ്കിൽ ഒരിക്കൽ കൂടി യുദ്ധത്തിന്റെ തീജ്ജ്വാലകളിൽ അകപ്പെടുന്ന അവസ്ഥയിൽ നാം എത്തിച്ചേരില്ലായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനുള്ള പ്രധാന കാരണം ലീഗ് ഓഫ് നേഷൻസിന്റെ പരാജയവും 1932 ൽ ആരംഭിച്ച സാമ്പത്തിക പ്രതിസന്ധിയുമാണ്. 1932 ലെയും ഇപ്പോഴത്തെയും പ്രതിസന്ധികൾ വളരെയധികം സമാനതകളുണ്ടെന്നാണ് പ്രമുഖ സാമ്പത്തിക വിദഗ്ദർ പ്രസ്താവിക്കുന്നത്. സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ ഒരിക്കൽ കൂടി ചെറുകിട രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തിന് വഴി വെച്ചിരിക്കുകയാണ്. ഈ രാജ്യങ്ങളിൽ അന്തച്ഛിദ്രവും അസംതൃപ്തിയും നടമാടിക്കൊണ്ടിരിക്കയാണ്. ഇതിന്റെ അന്തിമഫലമെന്തെന്നാൽ ചില അധികാരശക്തികൾ ഗവൺമെന്റിന്റെ തലപ്പത്ത് വരും. അവർ നമ്മെ ലോകയുദ്ധത്തിലേക്ക് നയിക്കുകയും ചെയ്യും. ചെറുരാജ്യങ്ങളിൽ ഉണ്ടായ സംഘർഷം രാഷ്ട്രീയവും നയതന്ത്രവും മുഖേന പരിഹരിച്ചില്ലെങ്കിൽ ലോകത്ത് പുതിയ പാർട്ടികളും ഗ്രൂപ്പുകളുമുണ്ടാവും. ഇതായിരിക്കും മൂന്നാം ലോക മഹായുദ്ധത്തിന്റെ മുന്നോടി. അതിനാൽ, ഞാൻ വിശ്വസിക്കുന്നത് ലോകത്തിന്റെ പുരോഗതിയിലേക്ക് കേന്ദ്രീകരിക്കാതെ വളരെ സുപ്രധാനവും അത്യാവശ്യവുമായ കാര്യം ലോകത്തെ ഈ നാശത്തിൽ നിന്നും രക്ഷിക്കാനുള്ള പരിശ്രമങ്ങളിലേർപ്പെടുകയാണ്. മനുഷ്യകുലം അടിയ ന്തിരമായി നമ്മുടെ സ്രഷ്ടാവായ ഏകദൈവത്തെ തിരിച്ചറിയേണ്ടതുണ്ട്. ഇത് മാത്രമാണ് മനുഷ്യകുലത്തിന്റെ അതിജീവനത്തിനുള്ള ഗ്യാരണ്ടി. അല്ലാത്ത പക്ഷം ലോകം ദ്രുതഗതിയിൽ സ്വന്തം നാശത്തിലേക്ക് കുതിക്കും.

താങ്കളോടും യഥാർത്ഥത്തിൽ എല്ലാ ലോകനേതാക്കളോടുമുള്ള എന്റെ അപേക്ഷ രാഷ്ട്രങ്ങളെ ഒതുക്കാൻ ബലം പ്രയോഗിക്കുന്നതിനു പകരം നയതന്ത്രജ്ഞതയും സംഭാഷണവും വിവേകവും ഉപയോഗിക്കുകയെന്നതാണ്. അമേരിക്ക പോലുള്ള വൻശക്തികൾ സമാധാനം സ്ഥാപിക്കുന്നതിൽ തങ്ങളുടെ പങ്ക് വഹിക്കണം. ചെറുകിട രാജ്യങ്ങളുടെ പ്രവൃത്തികൾ ലോകത്ത് ഛിദ്രതയുണ്ടാക്കാൻ അവർക്ക് പ്രേരണയാകരുത്. ഇപ്പോൾ അണ്വായുധങ്ങൾ അമേരിക്കയുടേയും അതുപോലുള്ള വൻശക്തികളുടെയും കയ്യിൽ മാത്രമല്ല ഉള്ളത്. സർവ്വ നാശത്തിനുള്ള അത്തരം ആയുധങ്ങൾ താരതമ്യേന ചെറിയ രാഷ്ട്രങ്ങളുടെ പക്കലുമുണ്ട്. അവിടെ അധികാരത്തിലിരിക്കുന്നത് നിസ്സാര കാര്യത്തിനുപോലും ചിന്തയോ പരിചിന്തയോ കൂടാതെ പ്രവർത്തിക്കാൻ തൽപരരായവരാണ്. അതിനാൽ എന്റെ എളിയ അപേക്ഷയാണ്. ചെറുതും വലുതുമായ ശക്തികളെ മൂന്നാം ലോക മഹായുദ്ധത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിയുന്നതും ചെയ്യണം. ഇക്കാര്യത്തിൽ നാം പരാജയപ്പെട്ടാൽ അതിന്റെ പ്രത്യാഘാതം ഏഷ്യയിലെ ദരിദ്രരാഷ്ട്രങ്ങളെ മാത്രമല്ല യൂറോപ്പിനേയും അമേരിക്കയേയും ബാധിക്കും. നമ്മുടെ പ്രവൃത്തിയുടെ ഭയാനക പ്രത്യാഘാതങ്ങൾ ഭാവിതലമുറകളെ ബാധിക്കും. ലോകത്തെല്ലായിടത്തും ജനിക്കുന്ന കുട്ടികൾ വിരൂപരും അംഗവൈകല്യവുമുള്ളവരുമായിരിക്കും. ഈ ആഗോള ദുരന്തത്തിന് വഴിവെച്ച മുൻതലമുറക്ക് അവർ മാപ്പ് നൽകുകയില്ല. നമ്മുടെ നിക്ഷിപ്ത താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനു പകരം നമ്മുടെ ഭാവി തലമുറയെ നാം പരിഗണിക്കണം. അവർക്ക് ഒരു ശോഭനമായ ഭാവി നാം സൃഷ്ടിക്കണം. സർവ്വോന്നതനായ ദൈവം താങ്കളേയും മറ്റെല്ലാ ലോക നേതാക്കളേയും ഈ സന്ദേശം ഗ്രഹിക്കാൻ പ്രാപ്തരാക്കുമാറാകട്ടെ.

ആത്മാർത്ഥതയോടെ,
**മിർസാ മസ്റൂർ അഹ്മദ്** ഖലീഫത്തുൽ മസീഹ് ഹാമിസ്,
ലോകവ്യാപകമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ.



# തിരുനബിയുടെ മാർഗനിർദ്ദേശങ്ങൾ മനസ്സിലാക്കി വർത്തിക്കുക

പ്രസിഡണ്ട്, ഇസ്‌ലാമിക് റിപ്പബ്ലിക്ക് ഓഫ് ഇറാൻ
**മഹ്മൂദ് അഹ്മദ് നിജാദ്**
തെഹ്റാൻ.

***പ്രിയപ്പെട്ട മിസ്റ്റർ പ്രസിഡണ്ട്,***

അസ്സലാമു അലൈകും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു.

ഇന്ന് ലോകത്ത് നടമാടിക്കൊണ്ടിരിക്കുന്ന ദുരിതാവസ്ഥയുടെ വെളിച്ചത്തിൽ താങ്കൾക്ക് ഒരു കത്തെഴുതണമെന്ന് എനിക്ക് തോന്നി. എന്തെന്നാൽ താങ്കളാണല്ലോ ഇറാൻ പ്രസിഡണ്ട്. താങ്കളുടെ രാഷ്ട്രത്തേയും മുഴുലോകത്തേയും ഭാവിയെയും ബാധിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളാൻ താങ്കൾക്കധികാരമുണ്ട്. ഇയ്യിടെയായി ലോകത്ത് ഭയാനകതയും അസ്വസ്ഥതയും നിലവിലുണ്ട്. ചില സ്ഥലങ്ങളിൽ ചെറിയ തോതിലുള്ള യുദ്ധങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റിടങ്ങളിൽ സമാധാനം കൈകൊള്ളുവാനെന്ന നാട്യേന ഉന്നതാധികാര രാഷ്ട്രങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ഓരോ രാജ്യവും മറ്റു രാജ്യങ്ങളെ സഹായിക്കാനോ എതിർക്കാനോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. പക്ഷേ, നീതിയുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല. വളരെ വേദനാജനകമെന്ന് പറയട്ടെ. നീരിക്ഷിക്കുന്ന പക്ഷം ഇപ്പോൾ തന്നെ മറ്റൊരു ലോകയുദ്ധത്തിനുള്ള അടിത്തറയിടപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാവുന്നു. ചെറുതും വലുതുമായ നിരവധി രാഷ്ട്രങ്ങളുടെ കയ്യിൽ അണ്വായുധമുണ്ട്. അതിനാൽ സംഘർഷവും ശത്രുതയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ള ദുരിതാവസ്ഥയിൽ മൂന്നാം ലോകമഹായുദ്ധം നമ്മുടെ കൺമുന്നിൽ തീർച്ചയായും കാണുന്നു. അണ്വായുധങ്ങളുടെ ലഭ്യത മൂന്നാം ലോക മഹായുദ്ധം ഒരു അണ്വായുധ യുദ്ധമായിരിക്കുമെന്ന് താങ്കൾക്കറിയാമല്ലോ. അതിന്റെ അന്തിമ ഫലം വിനാശകരമായിരിക്കും. അങ്ങനെയുള്ള യുദ്ധത്തിന് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാവും. ഭാവി തലമുറകൾ കഴിവറ്റവരും അംഗവൈകല്യമുള്ളവരുമായിരിക്കും.

ലോകത്ത് സമാധാനം സ്ഥാപിക്കാൻ വേണ്ടി അയക്കപ്പെട്ട റഹ്മത്തല്ലിൽ ആലമീൻ, മനുഷ്യകുലത്തിന് കാരുണ്യമായി അയക്കപ്പെട്ട മുഹമ്മദ് മുസ്തഫ (സ) യുടെ അനുയായികളായ നാം ലോകത്തിന് അങ്ങിനെയൊരു ദുരന്തം ആഗ്രഹിക്കാത്തവരും സമാധാനം സ്ഥാപിക്കാൻ ബാധ്യസ്ഥരുമാണ്. അതുകൊണ്ടാണ് ഞാൻ അപേക്ഷിക്കുന്നത് ഇറാൻ ഒരു ശക്തമായ രാഷ്ട്രമായതിനാൽ മൂന്നാം ലോകമഹായുദ്ധം തടയാൻ ഇറാൻ അതിന്റെ പങ്കും വഹിക്കണം. ലോകത്തിലെ വൻ രാഷ്ട്രങ്ങൾ ഇരട്ടത്താപ്പ് നയമാണ് സ്വീകരിക്കുന്നതെന്നത് നിഷേധിക്കാനാകാത്ത സത്യമാണ്. അവരുടെ അന്യായങ്ങൾ കാരണം ലോകം മുഴുവൻ അസ്വസ്ഥത വ്യാപിച്ചിരിക്കുന്നു എന്നിരിക്കിലും, ചില മുസ്‌ലിം ഗ്രൂപ്പുകൾ മോശമായ നിലയിൽ പ്രവർത്തിക്കുന്നുവെന്ന കാര്യവും അത് ഇസ്‌ലാം മതതത്ത്വങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യവും നാമോർക്കണം. പാവങ്ങളായ മുസ്‌ലിം രാജ്യങ്ങളെ മതലെടുത്തുകൊണ്ട് ലോകത്തിലെ വൻ രാഷ്ട്രങ്ങൾ തങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ ഞാൻ ഒരിക്കൽ കൂടി താങ്കളോടപേക്ഷിക്കുന്നു, താങ്കൾ താങ്കളുടെ എല്ലാ പരിശ്രമങ്ങളും ഊർജ്ജവും മൂന്നാം ലോകയുദ്ധത്തിൽ നിന്ന് ലോകത്തെ രക്ഷിക്കാൻ ഉപയോഗപ്പെടുത്തണം. ഒരു രാഷ്ട്രത്തോടുള്ള ശത്രുത അവരോട് അനീതി പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന് വിശുദ്ധ ഖുർആൻ മുസ്‌ലിംകളോട് ആജ്ഞാപിക്കുന്നു.

സൂറ അൽ മാഇദായിൽ സർവ്വോത്തമനായ അല്ലാഹു നമ്മോട് നിർദേശിക്കുന്നു. പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞുവെന്നതിന് ഒരു ജനതയോട് (അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നന്മയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു. (വിശുദ്ധ ഖുർആൻ 5:3)

അതേപ്രകാരം വിശുദ്ധ ഖുർആനിലെ അതേ അദ്ധ്യായത്തിൽതന്നെ മുസ്‌ലിംകളോടുള്ള താഴെ കൊടുത്ത കൽപന കണ്ടെത്താം.

വിശ്വസിച്ചവരേ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. (വിശുദ്ധ ഖുർആൻ 5:9)

അതിനാൽ ശത്രുതയും വെറുപ്പും കാരണമായി മാത്രം നിങ്ങൾ മറ്റു രാഷ്ട്രത്തെ എതിരിടരുത്. ഇസ്രാഈൽ അതിരുകവിഞ്ഞു പ്രവർത്തിക്കുന്നുവെന്ന് ഞാൻ സമ്മതിക്കുന്നു. അതിന് ഇറാന്റെ നേരെ ഒരു കണ്ണുണ്ട്. യഥാർത്ഥത്തിൽ ഒരു രാജ്യം നിങ്ങളുടെ രാജ്യത്തിനെതിരെ അതിരുകവിഞ്ഞാൽ പ്രതിരോധിക്കാനുള്ള അവകാശം സ്വാഭാവികമായും നിങ്ങൾക്കുണ്ട്. എന്നിരിക്കിലും തർക്കങ്ങൾ നയതന്ത്രജ്ഞത കൊണ്ടും കൂടിയാലോചന വഴിയും പരിഹരിക്കണം. ഇത് നിങ്ങളോടുള്ള എന്റെ വിനീത അഭ്യർത്ഥനയാണ്. ശക്തി ഉപയോഗിക്കുന്നതിനു പകരം സംഭാഷണം മുഖേന തർക്കങ്ങൾ പരിഹരിക്കാൻ ശ്രമിക്കുക. ഞാൻ ഈ അഭ്യർത്ഥന താങ്കളോടു നടത്തുന്നതെന്തെന്നാൽ ഈ കാലഘട്ടത്തിൽ ആഗതരായ, ദൈവത്തിന്റെ വരിഷ്ഠദാസന്റെയും തിരുനബി(സ)യുടെ സേവകന്റെയും അനുയായിയാണ്. അദ്ദേഹം വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമാണെന്നവകാശപ്പെട്ടിരിക്കുന്നു. മനുഷ്യരെ ദൈവവുമായി അടുപ്പിക്കലാണ് അദ്ദേഹത്തിന്റെ ദൗത്യം. ജനങ്ങളുടെ അവകാശങ്ങൾക്കും ലോകാനുഗ്രഹിയായ നമ്മുടെ യജമാനനും മാർഗദർശകനുമായ തിരുനബി (സ) യുടെ മാതൃകയിൽ നേടുകയാണ് നമ്മുടെ ദൗത്യം. ഉന്നതനായ അല്ലാഹു മുസ്‌ലിം ഉമ്മത്തിന് ഈ മനോഹരമായ അധ്യാപനം മനസ്സിലാക്കിക്കൊടുക്കുമാറാകട്ടെ.

വസ്സലാം,

ആത്മാർത്ഥതയോടെ,
മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഹാമിസ്,
ലോകവ്യാപകമായ അഹ്മദിയ്യാ മുസ്‌ലീം ജമാഅത്തിന്റെ തലവൻ.



# ലോകസമാധാനത്തിന് ശ്രമിക്കുക

സ്റ്റീഫൻ ഹാർപർ
പ്രധാനമന്ത്രി, കനഡാ

*പ്രിയപ്പെട്ട പ്രധാനമന്ത്രി,*

2012 മാർച്ച് 8-ാം തീയ്യതി കനഡാ പ്രധാനമന്ത്രി മിസ്റ്റർ സ്റ്റീഫൻ ഹാർപർക്കുള്ള കത്തിൽ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അഞ്ചാമൻ മൂന്നാം ലോകമഹായുദ്ധം പൊട്ടിപുറപ്പെടുന്നതിനെക്കുറിച്ചുള്ള മുന്നറിയിപ്പും. അതിന്റെ പ്രത്യാഘാതത്തിന്റെ ഭയാനകതയും എടുത്തുകാട്ടി. രാഷ്ട്രങ്ങൾ തമ്മിലുള്ള ശത്രുതയും ചെറുതും വലുതുമായ രാഷ്ട്രങ്ങൾ കൈകൊള്ളുന്ന അനീതിയും ഒരു ദുരന്തത്തിന് ആദ്യമേ അടിത്തറയിട്ടിരിക്കുന്നുവെന്ന് സൂചിപ്പിച്ചു. തന്റെ അധികാരം ലോകത്ത് സമാധാനം സ്ഥാപിക്കുവാൻ തികച്ചും സമാധാനപരമായ നിലയിൽ ഉപ യോഗിക്കാൻ അഭ്യർത്ഥിച്ചു. ശക്തി പ്രയോഗിച്ച് സമാധാനം സ്ഥാപിക്കാൻ ശ്രമിക്കരുത്. തിരുമനസ്സ് എഴുതി. കനഡ ലോകത്തിലെ ഏറ്റവും നീതിയുള്ള രാജ്യങ്ങളിലൊന്നായി പരിഗണിക്കപ്പെടുന്നു. സ്വാഭാവികമായും താങ്കളുടെ രാജ്യം മറ്റു രാജ്യങ്ങളുടെ ആഭ്യന്തര പ്രശ്നങ്ങളിൽ കൈ കടത്തുന്നില്ല. അതിലുപരി, ഞങ്ങൾക്ക് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് കനഡയിലെ ജനങ്ങളുമായി പ്രത്യേകമായ സുഹൃദ്ബന്ധം ഉണ്ട്. അതിനാൽ, ഞാൻ താങ്കളോട് അപേക്ഷിക്കുകയാണ് പരമാവധി ശ്രമിച്ച് വലുതും ചെറുതുമായ രാഷ്ട്രങ്ങളെ അത്യന്തം ദുരന്തമുള്ളതാകുന്ന മൂന്നാം ലോക മഹായുദ്ധത്തിൽ നിന്ന് പിന്തിരിപ്പിക്കണമെന്ന്.



# അനുരഞ്ജനത്തിന്റെ മാർഗമവലംബിക്കുക

ബെഞ്ചമിൻ നെതന്യാഹു
പ്രധാനമന്ത്രി, ജെറുസലേം

*പ്രിയപ്പെട്ട പ്രധാനമന്ത്രി,*

ലോകത്ത് ഉരുത്തിരിഞ്ഞു വരുന്ന ഭയാനകമായ അവസ്ഥയെകുറിച്ച് ബഹുമാനപ്പെട്ട ഇസ്രയേൽ പ്രസിഡണ്ട് സൈമൺ പെരസിനും ഞാൻ കത്തയച്ചിട്ടുണ്ടായിരുന്നു. ഇസ്രയേൽ പ്രധാനമന്ത്രി എന്ന നിലക്ക് ഈ സന്ദേശം താങ്കൾക്കും അറിയിക്കുക എന്നത് ആവശ്യമാണെന്നു കരുതുന്നു.
പ്രവാചകപരമ്പരയുമായി ഇസ്രയേൽ രാഷ്ട്രത്തിന് ഒരു അഭേദ്യ ബന്ധമുണ്ട്. ഇസ്രയേലിന്റെ ഭാവിയെ കുറിച്ച് വ്യക്തമായ പ്രവചനങ്ങൾ മതഗ്രന്ഥ ങ്ങളിൽ കാണാൻ കഴിയും. പ്രവാചകന്മാരുടെ യഥാർത്ഥ അധ്യാപനങ്ങളിൽ നിന്നും വ്യതിചലിച്ചു പോയ കാരണത്താൽ ഒരു പാട് പരീക്ഷണങ്ങൾക്ക് വിധേയരായവരാണ് ഇസ്രയേൽ ജനത. ദൈവിക അധ്യാപനങ്ങൾ മുറുകെപിടിച്ചിരുന്നെങ്കിൽ ഒരു പക്ഷെ ഈ ജനത ഇത്രയധികം പരീക്ഷിക്ക പ്പെടുകയില്ലായിരുന്നു. അതുകൊണ്ടുതന്നെ, പ്രവാചകന്മാരുടെ അധ്യാപനങ്ങളിലേക്കും ദൈവിക വചനങ്ങളിലേക്കും താങ്കളുടെ ശ്രദ്ധ തിരിയേ ണ്ടിയിരിക്കുന്നു.
ഇസ്രയേൽ സന്തതിപരമ്പരയിൽ പ്രവചനപ്രകാരം ആഗതരായ ലോകാനുഗ്രഹിയായ പ്രവാചകൻ മുഹമ്മദ് നബി (സ) യുടെ ഖലീഫ എന്ന നിലക്കാണ് ഞാൻ താങ്കളെ അഭിസംബോധന ചെയ്യുന്നത്. ദൈവിക സന്ദേശത്തിലേക്ക് താങ്കളുടെ ശ്രദ്ധ തിരിക്കേണ്ടത് എന്റെ കടമയാണ്.
ദൈവത്തിലേക്കുള്ള വിളി കേൾക്കുന്നവരുടെ കൂട്ടത്തിൽ താങ്കളും ഉൾപ്പെടണമെന്നതാണ് എന്റെ ആഗ്രഹം. ഇറാനെ ആക്രമിക്കാനുള്ള തയ്യാറെടുപ്പ് നടന്നുകൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകളിൽ കാണുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടാകെടുതികൾ താങ്കൾക്ക് അറിവുള്ളതാണല്ലോ. ആയിരക്കണക്കിന് ജൂതന്മാരുടെ ജീവനും നഷ്ടപ്പെട്ടു. സാഹചര്യങ്ങൾ കണക്കിലെടുത്താൽ ഇത് വെറും രണ്ട് രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം മാത്ര മായിരിക്കില്ല മറിച്ച്, ഒരു ലോകമഹായുദ്ധമായി പരിണമിക്കാനുള്ള സാധ്യതയുണ്ട്. മുസ്‌ലിംകളും, ക്രിസ്ത്യാനികളും, ജൂതരുമടക്കമുള്ള കോടാനു കോടി ജനങ്ങളുടെ ജീവനായിരിക്കും നഷ്ടപ്പെടുക. രോഗബാധിതരും വികലാംഗരുമായ ഒരു വരുംതലമുറയായിരിക്കും മറ്റൊരു ഫലം. അത്യന്തം വിനാശ കാരികളായ അണ്വായുധങ്ങളായിരിക്കും ഈ യുദ്ധങ്ങളിൽ ഉപയോഗിക്കുക എന്നത് തന്നെ കാരണം.
ലോകത്തെ മറ്റൊരു യുദ്ധത്തിലേക്ക് നയിക്കുന്നതിന് പകരം , താങ്കളുടെ മുഴുവൻ ശ്രദ്ധയും സമാധാനം സ്ഥാപിക്കുന്നതിലേക്കും, ലോകത്തെ വൻ നാശത്തിൽ നിന്നും രക്ഷിക്കുന്നതിലേക്കും തിരിയട്ടെ. ബലപ്രയോഗത്തിന് പകരം ചർച്ചകളിലൂടെ പരിഹാരം കാണേണ്ടതാണ്. അങ്ങനെയാണെങ്കിൽ വൈകല്യങ്ങൾക്കും ദുരിതങ്ങൾക്കും പകരം ശോഭനമായ ഒരു ഭാവി ലഭിക്കുമാറാകും. താങ്കൾ വിശ്വസിക്കുന്ന മതഗ്രന്ഥങ്ങളിൽ നിന്ന് തന്നെ ചില ഉദ്ധരണികൾ ഇപ്രകാരമാണ്.'ദുഷ്കർമ്മികളോടും, തിന്മപ്രവർത്തിക്കുന്നവരോടും ഭയപ്പെടായ്ക, കാരണം അവരെല്ലാം പുല്ലുകൾ കണക്കെ അരിയ പ്പെടുന്നതാണ്. ദൈവത്തിൽ ഭരമേൽപ്പിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്തു കൊണ്ട് ഭൂമിയിൽ വസിക്കുക.ദൈവത്തെ ഭരമേൽപ്പിച്ചാൽ അവ ൻ നിന്റെ നന്മകളെ പുലർവെളിച്ചം പോലെയും, നിന്റെ ന്യായത്തെ പകൽ വെളിച്ചം പോലെയും വെളിവാക്കും. ക്ഷമയോടെ ദൈവമാർഗ്ഗത്തിൽ പ്രവ ർത്തിക്കുക. ദുഷ്കർമ്മികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഭയപ്പെടായ്ക. മനുഷ്യർ സ്വയംകൃതമായ നാശത്തിലകപ്പെടും. കോപത്തെ അടക്കുക. എ ങ്കിൽ ദൈവകോപത്തിൽ നിന്നും അകറ്റപ്പെടും. ദുഷ്കർമ്മികൾ നശിപ്പിക്കപ്പെടും. നന്മ പ്രവർത്തിക്കുന്നവർ ദൈവം വാഗ്ദാനം ചെയ്ത ഭൂമിയിൽ വ സിക്കുമാറാകും. നീ അവനെ അന്വേഷിക്കുന്നു. എന്നാൽ വിനയാന്വിതരും, സമാധാനകംക്ഷികളുമല്ലാതെ അവനെ പ്രാപിക്കുകയില്ല. (സബൂർ 37:111)
അത് പോലെ തന്നെ തൗറാത്തിൽ ഇപ്രകാരം കാണാം.
'നിങ്ങളുടെ ഇരുഭാഗങ്ങളും ഒരുപോലെ ആയിരിക്കട്ടെ. നിങ്ങളുടെ വീടുകളിൽ വലുതും ചെറുതുമായ അളവുകോലുകൾ പാടില്ല. സുതാര്യവും, ന്യൂനതകളില്ലാത്തതുമായിരിക്കണം നിങ്ങളുടെ അളവുകോൽ. ദൈവത്തിന്റെ ഭൂമിയിൽ നീണ്ട നാൾ വസിക്കുന്നതിനു വേണ്ടിയും ദൈവകോപത്തിൽ നിന്നും രക്ഷ നേടുന്നതിന് വേണ്ടിയും.' (.Deuteronomy25:13.16)
അതുകൊണ്ട് ലോകനേതാക്കളെ, മർദ്ദകഭരണവും, നിരാലംബരോടുള്ള കടുത്ത നിലപാടുകളും അവസാനിപ്പിക്കുക. മറിച്ച്, സമാധാനവും നീതിയും പ്രാവർത്തികമാക്കുക. എങ്കിൽ സ്വന്തത്തിലും പൊതുവേ ലോകത്തും സമാധാനം സ്ഥാപിക്കപ്പെടും. താങ്കളും താങ്കളെപ്പോലെ മറ്റു നേതാക്കളും ഈ സന്ദേശത്തിന്റെ പൊരുൾ ഉൾകൊണ്ടുകൊണ്ട് സ്വന്തം സ്ഥാനമാനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുമാറാകണമെന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,
**മിർസാ മസ്‌റൂർ അഹ്മദ്** ഖലീഫത്തുൽ മസീഹ് ഹാമിസ്,
ലോകവ്യാപകമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ.






# ഖിലാഫത്ത് വ്യവസ്ഥിതിയിലും ഭൗതിക വ്യവസ്ഥിതിയിലുമുള്ള വ്യതിരിക്തത

## ഒന്നാമത്തെ വ്യതിരിക്തത.

ഖലീഫയെ അല്ലാഹു നിയമിക്കുന്നു എന്നതാണ് ഏറ്റവും വലിയ വ്യതിരിക്തത. അതിനെതിരിൽ സ്വേഛാധിപതിയെ അല്ലാഹു നിയമിക്കുന്നു എന്നാർക്കെങ്കിലും പറയുവാൻ സാധിക്കുമോ? തന്റെ ശാരീരിക അഭിലാഷങ്ങളെ പൂർത്തിയാക്കുന്നതിനായിട്ടാണ് സ്വേഛാധിപതിയാകുന്നത്. അതിനായുള്ള പരിശ്രമങ്ങളിൽ അവർ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നു. ജനാധിപത്യത്തിൽ പ്രസിഡന്റിനെ തെരഞ്ഞെടുപ്പിലൂടെയാണ് നിശ്ചയിക്കുന്നത്. എന്നിരുന്നാലും നിശ്ചയിക്കുന്നവർ വിശ്വാസികളായിരിക്കില്ല. നിശ്ചയിക്കുന്ന രീതി പ്രയോഗിക തലത്തിൽ നിതിയിലധിഷ്ഠിത മായിരിക്കുകയുമില്ല.

## രണ്ടാമത്തെ വ്യതിരിക്തത

രണ്ടാമതായി, അല്ലാഹു ഖലീഫയെ നിയമിച്ചതിനു ശേഷം അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്യുന്നു. ഭാവിയിലെ പരിവർത്തനങ്ങളെ സംബന്ധിച്ചും വിഷമങ്ങളെ സംബന്ധിച്ചും അവർക്ക് അറിവ് നൽകുന്നു. അതോടൊപ്പം തന്നെ അതിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള തൗഫീഖും നൽകുന്നു. എന്നാൽ സ്വേഛാധിപതികളോടും പ്രസിഡന്റിനോടുമുള്ള അല്ലാഹുവിന്റെ പെരുമാറ്റം അത്ത രത്തിലല്ല.

## മൂന്നാമത്തെ വ്യതിരിക്തത

മൂന്നാമത്തേത്, യഥാർത്ഥ ഖലീഫമാർ ഒരിക്കലും ജമാഅത്തിന് തെറ്റായ മാർഗദർശനം നൽകില്ല. മററ് വാക്കുകളിൽ പറയുകയാണെങ്കിൽ അവർ ഏത് പ്രവാചകന്റെ ഖലീഫയാണോ അവരുടെ അദ്ധ്യാപനത്തെ ഒരിക്കലും ഉപേക്ഷിക്കില്ല. എത്ര നിർബന്ധിത സാഹചര്യം ഉണ്ടായാലും അവർ ആ അദ്ധ്യാപനത്തിൽ തന്നെ ഉറച്ചു നിൽക്കുന്നു. എന്നാൽ സ്വേഛാധിപതികൾക്ക് യാതൊരു നിബന്ധനയുമില്ല. അവരുടെ മുന്നിൽ ഒന്നുകിൽ തന്റെ വ്യക്തിത്വമോ അല്ലെങ്കിൽ രാഷ്ട്രമോ ആയിരിക്കും. ഏത് മാർഗമവലംഭിച്ചും അവർ തങ്ങളുടെ കാര്യം നേടാൻ ശ്രമിക്കുന്നു. അതേപോലെ ജനാധിപത്യ പ്രസിഡന്റുമാർ തങ്ങളുടെ ഗുണത്തിനായി അധികവും നിയമങ്ങൾ മാറ്റിക്കൊണ്ടിരിക്കുന്നു.

## നാലാമത്തെ വ്യതിരിക്തത

ഖിലാഫത്തിലും സ്വേഛാധിപത്യത്തിലുമുള്ള നാലാമത്തെ വിത്യാസം ഖലീഫ എപ്പോഴും ഹൃദയത്തിലാണ് ഭരിക്കുന്നത് എന്നതാണ്. അധിക ജനങ്ങളുടേയും അദ്ദേഹവുമായുള്ള ബന്ധം സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും ആയിരിക്കും. അതിനു വിപരീതമായി സ്വേഛാധിപ തികൾ ജനങ്ങളുടെ ശരീരത്തെയാണ് ഭരിക്കുന്നത്. ജനങ്ങൾ സ്വേഛാധിപതികളെ ഇഷ്ടപ്പെടുന്നില്ല. മറിച്ച് അധിക ജനങ്ങളും അവരെ ഭയപ്പടുന്നു. ഭയത്താൽ അവരെ അനുസരിക്കുന്നതിന് നിർബന്ധിതരായിത്തീരുന്നു.

## അഞ്ചാമത്തെ വ്യതിരിക്തത

അഞ്ചാമത്തെ വ്യത്യാസം, ഒരിക്കൽ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടാൽ ലോകത്തെ ഒരു ശക്തിക്കും അദ്ദേഹത്തെ ഖിലാഫത്തിൽ നിന്നും താഴെയിറക്കാൻ സാധ്യമല്ല. എന്നാൽ സ്വേഛാധിപതികൾക്കോ പ്രസിഡന്റിനോ ഇങ്ങനെയുള്ള ഒരു നിയമമില്ല.

*(അവ. ഖിലാഫത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും)*

# സമത്വം സൃഷ്ടിക്കുക

## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)



മുസ്‌ലിംകൾ അധപതിക്കുവാനുണ്ടായ രണ്ടാമത്തെ കാരണം വ്യവസ്ഥിതിയില്ലായ്മയാകുന്നു. ഇസ്‌ലാം എല്ലാവരിലും സമത്വത്തിന്റെ ആത്മാവ് സൃഷ്ടിച്ചിരിക്കുന്നു.എന്നാൽ ഒരു ഓർഗനൈസേഷൻ ഉണ്ടാകുക എന്നതാണ് സമത്വം സൃഷ്ടിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് മുസ്‌ലിംകൾ മനസ്സിലാക്കിയില്ല. ഇതില്ലാതെ സമത്വത്തിന് നിലനിൽപില്ല തന്നെ. ഇസ്‌ലാം ആവിർഭവിച്ചത് തന്നെ ഓർഗനൈസേഷനും അച്ചടക്കവും സ്ഥാപിക്കുന്നതിനായിട്ടാണ്. എന്നാൽ ഇത് അക്രമത്തിലധിഷ്ടിതമായിട്ടുള്ള വ്യവസ്ഥിതിയായിരുന്നില്ല. സമുദായത്തിന്റെ പുരോഗതിക്കായി വ്യക്തികൾ തങ്ങളുടെ ആഗ്രഹങ്ങളെ തടഞ്ഞുവെച്ചിരുന്നു. എന്നാൽ കുറച്ച് വർഷങ്ങൾ കഴിഞ്ഞപ്പോഴേക്കും ഖജനാവ് തങ്ങളുടേതാണെന്ന് മുസ്‌ലിംകൾ പറയാൻ തുടങ്ങി. തങ്ങളുടെ മാർഗത്തിൽ തടസ്സം സൃഷ്ടിക്കുന്ന ഭരണാധികാരികളെ വധിക്കുവാൻ വരെ അവർ തയ്യാറായി. ഈയൊരു ആത്മാവാണ് മുസ്‌ലിംകളെ നശിപ്പിച്ചത്. ഇത് (ഖിലാഫത്ത്) അല്ലാഹുവിന്റെ ഭരണമാണ്. അവനാണ് ഇത് സ്ഥാപിച്ചിരിക്കുന്നത്. അതുകൊണ്ട് ഇത് അല്ലാഹുവിന്റെ കൈകളിൽ തന്നെയിരിക്കുന്നതാണ് ഉത്തമം എന്ന് മുസ്‌ലിംകൾ മനസ്സിലാക്കേണ്ടിയിരുന്നു. അല്ലാഹു സൂറാ നൂറിൽ പറയുന്നു, നാമാണ് ഖലീഫമാരെ നിയോഗിക്കുന്നത്. എന്നാൽ തങ്ങളാണ് ഖലീഫമാരെ തിരഞ്ഞെടുക്കുന്നതെന്നാണ് മുസ്‌ലിംകൾ കരുതിയത്. അങ്ങിനെ ഖലീഫമാരെ ഉണ്ടാക്കിയിരിക്കുന്നത് തങ്ങളാണെന്ന് മുസ്‌ലിംകൾ കരുതുവാൻ തുടങ്ങിയപ്പോൾ അല്ലാഹു അവരോട് പറഞ്ഞു, നിങ്ങളാണ് ഖലീഫമാരെ ഉണ്ടാക്കിയതെങ്കിൽ ഇനി നിങ്ങൾ തന്നെ ഉണ്ടാക്കിക്കൊള്ളുക. അങ്ങനെ ഒരു കാലം വരെ മുസ്‌ലിംകൾ മറ്റുള്ളവരുടെ ഇരയെ, അതായത് ഹദ്റത്ത് അബൂബക്കർ(റ)വും ഹദ്റത്ത് ഉമർ(റ)വും ഹദ്റത്ത് ഉസ്മാൻ(റ)വും ഹദ്റത്ത് അലി (റ)വും വേട്ടയാടിയത് ഭക്ഷിച്ചു കൊണ്ടിരുന്നു. എന്നാൽ ജീവനില്ലാത്ത ഇരകൾ അധികകാലം നിലനിൽക്കില്ല. കുറച്ച് കാലം കഴിഞ്ഞാൽ അവ കേടുവരും. ഹദ്റത്ത് അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റ) എന്നിവരുടെ കാലത്ത് മുസ്‌ലിംകൾ നല്ല മാംസം കഴിച്ചുകൊണ്ടിരുന്നു. എന്നാൽ വിഢിത്തം കാരണം ഇതെല്ലാം തങ്ങളുടെതാണെന്നവർ ധരിച്ചു. അങ്ങനെ തങ്ങളുടെ ജീവന്റെ ആത്മാവിനെ അവർ നശിപ്പിച്ചു....... പിന്നീട് എല്ലായിടത്തും മുസ്‌ലികൾ നിന്ദ്യരാവാൻ തുടങ്ങി. മറ്റുള്ളവരിൽ നിന്ന് പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നു. അല്ലാഹുവിന്റെ കോപം അവരിൽ ഇറങ്ങി. ക്രിസ്ത്യാനികൾ തങ്ങളുടെ നിർജീവ ഖിലാഫത്തിനെ ഇന്നുവരെ സംരക്ഷിച്ചിരിക്കുന്നു. എന്നാൽ നിർഭാഗ്യരായിട്ടുള്ള ഇവർ (മുസ്‌ലിംകൾ) ജീവനുള്ള ഖിലാഫത്തിനെ തങ്ങളുടെ കൈകൾ കൊണ്ടുതന്നെ കുഴിച്ചുമൂടിയിരിക്കുന്നു.

ഇതെല്ലാം തന്നെ താൽക്കാലിക ദുരാഗ്രഹങ്ങളുടേയും,ഭൗതികതയോടുള്ള അത്യാർത്ഥിയുടേയും, താൽക്കാലിക ആവേശങ്ങളുടേയും തിക്തഫലമായിരുന്നു. അല്ലാഹു ആദ്യകാല മുസ്‌ലിംകളോട് ചെയ്ത വാഗ്ദാനം ഇന്നും നിലനിൽക്കുന്നു. അവൻ വഅദല്ലാഹുല്ലദീന ആമനൂ വഅമിലുസ്സ്വാലിഹാത്തി ലയസ്തഖ്‌ലിഫന്നഹും ഫിൽ അർളി കമസ്തഖ്‌ലഫല്ലദീന മിൻ ഖബ്‌ലിഹിം (അന്നൂർ- 56) എന്ന് പറഞ്ഞപ്പോൾ അല്ലദീന ആമനൂ വഅമിലുസ്സ്വാലിഹാത്തി എന്ന് അബൂബക്കറിനോടോ ഉമറിനോടോ ഉസ്മാനോടോ അലിയോടോ അല്ല പറഞ്ഞത്. അല്ലെങ്കിൽ ഈ വാഗ്ദാനം ആദ്യകാല മുസ്‌ലിംകളോട് മാത്രമാണെന്നോ അല്ലെങ്കിൽ ആദ്യ നൂറ്റാണ്ടിലേയൊ രണ്ടാം നൂറ്റാണ്ടിലേയോ മുസ്‌ലിംകളോട് മാത്രമായിരുന്നു അല്ലാഹുവിന്റെ ഈ വാഗ്ദാനം എന്നോ എവിടെയും പരാമർശമില്ല. മറിച്ച് മുമ്പുണ്ടായിരുന്നവരായിക്കൊള്ളട്ടെ ഇനി രണ്ടോ നാലോനൂറ്റാണ്ടുകൾക്കുശേഷം വരുന്നവരായിക്കൊള്ളട്ടെ, മുഴുവൻ മുസ്‌ലിംകൾക്കുമായിട്ടാണ് അല്ലാഹു ഈ വാഗ്ദാനം നൽകിയിരിക്കുന്നത്. ഏത് വരെ വിശ്വാസത്തിന്റേയും സൽപ്രവർത്തികളുടേയും പ്രതീകങ്ങളായി മുസ്‌ലിംകൾ നിലകൊള്ളുകയും, തങ്ങളുടെ നഫ്സിന്റെ ആഗ്രഹങ്ങളെ ഉന്മൂലനം ചെയ്യുകയും, സ്വന്തം ആളുകളേയും വിഭാഗങ്ങളേയും പാർട്ടികളേയും ഗ്രൂപ്പുകളേയും പട്ടണങ്ങളേയും രാജ്യങ്ങളേയും ഇസ്‌ലാമിന്റെ പുരോഗതിയെ തങ്ങളുടെ ലക്ഷ്യമാക്കി മാറ്റുകയും ചെയ്യുന്നുവോ അതുവരെ '**ലയസ്തഖ്‌ലി ഫന്നഹും കമസ്തഖ്‌ലഫന്നല്ലദീന മിൻ ഖബ്‌ലിഹിം**' എന്ന വാഗ്ദാനം അവരിൽ നിലനിൽക്കുന്നതായിരിക്കും. മുഴുവൻ മുസ്‌ലിംകളോടുമായിട്ടാണ് അല്ലാഹു ഈ വാഗ്ദാനം നൽകിയിരിക്കുന്നത്. അറേബ്യയിൽ വസിക്കുന്നവരോ,ഇറാഖിലോ,ശാമിലോ,മിസ്റിലോ,യൂറോപ്പിലോ, ഏഷ്യയിലോ, അമേരിക്കയിലോ, ദ്വീപുകളിലോ, ആഫ്രിക്കയിലോ എവിടെ വസിക്കുന്നവരുമായിക്കൊള്ളട്ടെ അല്ലാഹു അവരെ ഭൂമിയിൽ തന്റെ പ്രതിനിധികളാക്കുന്നതാണ്. അതായത് വാഗ്ദാനം ചെയ്യപ്പെട്ട ഖിലാഫത്ത് മുഴുലോകത്തേക്കുമുള്ളതാണ്. അവൻ നിങ്ങളെ മുഴുലോകത്തും ഖലീഫമാരാക്കുന്നതാണ്. നിങ്ങൾക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ. ഈ ആയത്തിൽ മുമ്പുള്ളവരുമായുള്ള സാദൃശ്യം അർളി (ഭൂമി) എന്നതിലല്ല. മറിച്ച് ഇസ്തിഖ്‌ലാഫ് എന്നതിലാണ്. പറയുന്നു, നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയത് പോലെ നിങ്ങളേയും ഖലീഫമാരാക്കുന്നതാണ്. മാത്രമല്ല മറന്ന് മുഴുലോകത്തും സ്വാധീനമുള്ള ഖലീഫമാരാക്കുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ ഈ വാഗ്ദാനം ഓർക്കുക. ഖിലാഫത്തിന്റെ സുദൃഢതയ്ക്കും നിലനിൽപിന്നുമായി എപ്പോഴും തന്നെ പരിശ്രമിച്ച് കൊണ്ടിരിക്കുക. നിങ്ങളുടെ ധീരത ഉന്നതമായിട്ടുള്ളതായിരിക്കണം. നിങ്ങളുടെ ബുദ്ധിശക്തി മൂർച്ചയേറിയതായിരിക്കണം. (ഖിലാഫത്താകുന്ന) ഈ നൗകയെ ഒരിക്കലും നിങ്ങൾ മുങ്ങാൻ അനുവദിക്കരുത്. നിങ്ങൾ നദികളുടെ ദിശ തിരിച്ചുവിടുന്ന പാറക്കല്ലുകളാകരുത്. മറിച്ച് വെള്ളത്തെ എളുപ്പത്തിൽ ഒഴുക്കിവിടുന്ന Channel ആയിമാറുക. റസൂൽ തിരുമേനി(സ) മുഖേന ലഭിച്ച അനുഗ്രഹങ്ങളെ മുന്നോട്ടെത്തിച്ചുകൊണ്ടിരിക്കുന്ന Channel ആയി മാറുക. നിങ്ങൾ അങ്ങനെ ചെയ്യുകയാണെങ്കിൽ ഒരിക്കലും മരിക്കാത്ത ഒരു സമുദായമായി നിങ്ങൾ മാറുന്നതാണ്.



ഇനി അഥവാ നിങ്ങൾ അല്ലാഹുവിൽ നിന്നുള്ള ഈ അനുഗ്രഹത്തിന്റെ മാർഗത്തിലെ തടസങ്ങളായി മാറിയാൽ, ഈ അനുഗ്രഹത്തിന്റെ വഴിയിൽ തടസമാകുന്ന പാറക്കല്ലുകളായി മാറിയാൽ, നിങ്ങളുടെ വ്യക്തി താൽപര്യങ്ങൾക്കടിമപ്പെട്ടു കൊണ്ട് നിങ്ങളുടെ കൂട്ടുകാർക്കോ ബന്ധുക്കൾക്കോ ഉറ്റവർക്കോ മാത്രമായി ഈ അനുഗ്രഹത്തെ പരിമിതപ്പെടുത്തുവാൻ ശ്രമിച്ചാൽ, ഓർത്ത് കൊള്ളുക അന്ന് നിങ്ങളുടെ സമുദായത്തിന്റെ നാശത്തിന്റെ സമയമായിരിക്കും. പിന്നീട് നിങ്ങൾക്ക് ദീർഘായുസ്സ് ലഭിക്കുന്നതല്ല. മുൻസമുദായങ്ങൾക്ക് മരണം സംഭവിച്ചതുപോലെ നിങ്ങളുടെ സമുദായത്തിനും മരണം സംഭവിക്കുന്നതായിരിക്കും. എന്നാൽ സമുദായത്തിന്റെ പുരോഗതിയുടെ മാർഗം അടഞ്ഞിട്ടില്ലെന്നാണ് വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നത്. നിശ്ചയമായും മനുഷ്യന് ലോകത്ത് എന്നെന്നും ജീവിക്കുവാൻ സാധ്യമല്ല. എന്നാൽ സമുദായങ്ങൾക്ക് ജീവിക്കുവാൻ സാധിക്കും. അതുകൊണ്ട് ആര് മുൻപന്തിയിൽ എത്തുന്നുവോ അവർ സമ്മാനം കരസ്ഥമാക്കുന്നതാണ്. ആരാണോ മുന്നോട്ട് കുതിക്കാതിരിക്കുന്നത് അവൻ സ്വയം മരിക്കുന്നു. ആത്മഹത്യ ചെയ്യുന്നവനെ രക്ഷിക്കുവാൻ ആർക്കും സാധ്യമല്ല.

*(മശ്അലെ രാഹ് വാല്യം 1, പേജ് 667 - 669)*


*വിവ. സി. മുബശ്ശിർ അഹ്മദ് പെരിന്തൽമണ്ണ*

തഫ്സീർ



ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)

# നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത്



നാം നിങ്ങളിലേക്ക് നിങ്ങളുടെ മേൽനോട്ടം വഹിക്കുന്ന നമ്മുടെ ഒരു പ്രവാചകനെ അയച്ചിരിക്കുന്നു. ഫിർഔന്റെ അടുക്കലേക്ക് നാം അയച്ച ദൂതനെപ്പോലെയുള്ള ഒരു ദൂതൻ തന്നെയാണദ്ദേഹം. നോക്കുക, അല്ലാഹു ഇവിടെ റസൂൽ തിരുമേനി(സ)യും ഹദ്റത്ത് മൂസാ(അ)യും തമ്മിലുള്ള സാദൃശ്യം വിവരിച്ചിരിക്കുകയാണ്. ഹദ്റത്ത് മൂസാ (അ) ഫിർഔന്റെ അടുക്കലേക്ക് അയക്കപ്പെട്ടതായിരുന്നു. എന്നാൽ റസൂൽ കരീം (സ) യെ ഒരു രാജാവിന്റെ അടുക്കലേക്കായി അയക്കപ്പെട്ടതായിരുന്നില്ല, മറിച്ച് ലോകത്തുള്ള എല്ലാ രാജാക്കൻമാരുടെയും അടുക്കലേക്കായി അയക്കപ്പെട്ടതായിരുന്നു. അതുപോലെ ഹസ്രത്ത് മൂസ (അ), ബനീ ഇസ്റായീലിന്റെ മാർഗ്ഗദർശ നത്തിനായിട്ടാണ് വന്നത്. എന്നാൽ റസൂൽകരീം (സ) മുഴുലോകത്തിന്റെയും മാർഗ്ഗദർശനത്തിനു വേണ്ടിയായിരുന്നു അയക്കപ്പെട്ടത്. കൂടാതെ ഹസ്രത്ത് മൂസാ (അ) യുടെ നിയോഗിതകാലഘട്ടം 1900 വർഷമായിരുന്നു. എന്നാൽ റസൂൽ കരീം(സ) യുടെ നിയോഗിത കാലഘട്ടം ഖിയാമത്തു നാൾ വരേക്കുമുള്ളതാണ്. ഹദ്റത്ത് മൂസാ(അ) യുടെയും തിരുനബി(സ)യുടെയും അവസ്ഥകൾ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളാണിവ. ഈ വ്യത്യാസങ്ങളൊക്കെയുണ്ടായിട്ടും മുസ്‌ലിംകൾ പറയുന്നത് ഹദ്റത്ത് റസൂൽ കരീം (സ), മൂസാ (അ) ക്കു സദൃശനാണ് എന്നാണ്. അപ്പോൾ ഇവ്വിധ വ്യത്യാസങ്ങളൊക്കെയുണ്ടായിട്ടും അദ്ദേഹത്തിന്റെ സാദൃശ്യത്തിൽ യാതൊരു മാറ്റവും ഉണ്ടാകുന്നില്ലെങ്കിൽ പിന്നെ പൂർവ്വികരുടെ ഖിലാഫത്തിൽ നിന്നും ഇസ്‌ലാമിക ഖലീഫയ്ക്ക് ചില ഭാഗിക കാര്യ ങ്ങളിൽ വ്യത്യാസമുണ്ട് എന്നതിൽ ആക്ഷേപമെന്താണുള്ളത്?

മൂസാ(അ)യുടെ സമുദായത്തെ സംരക്ഷിക്കുന്നതിനായി അദ്ദേഹത്തിന്റെ വഫാത്തിനു ശേഷം അല്ലാഹു അവന്റെ പ്രത്യേകമായ ഹിക്മത്ത് അനുസരിച്ച് ചില അസ്തിത്വങ്ങളെ അദ്ദേഹത്തിന്റെ സമൂഹത്തിന്റെ സേവകരായി തിരഞ്ഞെടുത്തതുപോലെ റസൂൽകരീം (സ) യുടെ വഫാത്തിനു ശേഷവും അല്ലാഹു ഇങ്ങിനെയുള്ള അസ്തിത്വങ്ങളെ തങ്ങളുടെ ഉമ്മത്തിനെ സംരക്ഷിക്കുന്നതിനായി എഴുന്നേൽപ്പിക്കുന്നതാണ് എന്നുള്ള കാര്യമാണ് ഈ ആയത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അങ്ങിനെ മുൻകഴിഞ്ഞ ഖലീഫമാരെ അപേക്ഷിച്ച് കൂടുതൽ നല്ല നിലയിൽ റസൂൽ കരീം(സ) യുടെ ഖലീഫമാർ ഈ ലക്ഷ്യം പൂർത്തിയാക്കുകയുണ്ടായി. കൂടാതെ ഹദ്റത്ത് മൂസ (അ) ക്കു ശേഷം 1300 വർഷങ്ങൾ കഴിഞ്ഞ് മസീഹ് നാസ്വിരിയെ അല്ലാഹു അയച്ചതുപോലെ- അദ്ദേഹം മൂസവീ ശരീഅത്തിന്റെ സേവകനായ, അദ്ദേഹത്തെ പിൻപറ്റിക്കൊണ്ടുള്ള പ്രവാചകനായിരുന്നു- മുഹമ്മദ് റസൂലുല്ലാഹ് (സ) ക്ക് 1300 വർഷങ്ങൾക്കുശേഷം അല്ലാഹു മസീഹ് മൗഊദ് (അ)നെ അയയ്ക്കുകയും അതിലൂടെ റസൂൽ കരീം (സ)യുടെ സ്ഥാനമഹത്വത്തിനനുസ്യദമായ രീതിയിലുള്ള ഉമ്മത്തീനുബുവ്വത്തിനെ പിൻതുടർന്നുകൊണ്ടുള്ള നുബുവ്വത്തിനായി കവാടങ്ങൾ തുറക്കപ്പെടുയും ചെയ്തു. പിന്നീട് അദ്ദേഹം മുഖേന അദ്ദേഹത്തെ പിൻപറ്റുന്നവരിൽ ഖിലാഫത്ത് നിലനിർത്തുകയും ചെയ്തു. ആയതുകൊണ്ട് ഈ ഖിലാഫത്തു പരമ്പര ഹദ്റത്ത് മസീഹ് മൗഊദ്(അ) നു ശേഷം ആരംഭിച്ച് രണ്ടാം ഖിലാഫത്തുവരെ എത്തി .... .... ...അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തിലുള്ള വിശ്വാസത്തിൽ നിലനിൽക്കുകയും അതിന്റെ നിലനിൽപ്പിനായി ശരിയായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ഖിലാഫത്ത് പരമ്പര ഖിയാമത്തു വരെ നിലനിൽക്കുന്നതാണെന്നും ഒരു ദുഷ്കർമിക്കും ഇതിൽ തടസ്സം സൃഷ്ടിക്കാൻ സാധ്യമാകുന്നതല്ല എന്നും ഞാൻ മനസ്സിലാക്കുന്നു.

മുസ്‌ലിംകളോട് ഖിലാഫത്തിന്റെ വാഗ്ദാനമുണ്ടായിരുന്നുവെങ്കിൽ ഹദ്റത്ത് അലി (റ) നു ശേഷം ഖിലാഫത്ത് എന്തുകൊണ്ട് നിലച്ചുപോയി എന്നൊരാക്ഷേപം ഉന്നയിക്കപ്പെടാറുണ്ട്. ഈ വാഗ്ദാനം സോപാധികമായിരുന്നു എന്നതാണ് അതിനുള്ള മറുപടി. ഈ വാഗ്ദാനം ഖിലാഫത്തിൽ വിശ്വസിക്കുന്നവർക്കും ഖിലാഫത്ത് കരസ്ഥമാക്കുവാനായി ഉചിതമായ രീതിയിൽ സാമുദായിക പ്രവർത്തനങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നവർക്കുമുള്ളതായിരുന്നു എന്നാണ് ആയത്തുകൾ വ്യക്തമാക്കുന്നത്. എന്തെന്നാൽ ഇവിടെ - *ആമനൂ വഅമിലു സ്വാലിഹാത്ത്*- എന്നീ പദങ്ങളാണുള്ളത്, സലുഹ എന്നതിന് അറബി ഭാഷയിൽ സാഹചര്യങ്ങൾക്കനുയോജ്യമായ കർമ്മങ്ങൾക്കാണു പറയുക. ഈ ആയത്തിൽ ഖിലാഫത്തിനെക്കുറിച്ചുള്ള പ്രതിപാദ്യമായതിനാൽ ആമനൂ എന്നതുകൊണ്ട് ആമനൂ ബിൽ ഖിലാഫ എന്നും, അമിലുസ്സ്വാലിഹാത്ത് എന്നതുകൊണ്ട് *അമിലൂ അമലൻ മുനാസിബൻ ലി ഹുസൂലിൽ ഖിലാഫത്തി* എന്നുമാണ് ഉദ്ദേശ്യം. ഈ നിബന്ധന പൂർത്തിയാകുന്നില്ലെങ്കിൽ അല്ലാഹുവിന്റെ വാഗ്ദാനവും പൂർത്തിയാകുകയില്ല. ഹദ്റത്ത് അലി (റ)ന് ശേഷം ഖിലാഫത്ത് എന്ന പദം മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. പ്രത്യക്ഷത്തിൽ രാജവാഴ്ച നിലനിന്നുരുന്നുവെങ്കിലും ഖിലാഫത്തിന്റെ നിബന്ധനയായ ദീനീപ്രബോധനവും ഇസ്‌ലാമിക പ്രബോധനവും നിലച്ചുപോയിരുന്നു. അതുകൊണ്ട്, നിബന്ധനകൾ ഇല്ലാതായപ്പോൾ ഉപാധി വെക്കപ്പെട്ടതും ഇല്ലാതായി. അല്ലാഹുവിന്റെ വാഗ്ദാനവും നീങ്ങിപ്പോയി.

അല്ലാഹു പറയുന്നു, *ലയസ്തഖ്ലിഫന്നഹും* അവൻ അവരെ ഖലീഫമാരാക്കുന്നതാണ്. അതുകൊണ്ട് ഖലീഫമാരുടെ തിരഞ്ഞെടുപ്പ് സത്യവിശ്വാസികൾ മുഖേനയായിരിക്കും ഉണ്ടാകുക. എന്നാൽ അല്ലാഹുവിന്റെ ഇൽഹാം അവരുടെ ഹൃദയങ്ങളെ അതിനർഹതപ്പെട്ടയാ ളിലേക്കു തിരിക്കുന്നു. എന്നിട്ട് അല്ലാഹു പറയുന്നു, ഇങ്ങിനെയുള്ള ഖലീഫമാരിൽ ഞാൻ ഇന്നയിന്ന സവിശേഷതകൾ ജനിപ്പിക്കുകയും ചെയ്യുന്നു. അങ്ങിനെ ഈ ഖലീഫമാർ അല്ലാഹുവിന്റെ അനുഗ്രഹമായിരിക്കും.............ഇങ്ങിനെയുള്ള വ്യക്തിയെ മുസ്‌ലിം സമുദായത്തിന് നീക്കം ചെയ്യുവാൻ സാധിക്കുകയില്ലാ എന്നത് വ്യക്തമാണ്. ശയ്ത്വാന്റെ ചേലകൾക്കേ ഇങ്ങിനെയുള്ള വ്യക്തിയെ നീക്കം ചെയ്യാനാകുമെന്നു വാദിക്കാൻ സാധിക്കൂ. ........ .... ....... ഇതിലേക്കു സൂചന നൽകിക്കൊണ്ടു അല്ലാഹു പറയുന്നു, *മൻ കഫറ ബഅ്ദ ദാലിക്ക ഫഉലാഇക്ക ഹുമുൽ ഫാസിഖൂൻ.* തിരഞ്ഞെടുപ്പിന്റെ സമയത്ത് ഉമ്മത്തിന് നാം അധികാരം നൽകിയിരുന്നു എന്നാൽ നാം ഈ തിരഞ്ഞെടുപ്പിൽ ഉമ്മത്തിനെ വഴി കാണിക്കുകയും ആ വ്യക്തിയെ സ്വന്തമാക്കുകയും ചെയ്തിരിക്കയാൽ അതിനുശേഷം ഉമ്മത്തിന് ഒരു അധികാരവും അവശേഷിക്കുന്നില്ല. എന്നിട്ടും ആരാണോ തന്നിഷ്ടം പ്രകടിപ്പിക്കാൻ ശ്രമിക്കുന്നത്, അവൻ ഖലീഫയോട് ഏറ്റുമുട്ടുകയല്ല ചെയ്യുന്നത് മറിച്ച് നമ്മുടെ അനുഗ്രഹത്തെ അവമതിക്കുകയാണ് ചെയ്യുന്നത് എന്ന് ഓർത്തുകൊള്ളട്ടെ.

തുടർന്ന് പറയുന്നു, *വ അഖീമുസ്സ്വലാത്ത വ ആത്തുസ്സകാത്ത വ അത്വീഉർറസൂല ലഅല്ലക്കും തുർഹമൂൻ.* ഈ ആയത്തിൽ- *വമൻ കഫറ ബഅ്ദ ദാലിക്കഫ ഉലാഇക്ക ഹുമുൽ ഫാസിഖൂൻ* എന്നതിനു തൊട്ടുതന്നെ നമസ്കാരത്തെക്കുറിച്ചും സക്കാത്തിനെക്കുറിച്ചും റസൂൽ (സ) നെ അനുസരി ക്കുന്നതിനെക്കുറിച്ചും പ്രതിപാദിച്ചുകൊണ്ട് ശ്രദ്ധ ക്ഷണിക്കുന്നത്, ഖിലാഫത്തിന്റെ അനുഗ്രഹം ഇറങ്ങുന്നതിൽ ഏതെങ്കിലും സമയത്ത് കുറവ് സംഭവിക്കുകയാണെങ്കിൽ മുസ്‌ലിംകൾ ഒരു സമുദായമെന്ന നിലയ്ക്ക് നമ സ്കാരത്തിൽ വ്യാപൃതരാവുകയും സക്കാത്ത് കൊടുക്കുന്നതിൽ ഉണർവ്വ് കാണിക്കുകയും റസൂൽകരീം (സ) യെ പൂർണ്ണമായും അനുസരിക്കുകയും ചെയ്യേണ്ടതാകുന്നു. അവർ അങ്ങിനെ ചെയ്യുകയാണെങ്കിൽ അവരിൽ കരുണ ചെയ്യപ്പെടുന്നതും എല്ലാ മുസ്‌ലിംകളെയും ഒന്നിപ്പിക്കുന്ന, റസൂൽ കരീം (സ) ന്റെ ഏതെങ്കിലുമൊരു ദാസനെ എഴുന്നേൽപിക്കുന്നതാണ്. എന്നാൽ ഖിലാഫത്തു നിഷേധികൾ ഒരവസ്ഥയിലും ഭൂമിയിൽ വിജയികളാകുകയില്ല മറിച്ച്, ഖിലാഫത്തിൽ വിശ്വസിക്കുന്ന അളുകളെ അല്ലാഹു എഴുന്നേൽപിച്ചുകൊണ്ടിരിക്കുന്നതാണ്.

(തഫ്സീറെ കബീർ. വാ.6 പേ.389 - 392)
വിവ. കെ നജ്മുദ്ദീൻ മുറിയക്കണ്ണി)

ചരിത്രം

പ്രൊഫസർ മൗലാനാ ഹാദി അലി ചൗധരി– കനഡാ



# ഇസ്‌ലാമിക ഖിലാഫത്തിന്റെ ആരംഭം

ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ വഫാത്തിനെ തുടർന്ന് ഹദ്റത്ത് അബുബക്കർ (റ) ഒന്നാമത്തെ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഖിലാഫത്തിനെക്കുറിച്ച് ഹദ്റത്ത് ആയിശ (റ) പറയുന്നു.

നബി (സ) വഫാത്തായപ്പോൾ എന്റെ പിതാവ് തിരുനബിയുടെ പ്രതിനിധിയാക്കപ്പെട്ടു. അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒരു പർവ്വതത്തിന് മുകളിലാണ് വന്ന് വീണിരുന്നതെങ്കിൽ അത് തവിടുപൊടിയാകുമായിരുന്നു.

*(ഇസാലത്തുൽ ഖുലഫാഅ് ഹദ്റത്ത് ശാഹ് വലിയുല്ലാഹ് ദഹ്‌ലവി)*

**ഇബ്നു ഖുൽദൂൻ എഴുതുന്നു**

മുസ്‌ലിംകൾ തിരുനബി (സ) യുടെ വഫാത്തിനെ തുടർന്ന് അനുയായികളുടെ കുറവും എതിരാളികളുടെ ആധിക്യവും കാരണം മഴയുള്ള തണുത്ത രാത്രിയിൽ ഒറ്റപ്പെട്ട ആട്ടിൻ കുട്ടിയെ പോലെയായിരുന്നു

(ഇബ്നു ഖുൽദൂൻ ഭാഗം.2 പേജ് 65)

**അൻസാറും മുഹാജിറും**

ഇസ്‌ലാമിക ഖലീഫ തങ്ങളിൽ നിന്ന് ആകണമെന്നും കുറഞ്ഞപക്ഷം, രണ്ട് പേർക്കും ഓരോ അമീർ ആകാമെന്നും അൻസാറുകളിലെ (മദീനക്കാരായ മുസ്‌ലിംകൾ) ചിലർ അഭിപ്രായപ്പെട്ടു.

ആ സമയത്ത് ഹദ്റത്ത് ബശീർ ബിന്ത് സഅദ് (റ) അൻസാരികളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു. അൻസാർ സഹോദരൻമാരെ അല്ലാഹുവാണെ സത്യം മുശ്‌രികീങ്ങളെ നേരിട്ടുള്ള ജിഹാദിൽ മുഹാജിറുകളെക്കാൻ നാം മുൻപിലാണ്. ഇത് നാം ദൈവപ്രീതിക്ക് തിരുനബിയെ അനുസരിച്ചുകൊണ്ടും നമ്മളുടെ ശുദ്ധിക്കും വേണ്ടി മാത്രമാണ് ചെയ്തത്. അതുകൊണ്ട് തന്നെ മിഥ്യാഭിമാനവും സംശയകരമായ രീതിയിലും പെരുമാറുന്നത് നമുക്ക് ഭൂഷണമല്ല. ദീനീ സേവനത്തിനുള്ള പ്രതിഫലത്തിന് ഭൗതികതയുടെ മണം ഉണ്ടാകരുത്. നമുക്ക് പ്രതിഫലം അല്ലാഹുവിന്റെ പക്കലാണ്. അത് നമുക്ക് മതിയാകേണ്ടതുമാണ്.

നബി (സ) ഖുറൈശികളിൽ പെട്ട ആളായിരുന്നു. അവർ തന്നെയാണ് ആ (ഖിലാഫത്തിനും) അർഹരായിട്ടുള്ളവർ. അവസാനമായി ശണ്ഠ കൂടാൻ …………നിമിത്തമാക്കാതിരിക്കട്ടെ. അൻസാരികളേ, അല്ലാഹുവിനെ സൂക്ഷിക്കുക മുഹാജിരീങ്ങളുമായി ഭിന്നിക്കരുത്.

ഈ സന്ദർഭത്തിൽ ഹദ്റത്ത് അബൂബക്കർ (റ) ഹദ്റത്ത് ഉമർ (റ), ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് അബൂ ഉബൈയ്ദുബിൻ ജർറാന് (റ) ന്റെയും കൈപിടിച്ച് അൻസാറുകളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു.

നിങ്ങൾ പറഞ്ഞ ഈ എല്ലാ നന്മകളും തീർച്ചയായും നിങ്ങൾക്കാണുള്ളത്. ചില അറബികൾ ഖുറൈശികൾക്ക് ഉന്നതകുല മഹിമയുള്ളതുകൊണ്ട് മറ്റാരുടേയും നേതൃത്വം അംഗീകരിക്കുകയില്ല.

തുടർന്ന് ഉമർ (റ) നെയും ഹദ്റത്ത് സെയ്ദ് (റ) നേയും നോക്കിക്കൊണ്ട് പറഞ്ഞു. ഞാൻ ആഗ്രഹിക്കുന്നത്, നിങ്ങൾ ഇവരിൽ ആർക്കെങ്കിലും ബൈഅത്ത് ചെയ്യണമെന്നാണ്. ഞങ്ങൾ ഇത് നിർദ്ദേശിച്ചതു കാരണം എന്റെ ശിരസ്സ് അക്രമിക്കപ്പെട്ടാലും ഞാനത് ഗൗനിക്കുന്നില്ല.

അബൂബക്കർ (റ) ന്റെ വഫാത്തിന് ശേഷം മറ്റൊരു അൻസാരിയായി ഹദ്റത്ത് ഹബ്ബാസ്ബ്നു മൻദർ (റ) എഴുന്നേറ്റു വീണ്ടും പറഞ്ഞത് രണ്ട് കൂട്ടർക്ക് വെവ്വേറെ അമീർ ആകാമെന്നാണ്.

വീണ്ടും സംഗതി സങ്കീർണ്ണമാകുന്നതു കണ്ടപ്പോൾ ഹദ്റത്ത് ഉമർ (റ) അദ്ദേഹത്തോട് അബൂബക്കർ (റ) ന്റെ മഹത്വത്തേയും നബി (സ) തന്റെ അഭാവത്തിൽ നമസ്ക്കരിക്കാൻ അദ്ദേഹത്തെ ഏൽപ്പിച്ചതും ഓർമ്മപ്പെടുത്തിയെങ്കിലും അദ്ദേഹം വഴങ്ങുന്നുണ്ടായിരുന്നില്ല.

ഉമർ (റ) ചോദിച്ചു. അബൂബക്കർ (റ) നെ നബി (സ) ഇമാമാക്കിയിരിക്കെ അദ്ദേഹത്തെക്കാളും മുൻപിൽ നിൽക്കാൻ നിങ്ങൾ ആഗ്രഹിക്കുകയാണോ.

ഹബ്ബാസ് (റ) പറഞ്ഞു. തീർച്ചയായും അക്കാര്യത്തിൽ ഞാൻ അല്ലാഹുവിനെ ശരണം പ്രാപിക്കണം.

തുടർന്ന് ഉമർ (റ) അബൂബക്കർ (റ) നെ വിളിച്ചുകൊണ്ട് പറഞ്ഞു.

***ഉബ്സുത്ത് യദക്ക യാ അബൂബക്കർ***

അബൂബക്കർ താങ്കൾ കൈ നീട്ടിയാലും, അങ്ങിനെ ഹദ്റത്ത് ഉമർ (റ) അബൂബക്കർ (റ) ന്റെ കൈപിടിച്ച് ബൈഅത്ത് ചെയ്തു.

തുടർന്ന് പറഞ്ഞു.

അങ്ങയോട് നബി(സ) നമസ്ക്കാരത്തിൽ ഇമാമത്തിന് കൽപിച്ചതാണ്. താങ്കൾ തന്നെയാണ് ഖലീഫത്തുല്ലാഹ്. ഞങ്ങൾ താങ്കൾക്ക് ബൈഅത്ത് ചെയ്യാനുള്ള കാരണം താങ്കൾ അല്ലാഹുവിന്റെ റസൂലിന് ഞങ്ങളേക്കാളെല്ലാം പ്രിയങ്കരനായിരുന്നതിനാലാണ്.

തിരുനബി(സ) ന്റെ വഫാത്തിന്റെ ദിവസം അതായത് AD 632 മെയ് 26 ( ഹിജ്റ 11, റബീഉൽ അവ്വൽ 1 നായിരുന്നു ഈ ഖിലാഫത്ത് സ്ഥാപിതമായത്. ഹദ്റത്ത് അബൂബക്കറിനെതുടർന്ന് ഹദ്റത്ത് ഉബയ്യ്ബ്നു ജർറാഹ് (റ), അൻസാറുകളിൽ നിന്ന് ഹദ്റത്ത് ബശീർ ബിൻ സഅദ് (റ) ഹദ്റത്ത് സൈദ് ബിനു സാബിത്ത് എന്നിവരും യഥാക്രമം ബൈഅത്ത് ചെയ്തു. തുടർന്ന് മറ്റെല്ലാവരും ഹദ്റത്ത് അബൂബക്കർ(റ)ന് ബൈഅത്ത് ചെയ്യുകയുണ്ടായി. ഇത് ചരിത്രത്തിൽ ബൈഅത്തെ സഖീഫ, ബൈഅത്തെ ഖാസ്സ എന്നീ പേരുകളിൽ പ്രസിദ്ധമാണ്.

## ഖുലഫാഉർ റാശിദീൻ

**നബി(സ)ന്റെ വിയോഗത്തെ തുടർന്ന് ഖുലഫാഉർറാശിദീനാണ് ഒന്നിനു പിറകെ മറ്റൊന്നായി മുസ്‌ലിംകൾക്ക് നേതൃത്വം നൽകിയത്.**

| | |
|---|---|
| 1. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) | – 632–634 |
| 2. ഹദ്റത്ത് ഉമർ (റ) | – 634–644 |
| 3. ഹദ്റത്ത് ഉസ്മാൻ (റ) | – 644–655 |
| 4. ഹദ്റത്ത് അലി (റ) | – 655–660 |




# ഖിലാഫത്തുൻ അലാ മിൻ ഹാജിന്നുബുവ്വ:

ഹദ്റത്ത് അബ്ദുർറഹ്മാനിബ്നു ഉമർ സുല മിയ്യ് നിവേദനം ചെയ്യുന്നു. അദ്ദേഹം അർബാസ് (റ) ഇബ്നു സാരിയ്യഹ് യെ ഇങ്ങനെ പറഞ്ഞതായി കേട്ടു, ഒരിക്കൽ നബി തിരുമേനി (സ) ഞങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തുന്ന തരത്തിൽ ഉപദേശിക്കുക യുണ്ടായി. അതുകാരണം കണ്ണുനീർ ഒഴുകാൻ തുടങ്ങി. ഹൃദയം പരിഭ്രമിക്കുവാൻ തുടങ്ങി. ഞങ്ങൾ ചോദിച്ചു, അല്ലാഹുവിന്റെ ദൂതരെ! ഇതൊരു വിടവാങ്ങൽ ഉപദേശം പോലെ തോന്നുന്നല്ലോ? (അന്നേരം) നബി (സ) ഞങ്ങൾക്ക് എന്താണ് ഉപദേശിച്ചത്? അവിടുന്ന് പറഞ്ഞു, ഞാൻ നിങ്ങളെ ഒരു പ്രകാശിതവും തിളങ്ങുന്നതുമായ (പാതയിൽ) ആക്കി പോകുകയാണ് അതിന്റെ രാത്രിയും അതിന്റെ പകലിനെ പോലെയാണ്. എനിക്കു ശേഷം നശിക്കാനുള്ളവരൊഴികെ അതിൽ നിന്ന് ആരും തന്നെ വഴിതെറ്റുന്നതല്ല. നിങ്ങളിൽ നിന്ന് ജീവിച്ചിരിക്കുന്നവർ വലിയ ഭിന്നതകൾ കാണുന്നതാണ്. അതിനാൽ നിങ്ങൾ എന്റെ സുപരിചിതമായ സുന്നത്തിനേയും സച്ചരിതരായ നേർമാർഗം കരസ്ഥമാക്കിയ ഖലീഫമാരുടെ സുന്നത്തനുസരിച്ച് ജീവിക്കേണ്ടതാണ്. ഒരു കറുത്തവർഗക്കാരനായ അടിമയാണ് (നിങ്ങളുടെ ഇമാമെങ്കിൽ പോലും) നിങ്ങൾ അനുസരണത്തെ മുറുകെ പിടിക്കണം. അതിനെ പല്ലു കൊണ്ട് ശക്തമായി പിടിച്ചുകൊണ്ടിരിക്കണം. വിശ്വാസിയുടെ ഉപമ മൂക്കുകയറിട്ട ഒട്ടകത്തെ പോലെയാണ്. അതിനെ എങ്ങോട്ട് നയിച്ചാലും അത് പോകുന്നു.

*(മുസ്നദ് അഹ്മദ് വാല്യം 4, പേജ് 126, അബൂദാവൂദ് കിതാബുസ്സുന്നത്ത്)*

ഹദ്റത്ത് അർബാസ് (റ) ഇബ്നു സാരിയ്യഹ് നിവേദനം ചെയ്യുന്നു. ഒരു ദിവസം നബി തിരുമേനി (സ) ഞങ്ങളെ സുബഹി നമസ്കരിപ്പിച്ചു. പിന്നീട് ഞങ്ങളുടെ നേരെ തിരിഞ്ഞു. വളരെ പ്രഭാവം ചെലുത്തുന്നതായ ഒരുപദേശം നൽകി. അത് കേട്ടപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകി. ഹൃദയം അതിൽ നിന്ന് ഭയപ്പെടാൻ തുടങ്ങി. ആരോ ചോദിച്ചു, അല്ലാഹുവിന്റെ ദൂതരെ (സ) ഇത് വിടപറയുന്ന ഉപദേശമായി തോന്നുന്നല്ലോ? നബി (സ) പറഞ്ഞു, ഞാൻ നിങ്ങളെ അല്ലാഹുവിന്റെ ഭയഭക്തിയും അനുസരണവും കൈക്കൊള്ളുന്നതിനായി ഉപദേശിക്കുന്നു. ഒരു കറുത്തവർഗക്കാരനായ അടിമയാണെങ്കിലും ശരി. എനിക്ക് ശേഷം നിങ്ങളിൽ നിന്ന് ജീവിച്ചിരിക്കുന്നവർ ഭിന്നതയെ കാണുന്നതാണ്. അപ്പോൾ നിങ്ങൾ എന്റെ സുന്നത്തിനേയും സച്ചരിതരായ നേർമാർഗം സിദ്ധിച്ച ഖലീഫമാരുടേയും സുന്നത്തിനെ മുറുകെ പിടിക്കുക. പല്ല് കൊണ്ട് ഏതെങ്കിലും വസ്തുവിനെ മുറുകെ പിടിക്കുന്നതു പോലെ. പുതിയ കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുക. പുതിയ കാര്യങ്ങൾ ബിദ്അത്താകുന്നു. എല്ലാ ബിദ്അത്തും വഴികേടാകുന്നു.

*(മുസ്നദ് അഹ്മദ് വാല്യം 4, പേജ് 127)*

ഹദ്റത്ത് ഹുദൈഫ (റ) നിവേദനം ചെയ്യുന്നു. ജനങ്ങൾ നബി തിരുമേനി (സ) യോട് നന്മയെ കുറിച്ച് ചോദിക്കാറുണ്ടായിരുന്നു. ഞാൻ അധികവും മറഞ്ഞ കാര്യങ്ങളെ കുറിച്ചാണ് ചോദിക്കാറുണ്ടായിരുന്നത്. അദ്ദേഹം പറയുന്നു. ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ ദൂതരെ! അല്ലാഹു ഞങ്ങൾക്ക് നൽകിയിരിക്കുന്ന ഈ അനുഗ്രഹങ്ങൾക്കു ശേഷം മുൻപു സംഭവിച്ചതു പോലെ അക്രമം ഉടലെടുക്കുമോ? നബി (സ) പറഞ്ഞു, അതെ. ഞാൻ ചോദിച്ചു, പിന്നെന്തുണ്ടാകും? അവിടുന്ന് പറഞ്ഞു, പിന്നീട് കലഹങ്ങൾ ഉടലെടുക്കും. കക്ഷി പ്രതികക്ഷികളായി പിരിയും. അപ്പോൾ അല്ലാഹുവിന്റെ ഖലീഫ ഭൂമിയിലെവിടെയെങ്കിലും ഉണ്ടെങ്കിൽ നിന്റെ എല്ലാം തന്നെ കവർന്നെടുക്കപ്പെട്ടാലും നീ അദ്ദേഹത്തെ അനുസരിക്കണം. ഇനി ആരെയും കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ വൃക്ഷത്തിന്റെ വേരിൽ അള്ളിപ്പിടിച്ച് മരിച്ചാലും ശരി. (അതായത് എപ്പോഴും അവരിൽ നിന്ന് അകന്നു നിൽക്കണം)

*(മുസ്തദ്റക്ക് ഇമാം ഹാകിം, കിതാബുൽ ഫിതൻ, വാല്യം 4, പേജ് 432-433)*

ഹദ്റത്ത് ഹുദൈഫ (റ) നിവേദനം ചെയ്യുന്നു. റസൂൽ തിരുമേനി (സ) പറഞ്ഞു, നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നത് വരെ ഖിലാഫത്ത് നിലനിൽക്കുന്നതാണ്. പിന്നീട് അതിനെ എടുത്തു കളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവൻ ഇച്ഛിക്കുന്നത് വരെ അത് നിലനിൽക്കും. പിന്നീട് അതിനെ എടുത്തു കളയും. പിന്നീട് പരുക്കൻ ഭരണകൂടങ്ങൾ വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. അതിന് ശേഷം അത് എടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തു കളയും. അതിനു ശേഷം നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. ഇതിനു ശേഷം നബി തിരുമേനി (സ) മൗനമവലംബിച്ചു.

*(മുസ്നദ് അഹ്മദ് വാല്യം 5, പേജ് 341-342, മിശ്കാത്തുൽ മസാബീഹ് ഹദീസ് നമ്പർ 17939)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

## ഖിലാഫത്തിന്റെ പുനരുദയം

നബിതിരുമേനി(സ)ന്റെ പ്രവചനമനുസരിച്ച് നിശ്ചിത സമയത്തുതന്നെ വാഗ്ദത്ത മഹ്ദി മസീഹായി ഹദ്റത്ത് അഹ്മദ്(അ) ആഗതരായി.

1908 മെയ് 26-ന് ആ മഹാത്മാവിന്റെ വേർപാടിനെ തുടർന്ന് തിരുനബി(സ)ന്റെ പ്രവചന പ്രകാരം ഖിലാഫത്തുൻ അലാ മിൻ ഹജുന്നുബുവ്വ (നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത്) സ്ഥാപിക്കപ്പെട്ടു.

**1. ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) (1908-1914)**
**2. ഹദ്റത്ത് അൽഹാജ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) (1914-1965)**
**3. ഹദ്റത്ത് ഹാഫിള് മിർസാ നാസിർ അഹ്മദ് (റഹ്) (1965-1982)**
**4. ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) (1982-2003)**
**5. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) 2003**

# അൽഹഖ്

വാർത്താപത്രിക

2012 മേയ്

പുസ്തകം 20 ലക്കം 5


യുഗനാദം

ഹദ്റത് അഹ്മദ്(അ)



# ഖിലാഫത്ത് ഒരനുഗ്രഹം

ഇന്നേക്ക് 104 വർഷങ്ങൾക്കു മുമ്പ് വാഗ്ദത്ത മഹ്ദീ മസീഹിന്റെ വഫാത്തിന് ശേഷം ഖിയാമത്ത് നാൾ വരേക്കും നിലനിൽക്കുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ആ നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിച്ചു കൊണ്ട് അല്ലാഹു നമ്മിൽ ഔദാര്യം കാണിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്. വിശ്വാസത്തിന്റേയും സൽകർമത്തിന്റയും പാതയിൽ നിന്ന് വ്യതിചലിക്കുവാൻ തുടങ്ങിയപ്പോൾ ഇസ്‌ലാമിന് കൈവിട്ടുപോയ ദൈവിക പാശമാണ് 1400 വർഷങ്ങൾക്കു ശേഷം സ്ഥാപിതമായത്. ഇസ്‌ലാമിന്റെ ജീവനാഡി യഥാർത്ഥ ഖിലാഫത്തായിരുന്നു എന്നത് പ്രാരംഭകാല ചരിത്രം വിളിച്ചോതുന്നു. നബിതിരുമേനി (സ) യുടെ വഫാത്തിൽ അസ്വസ്ഥചിത്തരായി ഭ്രാന്തന്മാരെ പോലെ ആയിത്തീർന്ന സമുദായത്തെ ഖിലാഫത്തിന്റെ അനുഗ്രഹീത നേതൃത്വത്തിൻ കീഴിൽ കൊണ്ടു വന്ന് ഐക്യത്തിന്റേയും അനുസരണത്തിന്റേയും ഉദാത്ത മാതൃക കാണിച്ചു കൊണ്ട് ഇസ്‌ലാമിന്റെ പതാകയേന്തി ലോകത്തിന്റെ കോണുകളോളം എത്തിച്ചേരുകയുണ്ടായി. എന്നാൽ പതുക്കെ പതുക്കെ ഭൗതികതയിലേക്ക് ചായാൻ തുടങ്ങിയ സമുദായത്തിന് ഈ അനുഗ്രഹം നഷ്ടമായി. അന്നു മുതൽ ഇസ്‌ലാമിന്റെ ശോചനീയതയ്ക്ക് ആരംഭമായി. എന്നാൽ വീണ്ടുമിതാ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നമ്മുടെ മേൽ അനുഗ്രഹം ചൊരിഞ്ഞിരിക്കുന്നു. വിവധ മുസ്‌ലിം മതനേതാക്കന്മാരും രാഷ്ട്രത്തലവന്മാരും ഭൗതിക മാധ്യമങ്ങളുടെ സഹായത്താൽ ഖിലാഫത്തിനെ പുനസ്ഥാപിക്കുവാൻ വളരെയേറെ പരിശ്രമിച്ചിട്ടും അതെല്ലാം തന്നെ നിഷ്ഫലമായിത്തീരുകയാണുണ്ടായത്.

യഥാർത്ഥ ഖിലാഫത്തിന്റെ മുൻകാല ചരിത്രത്തെ നാമെപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. പൂർവ്വികർക്ക് സംഭവിച്ച പാളിച്ചകൾ ഒരിക്കലും സംഭവിക്കാതിരിക്കാൻ അത് നമ്മെ സഹായിക്കുന്നതാണ്. ഖിയാമത്ത് നാൾ വരേക്കും നിലനിൽക്കുമെന്ന് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള ഈ ഖിലാഫത്തിൽ നിന്നും പ്രയോജനം ലഭിക്കണമെങ്കിൽ അതിന്റെ നിബന്ധനകളെ പൂർത്തിയാക്കേണ്ടിയിരിക്കുന്നു. വിശ്വാസികൾക്കും സൽക്കർമകാരികൾക്കുമാണ് ഖിലാഫത്തിന്റെ വാഗ്ദാനമുള്ളത്. കൂടാതെ യഥാർത്ഥ ഭയഭക്തിയോടെ പരിപൂർണ്ണ അനുസരണം പ്രകടിപ്പിച്ചുകൊണ്ട് ഐക്യത്തോടെ ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടതും അനിവാര്യമാണെന്ന് അല്ലാഹു നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈയൊരവസരത്തിൽ നാം സ്വയം നമ്മെ നിരീക്ഷണ വിധേയമാക്കി നമ്മുടെ നിലവാരം എന്താണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമുക്ക് ഖിലാഫത്താകുന്ന അനുഗ്രഹം ഉണ്ടെന്നും ഖലീഫയാണ് നമ്മെ നയിക്കുന്നതെന്നും നാം വാദിക്കുമ്പോൾ ആ വാദം വെറും അധരവ്യായാമമാണോ എന്നുള്ളതും പരിശോധിക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫയിൽ നിന്നും പുറപ്പെടുന്ന നിർദ്ദേശങ്ങളേയും ആഹ്വാനങ്ങളേയും നാം എത്ര കണ്ട് പ്രാവർത്തികമാക്കുന്നുണ്ടെന്ന് നോക്കുക. നമ്മുടെ ജീവിതത്തിൽ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹങ്ങളും ദർശിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അത് ചിന്താർഹമായ കാര്യമാണ്. നമ്മുടെ കർമ്മങ്ങളിലുള്ള ന്യൂനതയെയാണ് അത് ചൂണ്ടിക്കാണിക്കുന്നത്. അങ്ങിനെ നമ്മിലുള്ള കുറ്റങ്ങളെയും കുറവുകളെയും പരിഹരിച്ച് യഥാർത്ഥ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾക്ക് അർഹരാകുന്നതിന് നാം ശ്രമിക്കേണ്ടതാണ്. നമ്മുടെ വിജയവും നിലനിൽപും ഖിലാഫത്തുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അതുകൊണ്ട് ഖിലാഫത്തിനെ നിലനിർത്തുന്നതിനുള്ള എല്ലാ ത്യാഗങ്ങൾക്കും നാം സന്നദ്ധരാകേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് തന്നരുളുമാറാകട്ടെ- ആമീൻ

## ഖലീഫ എന്നതിന്റെ അർത്ഥം

ഖലീഫ എന്നതിന്റെ അർത്ഥം പ്രതിനിധി എന്നാകുന്നു.അദ്ദേഹം ദീനിനെ നവീകരിക്കുന്നു. പ്രവാചകന്മാരുടെ കാലശേഷം അന്ധകാരം വ്യാപിക്കുമ്പോൾ അതിനെ ദുരീകരിക്കുന്നതിനായി അവരുടെ സ്ഥാനത്ത് അവരോധിതരാകുന്നവരെയാണ് ഖലീഫ എന്നു പറയുന്നത്. (മൽഫൂസാത്ത് വാള്യം 4, പേജ് 383)

## ഖലീഫമാർ പ്രവാചകരുടെ പ്രതിരൂപം

പ്രതിനിധിയെയാണ് ഖലീഫ എന്നു പറയുന്നത്. പ്രവാചകരുടെ ഗുണവിശേഷങ്ങളുടെ പ്രതിരൂപത്തെ ഉൾക്കൊള്ളുന്നവരാണ് യഥാർത്ഥത്തിൽ പ്രവാചകന്മാരുടെ പ്രതിനിധികൾ. അതുകൊണ്ടു തന്നെയാണ് റസൂൽ തിരുമേനി (സ) നിഷ്ഠൂരരായ ചക്രവർത്തിമാരെ ഖലീഫ എന്ന് പറയാൻ ഇഷ്ടപ്പെടാതിരുന്നത്, കാരണം ഖലീഫ യഥാർത്ഥത്തിൽ പ്രവാചകരുടെ പ്രതിരൂപമാകുന്നു. (റൂഹാനി ഖസായിൻ വാള്യം 6, ശഹാദത്തുൽ ഖുർആൻ പേജ് 353)

## ഖലീഫയെ അല്ലാഹു തിരഞ്ഞെടുക്കുന്നു

സൂഫിയാക്കൾ എഴുതുന്നു, ഏത് വ്യക്തിയാണോ ഏതെങ്കിലും ശേഖിനോ, റസൂലിനോ, നബിക്കോ ശേഷം ഖലീഫയാകുക അല്ലാഹു ആദ്യം ആ വ്യക്തിയുടെ ഹൃദയത്തിൽ സത്യം ഇടുന്നു. റസൂലോ ശേഖോ വഫാത്താകുമ്പോൾ ലോകത്ത് ഒരു പ്രകമ്പനം ഉണ്ടാകുന്നു. വളരെയധികം അപകടകരമായ ഒരു ഘട്ടമാകുന്നു അത്. എന്നാൽ അല്ലാഹു ഏതെങ്കിലും ഖലീഫമാർ മുഖേന അതിനെ ഇല്ലാതാക്കുന്നു. പിന്നീട് ഇക്കാര്യത്തിൽ ആ ഖലീഫ മുഖേന സമുദ്ധാരണത്തിന്റേയും സുസ്ഥിരതയുടെയും ജോലി വീണ്ടും ആരംഭിക്കുന്നു. നബി തിരുമേനി (സ) തനിക്ക് ശേഷം ഖലീഫയെ നിശ്ചയിക്കാതിരുന്നത് എന്തുകൊണ്ടാണ്. അല്ലാഹു സ്വയം ഒരു ഖലീഫയെ നിയമിക്കുമെന്ന് നബി (സ)യ്ക്ക് നല്ലപോലെ അറിയുമായിരുന്നു. കാരണം ഇത് അല്ലാഹുവിന്റെ മാത്രം ജോലിയാണ്. അല്ലാഹുവിന്റെ തിരഞ്ഞെടുപ്പിൽ ന്യൂനത ഉണ്ടാവില്ല. അങ്ങിനെ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) നെ അല്ലാഹു ഖലീഫയാക്കി. ഏറ്റവും ആദ്യം സത്യം ഇറക്കിയതും അദ്ദേഹത്തിന്റെ ഹൃദയത്തിലാണ്. (മൽഫൂസാത്ത് വാള്യം 5, പേജ് 524-525)

## ഖലീഫയുടെ പദവി

പിന്നീട് പരിപൂർണ്ണ മനുഷ്യന് അല്ലാഹുവിൽ നിന്നും ഖിലാഫത്തിന്റെ സ്ഥാനം നൽകപ്പെടുന്നു. ഖിലാഫത്തിന്റെ സ്ഥാനത്തിനർഹനായിത്തീരുന്നതിനായി അദ്ദേഹത്തെ ദൈവിക സവിശേഷഗുണങ്ങളുടെ നിറത്താൽ വിഭൂഷിതനാക്കി മാറ്റുന്നു. പ്രതിരൂപം എന്ന നിലയിലാണ് ഇത് സംഭവിക്കുക. ശേഷം സൃഷ്ടികളെ ആത്മീയതയിലേക്ക് വലിച്ചടുപ്പിക്കുവാനും ഈ ഭൂമിയിലെ അന്ധകാരങ്ങളിൽ നിന്നും പുറത്തെടുത്ത് ആകാശീയ പ്രകാശത്തിലേക്ക് കൊണ്ടു പോകുന്നതിനുമായി അവരിലേക്ക് തിരിയുന്നു.......മുൻഗാമികളുടെ അറിവും, മുൻകടന്ന സാത്വികരുടേയും ചിന്തകന്മാരുടേയും ജ്ഞാനവും അവർക്ക് നൽകപ്പെടുന്നു. യഥാർത്ഥ പിൻഗാമിയുടെ സ്ഥാനത്തിന് അവർ അർഹരാകുന്നതാനായിട്ടാണിത്. പിന്നീട് സൃഷ്ടികളെ സന്മാർഗ പ്രകാശത്താൽ പ്രശോഭിതമാക്കുന്നതിന്നായി ആ ദാസൻ അല്ലാഹു ഇച്ഛിക്കുന്നത്രയും കാലം ഭൂമിയിൽ വസിക്കുന്നു. സൃഷ്ടികളെ തന്റെ നാഥന്റെ പ്രകാശത്താൽ പ്രശോഭിതരാക്കിക്കഴിഞ്ഞാൽ അല്ലെങ്കിൽ സന്ദേശപ്രചാരണത്തെ തന്റെ പ്രാപ്തിക്കനുസരിച്ച് പൂർത്തിയാക്കികഴിയുമ്പോൾ അദ്ദേഹത്തിന്റെ ജോലി പൂർണ്ണമാകുന്നു. അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തെ തിരിച്ച് വിളിക്കുന്നു. (ഖുത്വുബ ഇൽഹാമിയ്യ, പേജ് 38-40)

# പ്രവാചകന്മാരും ഖലീഫമാരും

മനുഷ്യകുലത്തെ നേർമാർഗത്തിലേക്ക് നയിക്കുന്നതിനായും അവർക്ക് തന്റെ സാമീപ്യത്തിനുള്ള മാർഗങ്ങൾ കാണിച്ചുകൊടുന്നതിനുമായിട്ടും തന്റെ സമീപസ്ഥരേയും ദൂതരേയും അയച്ചുകൊണ്ടിരിക്കുന്ന വ്യവസ്ഥിതി അതിസൂക്ഷ്മജ്ഞനായ അല്ലാഹു നിലനിർത്തി വരുന്നു. അവരിലൂടെ മനുഷ്യർക്കിടയിൽ ഐക്യവും, ഇണക്കവും, സാമൂഹിക പൊരുത്തവും, ഏകോപനവും, സമാധാനവും, സാമുദായിക ഐക്യത്തിനുമുള്ള വിത്ത് വിതക്കപ്പെടുന്നു. ഈ വിത്ത് ഖിലാഫത്തിലൂടെ അഭിവൃദ്ധി പ്രാപിക്കുകയും വലിയൊരു വൃക്ഷമായി പരിണമിക്കുകയും ചെയ്യുന്നു. പ്രവാചകന്മാരുടെ ഏതെങ്കിലും തരത്തിൽ അപൂർണ്ണമായ ജോലിയുടെ പൂർത്തീകരണത്തിനായിട്ടും, താൻ നട്ട തോട്ടത്തിന്റെ സേചനത്തിനായിട്ടും ഖിലാഫത്തിലൂടെ തന്റെ കഴിവ് വെളിപ്പെടുത്തുന്നു. അങ്ങിനെ അല്ലാഹുവിന്റെ മാർഗദർശനത്തിൽ വിശ്വാസികൾ തങ്ങളിൽ നിന്ന് ഒരു ദൈവദാസനെ തിരഞ്ഞെടുക്കുന്നു. അത് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ തിരഞ്ഞെടുപ്പാകുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ഈ ഖലീഫമാർ പ്രവാചകന്മാരുടെ പ്രസ്തുത നാല് അടിസ്ഥാന ജോലികളുടെ പൂർത്തീകരണത്തിനായി പരിപൂർണ്ണമായും മുഴുകുന്നു.

വിശുദ്ധഖുർആനിൽ അല്ലാഹു പ്രവാചകന്മാരുടെ നാല് അടിസ്ഥാന ജോലികളാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ ബീജാവാപം പ്രവാചകന്മാർ നിർവഹിക്കുന്നു. പിന്നീട് പ്രവാചകന്മാരുടെ വഫാത്തിന് ശേഷം അവരുടെ പരിശുദ്ധ ഖലീഫമാർ അതിനെ പൂർണ്ണതയിലെത്തിക്കുന്നു.

1. യത്‌ലൂ അലൈഹിം ആയാതിക്ക. ശരിയാംനിലയിൽ തബ്‌ലീഗ് ചെയ്യുക, ചെയ്യിപ്പിക്കുക, ഇസ്‌ലാമിന് പുറത്തുള്ള അന്യരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക, വിശ്വാസികളുടെ വിശ്വാസത്തേയും ആദർശങ്ങളേയും ശരിയാക്കുക.
2. യ്അല്ലിമുഹുമുൽ കിതാബ. ശരീഅത്ത് കടമകളെ കുറിച്ച് മുസ്‌ലിംകളെ ബോധവാന്മാരാക്കുക. അതിന്റെ അദ്ധ്യാപനങ്ങളിലും നിർദേശങ്ങളിലും പ്രവർത്തിക്കുന്നവരാക്കി മാറ്റുക.
3. വൽഹിക്മത. കർമ്മങ്ങളിൽ താൽപര്യവും ദൃഢതയും ജനിക്കുന്നതിനായി കടമകളുടേയും കല്പനകളുടേയും തത്വങ്ങളും പഠിപ്പിക്കുക.
4. വയുസക്കീഹിം. വിശ്വാസികളുടെ അത്മാക്കളെ വിശുദ്ധീകരിക്കുക. പാപങ്ങളെ വെറുക്കും വിധത്തിലുള്ള ആത്മാവ് തങ്ങളുടെ പരിശുദ്ധ സഹവാസത്തിലൂടെ ഉണ്ടാക്കിയെടുക്കുക. (സൂറത്തുൽ ബഖറ. 130)

കടമ നിർവഹണത്തിൽ യഥാർത്ഥത്തിൽ ഖിലാഫത്ത് നുബുവ്വത്തിന്റെ പൂരണമാകുന്നു. രണ്ടിനുമിടയിൽ ഒരു അടിസ്ഥാന വിത്യാസവുമുണ്ട്. പ്രവാചകന്മാർ വരുന്നത് എല്ലായിടത്തും അധർമ്മവും അക്രമവും അധികരിക്കുമ്പോഴാണ്. അന്നേരം മനുഷ്യന് നാശമല്ലാതെ മറ്റൊന്നുമില്ലെന്ന് തോന്നും. വിശുദ്ധഖുർആന്റെ വാക്കുകളിൽ ളഹറൽ ഫസാദു ഫിൽ ബർരി വൽ ബഹ്‌രി (അർറും, 42) എന്ന അവസ്ഥയായിരിക്കും. അതായത്, കരയിലും കടലിലും അധർമ്മം വ്യാപിച്ചു. അത്തരം സന്ദർഭത്തിൽ അല്ലാഹുവിന്റെ ആദ്യ ഖുദ്റത്തിന്റെ ദിവ്യ പ്രകടനം നുബുവ്വത്തിന്റെ രൂപത്തിൽ വെളിപ്പെടുന്നു. അതിനു വിപരീതമായി രണ്ടാമത്തെ ഖുദ്റത്തിന്റെ വെളിപ്പെടൽ ഖിലാഫത്തിന്റെ രൂപത്തിലാകുന്നു. നബിമാരിലൂടെ ബീജാവാപം മാത്രമേ നടത്തപ്പെടുന്നുള്ളു. അവരുടെ കൈകളാൽ ആ ലക്ഷ്യത്തിന്റെ പ്രാരംഭം കുറിക്കപ്പെടുക മാത്രമാണ് ചെയ്യുന്നത്. അവർ പോയ ശേഷം ഖിലാഫത്ത് നുബുവ്വത്തിന്റെ ഭാഗമായിക്കൊണ്ട് വെളിപ്പെടുന്നു. ഇത് അല്ലാഹുവിന്റെ സനാതന ചര്യയാകുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി പറയുന്നു, മാ കാനത് നുബുവ്വത്തൻ ഖത്ത്വു ഇല്ലാ തബിഅത്ത്ഹാ ഖിലാഫത്തുൻ.(കൻസുൽ ഉമ്മാൽ) എല്ലാ നുബുവ്വത്തിനു ശേഷവും നിർബന്ധമായും ഖിലാഫത്ത് നിലവിൽ വരുന്നു. അഥവാ നുബുവ്വത്തിന് ശേഷം ഖിലാഫത്തിന്റെ ശൃംഖല ഇല്ലെങ്കിൽ അത് അല്ലാഹുവിന്റെ ഒരു ന്യൂനതയാകും. കാരണം മനുഷ്യരുടെ നേർമാർഗത്തിനായി അവൻ ഒരു പദ്ധതി ആസൂത്രണം ചെയ്യുകയും അതനുസരിച്ച് പ്രവാചകനെ അയച്ചുകൊണ്ട് അതിന്റെ ബീജാവാപം നടത്തുകയും ചെയ്യുന്നു. എന്നാൽ ഈ പദ്ധതി പരിപൂർണ്ണതയിൽ എത്തുന്നതിനു മുന്നേ തന്നെ സ്വന്തം കൈകളാൽ നശിപ്പിക്കുന്നു. അതായത് അത് സമുദ്രത്തിന്റെ തിരമാലകളിൽ രൂപപ്പെട്ട കുമിളകളായിരുന്നു. അല്പ നേരത്തിനു ശേഷം അത് എന്നെന്നേക്കുമായി ഇല്ലാതായി. പ്രവാചകരുടേയും ഖലീഫമാരുടേയും തിരഞ്ഞെടുപ്പിൽ അടിസ്ഥാനപരമായ ഒരു വ്യതിരിക്തത ഉണ്ടാകാൻ കാരണമിതാണ്. നബിയെ അല്ലാഹു സ്വയം തിരഞ്ഞെടുക്കുന്നു. കാരണം തിരഞ്ഞെടുപ്പിനായി അന്ധകാരകാലഘട്ടത്തിൽ ഒരു ജമാഅത്തും ഉണ്ടാകില്ല. എന്നാൽ ഖലീഫയെ അല്ലാഹു വിശ്വാസികളുടെ ഒരു ജമാഅത്ത് മുഖാന്തിരം തിരഞ്ഞെടുക്കുന്നു. പ്രത്യക്ഷത്തിൽ വിശ്വാസികളാണ് തിരഞ്ഞെടുക്കുന്നതെങ്കിലും അതിനു പിന്നിൽ അല്ലാഹുവിന്റെ ഇച്ഛയും ആഗ്രഹവും ഉണ്ടാകുന്നു. ഇസ്തിഖ്‌ലാഫിന്റെ ആയത്തിൽ അല്ലാഹു പരാമർശിച്ച അടയാളങ്ങൾ മുഖേന യഥാർത്ഥ ഖലീഫയുടെ സ്ഥാനവും പദവിയും ലോകത്തിനു മുന്നിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു.

ഖിലാത്തിനൊപ്പം ഭരണം അനിവാര്യമാണോ?

മനുഷ്യകുലത്തിന്റെ നേർമാർഗത്തിനായിട്ടാണ് പ്രവാചകർ നിയോഗിതരാകുന്നത്. ഭൗതിക ഭരണം സ്ഥാപിക്കുക അവരുടെ യഥാർത്ഥ ഉദ്ദേശ്യമോ ലക്ഷ്യമോ ആയിരിക്കില്ല. അക്കാരണം കൊണ്ടു തന്നെ ധാരാളം പ്രവാചകന്മാർക്ക് അവരുടെ ജീവിതത്തിൽ ഭരണം ലഭിക്കുന്നില്ല. അതിനാൽ നുബുവ്വത്തിനോടൊപ്പം ഭരണം അനിവാര്യമല്ലാതിരിക്കെ ഖിലാഫത്തിനൊപ്പം ഭരണം അനിവാര്യമാക്കപ്പെടുന്നത് എന്തുകൊണ്ടാണ്? അല്ലാമ ഇബ്നു ഖുൽദൂൻ എഴുതുന്നു, ആദ്യത്തിൽ പല പ്രാവശ്യം ഖിലാഫത്ത് ഭരണാധികാരമില്ലാതെ വെളിപ്പെട്ടു. പിന്നീട് പല തവണ ഖിലാഫത്തും ഭരണവും ഒരുമിച്ച് കാണപ്പെട്ടു. പിന്നീട് ഭരണം വേർപെട്ട നിലയിൽ കാണപ്പെട്ടു.

(മുഖദ്ദമ ഇബ്നു ഖുൽദൂൻ പേജ്, 174)

ഹദ്റത്ത് ശാഹ് വലിയുല്ലാഹ് ദഹ്‌ലവി (റഹ്) നുബുവ്വത്തിനേയും ഖിലാഫത്തിനേയും ഭംഗിയായി വിശദീകരിച്ചുകൊണ്ട് പറയുന്നു, ലോകത്തെ സമുദ്ധരിക്കുകയും, അക്രമികളേയും നിഷേധികളേയും അധർമ്മത്തിൽ നിന്നു രക്ഷപ്പെടുത്തുകയും, പ്രവാചകന്മാരുടെ വാക്കുകളും കർമ്മങ്ങളും മുഖേന ശരീഅത്തിനെ നിലനാട്ടുകയും ചെയ്യുക എന്നതാണ് പ്രവാചകന്മാരിലൂടെ അല്ലാഹു ആഗ്രഹിക്കുന്നത്. ഖിലാഫത്തിലൂടെ അല്ലാഹു ആഗ്രഹിക്കുന്നത്, പ്രവാചകന്റെ സമുദായത്തിൽ നിന്ന് ഒരു വ്യക്തിയെ ഖലീഫയാക്കി അദ്ദേഹത്തിലൂടെ പ്രവാചകന്റെ പ്രവർത്തനങ്ങളെ പാരമ്യതയിൽ എത്തിക്കുക, പ്രവാചകരുടെ പ്രകാശത്തെ പ്രചരിപ്പിക്കുക, അദ്ദേഹം കൊണ്ടു വന്ന ദീനിനെ വിജയിപ്പിക്കുന്നതിനുള്ള പൂർണ്ണ ആവേശം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ജനിപ്പിക്കുക എന്നതാണ്. ഇത്തരത്തിലുള്ള ഖലീഫമാർ തങ്ങളുടെ ബുദ്ധിപരവും കർമ്മപരവുമായ കഴിവുകളിൽ പ്രവാചകരുടെ വ്യക്തിത്വവുമായി സാദൃശ്യം പുലർത്തുന്നു. അവർക്ക് വെളിപാടുകൾ ഉണ്ടാകുന്നു. അവരുടെ ദീർഘവീക്ഷണം ദൈവീക വെളിപാടുകൾക്കനുഗുണമാകുന്നു. അവരുടെ ആത്മീയ പാരമ്യതയിലേക്ക് വിവിധ അൽഭുത ദൃഷ്ടാന്തങ്ങളും ആത്മീയ അനുഗ്രഹങ്ങളും സൂചന നൽകുന്നു. ഖലീഫ തന്റെ ഔപചാരിക രൂപത്തിൽ പ്രവാചകന് അനുഗുണനാകേണ്ടത് അനിവാര്യമാണ്. നബി ചക്രവർത്തിയാണെങ്കിൽ അദ്ദേഹത്തിന്റെ ഖലീഫയും ചക്രവർത്തിയാകേണ്ടതാണ്. അഥവാ നബി ഭൗതീക ഭരണമില്ലാത്ത ലളിതവും ത്യാഗത്തിന്റെ നിറകുടവുമായിട്ടാണ് വെളിപ്പെടുന്നതെങ്കിൽ ഖലീഫയും അതേ നിലയിൽ ആയിരിക്കും....... ചിലപ്പോൾ നബി ചക്രവർത്തിയായി വെളിപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് ദാവൂദ് (അ) ഉം ഹദ്റത്ത് സുലൈമാൻ (അ) ഉം അത്തരം പ്രവാചകന്മാരാണ്. ചില പ്രവാചകർ കേവലം ദൈവീക ജ്ഞാനത്താൽ വിഭൂഷിതരീയിരുന്നു. ഉദാഹരണമായി ഹദ്റത്ത് സക്കരിയ്യാ (അ). ചില പ്രവാചകർ പരിത്യാഗിയുടെ രൂപത്തിൽ വെളിപ്പെടുന്നു. ഉദാഹരണമായി ഹദ്റത്ത് യൂനസ് (അ), ഹദ്റത്ത് യഹ്‌യാ (അ) (ഇസാലത്തുൽ ഖുലഫാഅ്, പേജ് 259 - 260)

പ്രസ്തുത ഉദ്ധരണികളിൽ നിന്നും വ്യക്തമാകുന്നത്, സംഭവങ്ങളുടെ അടിസ്ഥാനത്തിലും സ്വീകാര്യരായ മതഗുരുക്കന്മാരുടേയും അഭിപ്രായത്തിൽ എല്ലാ ഖലീഫയും രാജാക്കന്മാരാകേണ്ടത് അനിവാര്യമല്ല. യഥാർത്ഥത്തിൽ ആത്മീയവും പ്രത്യക്ഷവുമായ നിലിൽ അനുസരിക്കപ്പെടേണ്ട പ്രവാചകനുമായി അനുവർത്തനം ഉണ്ടാക്കുക എന്നതാണ് ഖിലാഫത്തിന്റെ യാഥാർത്ഥ്യം. ഖിലാഫത്തിന് വേണ്ടിയല്ല നുബുവ്വത്തിന് വേണ്ടി പോലും ഭരണം അനിവാര്യമല്ല. പരിത്യാഗികളും ധർമ്മനിഷ്ഠരുമായ ധാരാളം പ്രവാചകന്മാർ കടന്നുപോയിട്ടുണ്ട്. അത്തരത്തിലുള്ള പ്രവാചകർക്കു ശേഷവും പ്രവാചകദൗത്യം തുടർന്നു കൊണ്ടിരുന്നു. കാരണം നബി (സ) വ്യക്തമായും പറഞ്ഞു, മാ കനത് നുബുവ്വത്തു ഖത്ത്വു ഇല്ലാ തബ്ഉഹാ ഖിലാഫത്തൻ. എല്ലാ നുബുവ്വത്തിനും ശേഷം ഖിലാഫത്ത് നിലനിന്നുവന്നു.

(കൻസുൽ ഉമ്മാൽ വാല്യം 6, പേജ് 119)

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും
എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്കാത്ത്)*

# ഹദ്റത്ത് ജാഫർ (റ) ഇബ്നു അബീത്വാലിബ്

പിതാവ്- ഹദ്റത്ത് അബൂത്വാലിബ്. ഹദ്റത്ത് അലി (റ) ന്റെ സഹോദരൻ, നബി (സ)യുടെ എളാപ്പയുടെ മകൻ. ബനൂ ഹാശിം ഗോത്രം

## ഇസ്ലാം സ്വീകരിക്കുന്നു

തിരുനബി (സ) ഒരിക്കൽ ആരാധനയിൽ മുഴുകിയിരിക്കുകയായിരുന്നു. നബി (സ) യുടെ ഒരു ഭാഗത്ത് ഹദ്റത്ത് അലി (റ) വും ഉണ്ടായിരുന്നു. അന്നേരം ജാഫർ (റ) നോടൊപ്പം അവിടെ എത്തിയ അബൂത്വാലിബ് ജാഫറിനോടും ആരാധനയിൽ പങ്കുചേരാൻ നിർദ്ദേശിച്ചു. അങ്ങിനെ അദ്ദേഹം നബി (സ)യുടെ ഇടതുഭാഗത്ത് ചെന്നു നിന്ന് ആരാധനയിൽ പങ്കുചേർന്നു. അങ്ങിനെ ആ രണ്ട് സഹോദരന്മാരും ഇസ്ലാമിന്റെ ദുർബലമായ ആരംഭദശയിൽ റസൂൽ തിരുമേനി (സ) യുടെ ശക്തമായ രണ്ട് കരങ്ങളായി മാറി. അത്യധികം സന്തോഷിച്ച തിരുമേനി (സ) അല്ലാഹുവിൽ നിന്നും അറിവ് കരസ്ഥമാക്കി ജാഫർ (റ) ന് ഇങ്ങനെ സുവാർത്ത അറിയിച്ചു. ഇന്ന് തന്റെ സഹോദരന്റെ പാർശ്വത്തെ സുദൃഢമാക്കിയതിന്റെ പ്രതിഫലമായി അല്ലാഹു താങ്കൾക്ക് സ്വർഗത്തിൽ പറക്കുന്നതിന്നായി രണ്ട് ചിറകുകൾ നൽകുന്നതാണ്. അന്നു മുതൽ അദ്ദേഹം ത്വയ്യാർ എന്നും സുൽജനാഹൈൻ എന്നുമുള്ള സ്ഥാനപ്പേരിനർഹനായി. അതായത് രണ്ട് ചിറകുകളാൽ പറന്നുയരുന്ന (ആത്മീയ) പറവ.

## സ്ഥാനമാനം

തന്റെ വ്യതിരിക്തമായ ചില വിശിഷ്ഠ ധാർമികഗുണങ്ങളാൽ ജാഫർ (റ) മറ്റുള്ളവരിൽ നിന്നും വിഭിന്നമായിരുന്നു. ഒരിക്കൽ ഹദ്റത്ത് സൈദ് (റ), ഹദ്റത്ത് അലി (റ), ഹദ്റത്ത് ജാഫർ (റ) എന്നിവരിൽ ആരോടാണ് തിരുനബി (സ) യ്ക്ക് ഏറ്റവും കൂടുതൽ സ്നേഹം എന്ന ചോദ്യം ഉയന്നു. തിരുമേനി (സ) യോട് ചോദിച്ചപ്പോൾ അവിടുന്ന് എല്ലാവരോടും അങ്ങേയറ്റം സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് എല്ലാവരും തനിക്ക് പ്രിയരാണെന്ന് പറഞ്ഞു. എന്നാൽ ജാഫർ (റ) നോട് പറഞ്ഞു, ഓ ജാഫർ രൂപത്തിലും സ്വഭാവത്തിലും എന്റെ ഏറ്റവും സദൃശ്യനും സമീപസ്തനും നീയാകുന്നു.

## ഹബ്ശയിലേക്ക് ഹിജ്റത്ത്

മക്കാവാസം ദുസ്സഹമായപ്പോൾ മറ്റ് മുസ്ലിംകളോടൊപ്പം ഹബ്ശയിലേക്ക് ഹിജ്റത്ത് പോയി. അവിടെ നജാശി രാജാവിന്റെ ദർബാറിൽ മുസ്ലീംകളെ പ്രതിനിധീകരിക്കുവാനുള്ള തൗഫീഖും അദ്ദേഹത്തിന് ലഭിച്ചു.

## സഹജാവബോധം

മുസ്ലീംകൾ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ പ്രകോപിതരായ മക്കക്കാർ രണ്ട് നേതാക്കന്മാരെ നജാശിയുടെ അടുക്കലേക്ക് മുന്തിയ ഉപഹാരങ്ങളുമായി പറഞ്ഞയച്ചു. അവർ അവിടെ എത്തി മുസ്ലിംകൾക്കെതിരിൽ അപവാദം പറഞ്ഞ് അവരെ മക്കയിലേക്ക് തിരിച്ചയക്കുവാൻ പ്രേരിപ്പിച്ചു. എന്നാൽ നീതിമാനായ നജാശി രാജാവ് മുസ്ലിംകളെ വിളിച്ചുവരുത്തി സത്യം ഗ്രഹിക്കാൻ ആഗ്രഹിച്ചു. പരിഭ്രമിച്ചുകൊണ്ട് ദർബാറിലേക്കെത്തിയ മുസ്ലിംകളെ പ്രതിനിധീകരിച്ചുകൊണ്ട് ഹദ്റത്ത് ജാഫർ (റ) നജാശിയുമായി സംവദിക്കുകയുണ്ടായി. ഇസ്ലാമിന്റെ സുന്ദരമായ അദ്ധ്യാപനങ്ങൾ ഹൃദയഹാരിയായ നിലയിൽ അദ്ദേഹം അവതരിപ്പിച്ചു. അവസാനം മർദ്ദനങ്ങളും പീഢനങ്ങളും സഹിക്കവയ്യാതെയാണ് അങ്ങയുടെ രാജ്യത്ത് അഭയം തേടിയതെന്നും ഞങ്ങളുടെ മേൽ യാതൊരു അക്രമവും അനീതിയും താങ്കൾ അനുവദിക്കില്ലെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതിൽ പ്രഭാവിതനായ നജാശി നിങ്ങൾക്കു ലഭിച്ചിട്ടുള്ള അദ്ധ്യാപനങ്ങളിൽ വല്ലതും കേൾപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ ജാഫർ (റ) സമയത്തിനും സന്ദർഭത്തിനും സാഹചര്യത്തിനും അനുഗുണമായിക്കൊണ്ട് സൂറ മർയമിലെ ആയത്തുകൾ സ്വരമധുരിമയിൽ കേൾപ്പിക്കുകയുണ്ടായി. അതുകേട്ടപ്പോൾ അനിയന്ത്രിതമായി കണ്ണുനീർ വാർത്ത നജാശി കൊണ്ടുവന്ന ഉപഹാരങ്ങളുമായി തിരികെ പോകാൻ മക്കക്കാരോട് കല്പിക്കുകയുണ്ടായി.

## മദീനയിലേക്ക്

പിന്നീട് സാഹചര്യം ഒത്തുവന്നപ്പോൾ അദ്ദേഹം മറ്റ് മുസ്ലിംകളോടൊപ്പം മദീനയിലേക്ക് പുറപ്പെട്ടു. ഖൈബർ ജയിച്ചടക്കി മടങ്ങുന്ന സമയത്തായിരുന്നു അദ്ദേഹം മദീനയിലെത്തിയത്. അദ്ദേഹത്തിന്റെ ആഗമനത്തിൽ റസൂൽ തിരുമേനി (സ) വളരെയധികം സന്തോഷിച്ചു. ഹദ്റത്ത് ആയിശ (റ) പറയുന്നു, തിരുമേനി (സ) സ്വയം മുന്നോട്ട് വന്ന് ജാഫർ (റ) സ്വീകരിക്കുകയും ആലിംഗനം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ മൂർദ്ധാവിൽ ചുംബിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു, എല്ലാ പ്രവാചകന്മാർക്കും അല്ലാഹു ചില സവിശേഷ വ്യക്തികളെ അനുചാരികളായി നൽകാറുണ്ട്. എനിക്ക് നൽകിയ 14 അനുചാരികളിൽ ഒരാൾ ജാഫർ (റ) അകുന്നു.

## മുഅ്ത്ത യുദ്ധം

അദ്ദേഹം മദീനയിലെത്തി ഒരു വർഷം തികയുന്നതിനു മുമ്പു തന്നെ റോമൻ അതിർത്തിയിൽ അസ്വസ്ഥത ഉടലെടുക്കാൻ തുടങ്ങി. ബസ്റയിലേക്ക് തിരുമേനി (സ) യുടെ സന്ദേശകത്തുമായി പോകുകയായിരുന്ന ഒരു സ്വഹാബിയെ വധിച്ചതോടുകൂടി തുറന്ന യുദ്ധത്തിനുള്ള വെല്ലുവിളിയായി. അതിനെ നേരിടുന്നതിനായി 3000 പടയാളികളെ തിരുനബി (സ) തയ്യാറാക്കി. പ്രസ്തുത സൈന്യത്തിന്റെ അമീറായി സൈദ് (റ) നെ നിയമിച്ചു. അദ്ദേഹം ശഹീദാവുകയാണെങ്കിൽ ജാഫർ (റ) പതാകയേന്തുന്നതാണെന്നും അദ്ദേഹവും ശഹീദാവുകയാണെങ്കിൽ അബ്ദുല്ലാഹിബ്നു റവാഹ (റ) പതാകയേന്തുന്നതാണെന്നും തിരുമേനി (സ) പറഞ്ഞു.

## ശഹാദത്ത്

അങ്ങിനെ നീങ്ങിയ സൈന്യം മുഅ്ത്ത എന്ന സ്ഥലത്തെത്തി. അവർക്കു മുന്നിലുണ്ടായിരുന്നത് ഒരു ലക്ഷത്തോളമുള്ള റോമൻ സൈന്യമായിരുന്നു. ഭയാനകമായ യുദ്ധം നടന്നു. ഈ യുദ്ധത്തിൽ പ്രസ്തുത മൂന്ന് സൈന്യാധിപരും ഒന്നിനു പുറകെ മറ്റൊന്നായി സൈന്യത്തെ നയിച്ചു കൊണ്ട് വീരോചിതം ശഹാദത്ത് വരിക്കുകയുണ്ടായി. അവസാനം ഹദ്റത്ത് ഖാലിദ് (റ) ഇബ്നു വലീദിന്റെ നേതൃത്വത്തിൽ മുസ്ലിം സൈന്യം വിജയം കരസ്ഥമാക്കി.

## അനുമോദനം

പ്രസ്തുത യുദ്ധത്തിന്റെ അവസ്ഥ അന്നേരം തന്നെ അല്ലാഹു നബി (സ)യ്ക്ക് കശ്ഫിലൂടെ കാണിച്ചു കൊടുക്കുകയുണ്ടായി. തിരുമേനി (സ) എല്ലാവരേയും ഒരുമിച്ച് കൂട്ടി മിമ്പറിൽ കയറി ഇപ്രകാരം പറഞ്ഞു, വളരെ വിഷമമുണ്ടാക്കുന്ന ഒരു വാർത്ത ലഭിച്ചിട്ടുണ്ട്.യുദ്ധത്തിനു പോയ സൈന്യത്തിന്റെ അവസ്ഥ വിവരിച്ചുതരട്ടയോ. ആ മുജാഹിദീംകൾ പടക്കളത്തിൽ ശത്രുക്കളോട് ശക്തമായി ഏറ്റുമുട്ടി. ഏറ്റവും ആദ്യം സൈന്യാധിപൻ സൈദ് (റ) ശഹീദായി. അദ്ദേഹത്തിന്റെ പാപപ്പൊറുതിക്കായി പ്രാർഥിക്കുക. പിന്നീട് ജാഫർ (റ) ഇബ്നു അബീത്വാലിബ് സൈന്യത്തിന്റെ പതാകയേന്തിക്കൊണ്ട് ശത്രുക്കളിലേക്ക് കുതിച്ചു കയറി. നിർഭയനായി യുദ്ധം ചെയ്തു കൊണ്ട് ശഹീദായി. അദ്ദേഹത്തിന്റെ പാപ

11




# ദൈവാസ്തികൃം

കൽക്കത്തയിലെ ഒരു ബ്രാഹ്മണ മജിസ്ട്രേറ്റിന് ദൈവാസ്തികൃത്തിൽ വിശ്വാസമില്ലായിരുന്നു. അയാൾ ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സമക്ഷത്തിൽ ഹാജരായിക്കൊണ്ട് പറഞ്ഞു, ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല. കേട്ടുകേൾവിയിൽ വിശ്വസിക്കുന്ന ആളല്ല ഞാൻ. എനിക്ക് ദൈവത്തെ കാണിച്ചുതരുവാൻ താങ്കൾക്ക് സാധിക്കുമോ. മസീഹ് മൗഊദ് (അ) പറഞ്ഞു, അഥവാ കുറച്ചു നാൾ താങ്കൾ നമ്മോടൊപ്പം കഴിയുകയാണെങ്കിൽ നമുക്ക് കാണിച്ചുതരാൻ സാധിക്കുന്നതാണ്. താങ്കൾക്ക് കുറച്ചു നാൾ നിൽക്കുവാൻ സാധിക്കുമോ. അയാൾ പറഞ്ഞു, ഞാൻ ആറു മാസത്തെ അവധിയിലാണ്. എനിക്ക് ദൈവത്തെ കാണിച്ചുതരാം എന്ന നിബന്ധനയിൽ ഇക്കാലമത്രയും ഇവിടെ തങ്ങാൻ ഞാൻ തയ്യാറാണ്. മസീഹ് മൗഊദ് (അ) ചോദിച്ചു, താങ്കൾ ലണ്ടനിൽ പോയിട്ടുണ്ടോ. അയാൾ പറഞ്ഞു, ഇല്ല. ഹുസൂർ ചോദിച്ചു, ലണ്ടൻ എന്ന പട്ടണമുണ്ടോ. അയാൾ പറഞ്ഞു, ഉണ്ട്, എല്ലാവർക്കും അറിയാവുന്നതുമാണ്. മസീഹ് മൗഊദ് (അ) ചോദിച്ചു, താങ്കൾ ലാഹോറിൽ പോയിട്ടുണ്ടോ. അയാൾ പറഞ്ഞു, ഞാൻ ലാഹോറിലും പോയിട്ടില്ല. ഹുസൂർ ചോദിച്ചു, താങ്കൾ ഇതിനു മുമ്പ് ഖാദിയാനിൽ എപ്പൊഴെങ്കിലും വന്നിട്ടുണ്ടോ. അയാൾ പറഞ്ഞു, ഇല്ല. അപ്പോൾ ഹുസൂർ (അ) ചോദിച്ചു, ഖാദിയാൻ എന്ന സ്ഥലമുണ്ടെന്നും അവിടെ തൃപ്തികരമായ മറുപടി നൽകാൻ കഴിയുന്ന ഒരു വ്യക്തിയുണ്ട് എന്നും താങ്കൾ എങ്ങനെ അറിഞ്ഞു. അയാൾ പറഞ്ഞു, അങ്ങിനെ കേട്ടിരുന്നു. മസീഹ് മൗഊദ് (അ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, താങ്കളുടെ മുഴുവൻ ആശ്രയവും കേട്ടുകേൾവിയിൽ തന്നെയാണ്. അതിൽ പൂർണ്ണമായും വിശ്വസിക്കുകയും ചെയ്യുന്നു. തുടർന്ന് ഹുസൂർ (അ) ദൈവാസ്ഥികൃത്തെ സംബന്ധിച്ച് പ്രഭാഷണം നടത്തി. അത് ശ്രോദ്ധാക്കളെ മുഴുവനും സ്വാധീനിക്കുന്ന തരത്തിൽ പ്രഭാവം ചെലുത്തി. അയാളപ്പോൾ ക്ഷേത്രഗണിതത്തിന്റെ രൂപങ്ങൾ പറയാൻ തുടങ്ങി. ഹദ്റത്ത് മൗലവി സാഹിബ് അയാൾക്ക് മരുന്ന് വരുത്തിച്ച് നൽകി. അവസ്ഥ ശരിയായപ്പോൾ അയാൾ ഹദ്റത്ത് സാഹിബിന്റെ കാലുകളിൽ തൊട്ട് പള്ളിയുടെ താഴേക്ക് ഇറങ്ങി വന്നു. ഹദ്റത്ത് മൗലവി സാഹിബും അയാളോടൊപ്പം താഴേക്ക് ഇറങ്ങി വന്നു. അയാൾ കുതിരവണ്ടി വിളിച്ചു. എന്നിട്ട് അതിൽ കയറി ഇരുന്നു. ഹദ്റത്ത് മൗലവി സാഹിബ് ചോദിച്ചു, താങ്കൾ ഇത്ര തിടുക്കം കാണിക്കുന്നത് എന്തിനാണ്. അയാൾ പറഞ്ഞു, ഞാൻ മുസ്‌ലിമാകാൻ തയ്യാറായല്ല വന്നിട്ടുള്ളത്. അഥവാ രാത്രി ഞാൻ ഇവിടെ തങ്ങുകയാണെങ്കിൽ രാവിലെ തന്നെ എനിക്ക് മുസ്‌ലിമാകേണ്ടി വരുമെന്ന് എനിക്ക് ഉറപ്പാണ്. സ്വന്തം കണ്ണുകൊണ്ട് കാണുന്നതുപോലെ എനിക്ക് ദൈവത്തിൽ വിശ്വാസമായി. എന്റെ ഭാര്യയും മക്കളും ഉണ്ട്. ഞാനവരുമായി കൂടിയാലോചിക്കട്ടെ. അവർ അനുകൂല നിലപാട് എടുക്കുകയാണെങ്കിൽ ഞാൻ വീണ്ടും വരുന്നതാണ്. പിന്നീട് അയാൾ അവിടെ നിന്നും പുറപ്പെട്ടു.

---

പൊറുതിക്കായി ദുആ ചെയ്യുക. പിന്നാട് പതാകയോന്തിയ അബ്ദുല്ലാഹ് (റ) ഇബ്നു റവാഹയും ശഹീദായി. അദ്ദേഹത്തിന് വേണ്ടിയും പ്രാർഥിക്കുക. ഞാനവരുടെ മഹത്തായ ശഹാദത്തിന് സാക്ഷിയാണ്. അവർ മൂവരുടേയും അവസ്ഥ അല്ലാഹു എനിക്ക് കാണിച്ചു തരികയുണ്ടായി. അവർ ഒരു പവിഴത്തിന്റെ കൂടാരത്തിലാണ്. അവരോരോരുത്തരം വ്യത്യസ്ഥ കട്ടിലിന്മേലാണ്.

### വിപദിധൈര്യം

അദ്ദേഹത്തിന്റെ ശഹാദത്തിന്റെ അവസ്ഥ വിവരിച്ചുകൊണ്ട് മറ്റൊരു സഹാബി പറയുന്നു, ചുവന്ന കുതിരപ്പുറത്തുനിന്നും ചാടിയിറങ്ങിയ ജാഫർ (റ) പിന്തിരിഞ്ഞോടാതിരിക്കാൻ വാള് കൊണ്ട് കുതിരയുടെ കാൽ വെട്ടിനീക്കി. ശത്രുനിരയിലേക്ക് പാഞ്ഞുകയറിയ അദ്ദേഹം പിന്നീട് മടങ്ങി വന്നില്ല. ആദ്യം പതാകയേന്തിയ അദ്ദേഹത്തിന്റെ വലതു കൈ അറ്റു വീണപ്പോൾ ഇടതുകൈ കൊണ്ട് പതാക ഉയർത്തി പിടിച്ചു. അവസാനം അതും അറ്റു വീഴുകയുണ്ടായി.

അദ്ദേഹത്തിന്റെ ഭാര്യ അസ്മാഅ് (റ) യെ സമാശ്വസിപ്പിച്ചു കൊണ്ട് നബി (സ) പറയുന്നു, ഇപ്പോൾ എന്റെ മുന്നിലൂടെ ജാഫർ (റ) ജിബ്‌രീലിന്റേയും മീക്കായിലിന്റേയും ഇസ്റാഫീലിന്റേയും ഒപ്പം സലാം പറഞ്ഞുകൊണ്ട് കടന്നു പോയി. അറ്റു പോയ രണ്ടു കൈകൾക്കു പകരമായി തനിക്ക് രണ്ടു ചിറകുകൾ ലഭിച്ചുവെന്നും അതുകൊണ്ട് മലക്കു കളോടൊപ്പം താൻ പറന്നുല്ലസിക്കുകയാണെന്നും പറയുകയുണ്ടായി.

*(അവ: സീറത്ത് സഹാബ , ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

ഉടൻ
പ്രതീക്ഷിക്കുക
ZINDA LOG

പുണ്യാത്മാക്കൾ

# ഹദ്റത്ത് സേഠ് അബ്ദുർ റഹ്മാൻ സാഹിബ് മദ്റാസി(റ)

മുഴുവൻ പേര്- സേഠ് അബ്ദുർ റഹ്മാൻ ഹാജി അല്ലാ രക്കാ മദ്റാസി.

ബാംഗ്ലൂരിലെ പ്രശസ്തമായ മേമൻ കുടുംബാംഗം. കുടുംബപരമായി വ്യാപാരികൾ. പിതാവിന്റെ മരണശേഷം വ്യാപാര സംബന്ധമായി മദ്റാസിൽ താമസം ആരംഭിച്ചു. അങ്ങിനെയാണ് പേരിനൊപ്പം മദ്റാസ് എന്ന വിശേഷണം വന്നത്.

**ചെറുപ്പകാലം**

ചെറുപ്രായത്തിൽ തന്നെ സൽപ്രകൃതക്കാരനും ദൈവഭക്തനുമായിരുന്നു അദ്ദേഹം. കൂടാതെ സാത്വികരുമായുള്ള സഹവാസത്തിനുള്ള തൗഫീഖും അദ്ദേഹത്തിന് ലഭിച്ചിരുന്നു. ആവശ്യക്കാരെ സഹായിക്കുന്നതിൽ ചെറുപ്പം മുതൽക്കേ അദ്ദേഹം തൽപരനായിരുന്നു. 14-ാം വയസ്സിൽ വിവാഹം. ഏകാന്തത അധികമായി ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം ധാരാളമായി ദൈവസ്മരണയിലും ആരാധനയിലും മുഴുകിയിരുന്നു.

**പിതാവിന്റെ മരണവും കുടുംബഭാരവും**

അദ്ദേഹത്തിന് 15, 16 വയസ്സായപ്പോൾ ഹജ്ജിന് പോയ അദ്ദേഹത്തിന്റെ പിതാവ് അവിടെ വെച്ച് വഫാത്തായി. അങ്ങിനെ ആ പ്രയത്തിൽ മൂത്ത മകനായ അദ്ദേഹത്തിന് വ്യാപാരവും കുടുംബ ഭാരവും ഏറ്റെടുക്കേണ്ടി വന്നു.

**മദ്റാസിലേക്ക്**

ഇളയ സഹോദരനെ ബാംഗ്ലൂരിലെ വ്യാപാരം ഏൽപിച്ച് അദ്ദേഹം മദ്റാസിലേക്ക് പുറപ്പെട്ടു. ആരംഭത്തിൽ വളരെയധികം പ്രയാസങ്ങൾ അദ്ദേഹത്തിന് സഹിക്കേണ്ടി വന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം അതെല്ലാം തരണം ചെയ്തു.

**സത്യമാർഗത്തിലേക്ക്**

തന്റെ സഹോദരൻ സക്കറിയ രോഗിയായപ്പോൾ ബാംഗ്ലൂരിലെത്തിയ അദ്ദേഹത്തിന് മറ്റൊരു സഹോദരനായ മുഹമ്മദ് സാലിഹ് തനിക്ക് ലഭിച്ച മസീഹ് മൗഊദ് (അ) ന്റെ ഫത്ഹെ ഇസ്ലാം എന്ന ഗ്രന്ഥം അദ്ദേഹത്തിന് വായിച്ചുകേൾപ്പിച്ചു. വാഗ്ദത്തം ചെയ്യപ്പെട്ട കാലത്തിന്റെ ഇമാമിന്റെ വാക്കുകൾ തന്നെയാണ് ഇതെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം മദ്റാസിൽ മടങ്ങിയെത്തി മസീഹ് മൗഊദ് (അ) ന്റെ എല്ലാ ഗ്രന്ഥങ്ങളും വരുത്തി വായിക്കുവാൻ തുടങ്ങി. അത് അദ്ദേഹത്തിന്റെ വിശ്വാസത്തെ കൂടുതൽ പ്രബലപ്പെടുത്തി. തക്കസമയത്ത് കാലത്തിന്റെ മസീഹിനേയും മഹ്ദിയയേയും അയച്ച അല്ലാഹുവനെ സ്തുതിക്കുകയും ചെയ്തു.

**ഖാദിയാനിലേക്ക്**

തന്റെ സുഹൃദ് ബന്ധങ്ങളിൽ അദ്ദേഹം മസീഹ് മൗഊദ് (അ) സത്യസാക്ഷ്യങ്ങൾ ശക്തമായി വിവരിക്കുവാൻ തുടങ്ങി. തൽഫലമായി മദ്റാസിൽ ചെറിയൊരു ജമാഅത്ത് രൂപീകൃതമായി. ഇത് അവിടെ വലിയൊരു എതിർപ്പിന് കളമൊരുക്കി. ശക്തമായ ഈ എതിർപ്പുകൾ അദ്ദേഹത്തിന്റെ വിശ്വാസത്തെ കൂടുതൽ സുദൃഢമാക്കുകയും മസീഹ് മൗഊദ് (അ) നെ കാണുന്നതിനുള്ള അഭിലാഷം അദ്ദേഹത്തിൽ ജനിപ്പിക്കുകയും ചെയതു. അങ്ങിനെ അദ്ദേഹം മൗലവി ഹസൻ അലി സാഹിബിനേയും കൂട്ടി ഖാദിയാനിലേക്ക് പുറപ്പെട്ടു. അമൃത്സറിൽ വച്ചും പിന്നീട് ബട്ടാലയിൽ വച്ചും മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ശിഷ്യൻ അവരെ തടയുന്നതിനായി ശ്രമിച്ചു. എന്നാൽ അത് വിജയിച്ചില്ല.

**ബയ്അത്ത്**

ഖാദിയാനിൽ ആദ്യം മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബുമായിട്ടാണ് കണ്ടുമുട്ടിയത്. അദ്ദേഹം അവർക്ക് താമസിക്കുവാനുള്ള സൗകര്യം ഒരുക്കിക്കൊടുത്തു. അവിടെ വെച്ച് ആദ്യമായി മസീഹ് മൗഊദ് (അ) നെ ദർശിച്ചു. പിന്നീട് അവിടെ വെച്ച് രണ്ടുപേരും മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ ബയ്അത്ത് ചെയ്തു.

**കഠിനമായ എതിർപ്പ്**

ബയ്അത്തിന്റെ രണ്ടു ദിവസങ്ങൾക്കു ശേഷം അവർ മദ്റാസിലേക്ക് മടങ്ങി. അവിടെ എത്തിയപ്പോൾ അതിശക്തമായ എതിർപ്പ് അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടി വന്നു. എന്നാൽ അതിനെ അദ്ദേഹം അൽപം പോലും വകവെച്ചില്ല.

**ആത്മാർത്ഥത**

ഹദ്റത്ത് മസീദ് മൗഊദ് (അ) മായി അദ്ദേഹത്തിന് ആത്മാർത്ഥമായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. എപ്പോഴും ദുആക്കായി അദ്ദേഹം മസീഹ് മൗഊദ് അ) ന് കത്തയക്കുമായിരുന്നു. ഈ ആത്മാർത്ഥതയിൽ മതിപ്പുണ്ടായിരുന്ന മസീഹ് മൗഊദ് (അ) അദ്ദേഹത്തിന്റെ ഓരോ കത്തിനും മറുപടി അയച്ചിരുന്നു. ഇത്തരത്തിലുള്ള 94-ാളം മറുപടികൾ മക്തൂബാത്തെ അഹ്മദിയ്യായിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**സാമ്പത്തിക ത്യാഗം**

സാമ്പത്തിക വിശാലതയുള്ള സമയത്തും പിന്നീട് സാമ്പത്തിക ഞെരുക്കം അനുഭവിച്ചപ്പോഴും അദ്ദേഹം കൃത്യനിഷ്ഠതയോടുകൂടി മസീഹി മൗഊദ് (അ) ന്റെ സമക്ഷത്തിലേക്ക് ദീനീ സംരംഭങ്ങൾക്കായി പണം അയച്ച്കൊണ്ടിരുന്നു. 1884 മുതൽ 1905 വരെ വിവധ സന്ദർഭങ്ങളിലായി 3950 രൂപ നൽകിയിരുന്നതായി കത്തുകളിൽ നിന്നും മനസ്സിലാകുന്നു. 100 വർഷങ്ങൾക്കു മുമ്പുള്ള കാര്യമാണിത്. അന്ന് നിശ്ചയമായും ഇത് വലിയൊരു തുക തന്നെയാണ്. കൂടാതെ മസീഹ് മൗഊദ് (അ) ന് പണത്തിന്റെ ആവശ്യം നേരിടുമ്പോഴെല്ലാം തന്നെ ആദ്യം നിർദ്ദേശിക്കപ്പെടുന്ന പേര് സേഠ് സാഹിബിന്റേതായിരുന്നു.

**പരീക്ഷണ ഘട്ടം**

പരീക്ഷണങ്ങളുടെ ഒരു നീണ്ട കാലഘട്ടത്തിലൂടെ അദ്ദേഹത്തിന് കടന്നുപോകേണ്ടതായും വന്നിട്ടുണ്ട്. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആകളായിരുന്നു അദ്ദേഹത്തിന്റെ മനസ്സിന് സംതൃപതി നൽകിയിരുന്നത്.

**സത്യസന്ധത**

ആയിടയ്ക്ക് അദ്ദേഹത്തിന്റെ കച്ചവടസാധനങ്ങളാൽ നിറഞ്ഞ ഒരു കപ്പൽ പെട്ടെന്ന് അപ്രത്യക്ഷമായി. ഖാദിയാനിലായിരുന്ന അദ്ദേഹം മസീഹ് മൗഊദ് (അ) മുന്നിൽ തന്റെ അവസ്ഥ വിവരിച്ചു. പലരിൽ നിന്നുമായി ധാരാളം പണം കടം വാങ്ങിയിരുന്നു. അവർ തന്നോട് എപ്രകാരമായിരിക്കും പെരുമാറുക എന്നറിയില്ല അതിനാൽ എന്താണ് ചെയ്യേണ്ടതെന്ന അഭിപ്രായവും ആരാഞ്ഞു. മസീഹ് മൗഊദ് (അ) പറഞ്ഞു, താങ്കളുടെ കയ്യിലുള്ളതെല്ലാം കടക്കാർക്കു മുന്നിൽ പ്രദർശിപ്പിക്കുക. നാം അല്ലാഹുവിനോട് താങ്കൾക്കായി ദുആയും ചെയ്യുന്നതാണ്. അങ്ങിനെ മദ്റാസിലെത്തിയ അദ്ദേഹം ഉടൻ തന്നെ ഹുസൂറിന്റെ നിർദ്ദേശമനുസരിച്ച് തന്റെ പക്കലുള്ളതെല്ലാം തന്നെ കടക്കാർക്കു മുന്നിൽ എടുത്തുവെച്ചു. അതു കണ്ട് അൽഭുതപ്പെട്ട അവർക്ക് അദ്ദേഹത്തിന്റെ സത്യസന്ധതയിൽ മതിപ്പുളവാകുകയും ഇനിയും ആവശ്യമുണ്ടെങ്കിൽ കടം തരാൻ തയ്യാറാണെന്നും ലാഭം കിട്ടുമ്പോൾ മടക്കി തന്നാൽ മതിയെന്നും പറയുകയുണ്ടായി. 3 വർഷങ്ങൾക്കു ശേഷം അപ്രത്യക്ഷമായ ആ കപ്പൽ തിരിച്ചു കിട്ടുകയും അങ്ങിനെ അദ്ദേഹത്തിന്റെ കടങ്ങളെല്ലാം തീരുകയും സാമ്പത്തികമായ നിലയിൽ പുരോഗതി കൈവരിക്കുകയും ചെയ്തു.

**പരാമർശം**

ഹഖീകത്തുൽ വഹ്‌യ്, സിറാജെ മുനീർ, കിതാബുൽ ബരിയ്യ, തുഹ്ഫയെഗോൾഡവിയ്യ, തുടങ്ങിയ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തെ കുറിച്ചുള്ള പരാമർശങ്ങൾ കാണാവുന്നതാണ്. ഇശ്തിഹാറുൽ അൻസാർ1889 ഒക്ടോബർ 4 ലെ ലക്കത്തിൽ മസീഹ് മൗഊദ് (അ) പറയുന്നു, അദ്ദേഹത്തിന്റെ സത്യസന്ധതയും,സ്നേഹവും വിശ്വാസവും ദൃഢതയും നിറഞ്ഞ നിരന്തരമായ സേവനങ്ങളും ജമാഅത്തിലെ കഴിവുള്ളവർക്ക് മുഴുവനും ഒരു മാതൃകയാണ്.

**വഫാത്ത്**

1915-ൽ അദ്ദേഹം വഫാത്തായി.

## കർമശാസ്ത്രം

# നമസ്കാരം ജംഅ് ആക്കുമ്പോൾ

ചോദ്യം: ഇമാം മഗ്‌രിബ് നമസ്കാരം അനുഷ്ഠിച്ചു കൊണ്ടിരിക്കെ ളുഹറോ അസറോ നമസ്കാരങ്ങൾ നിർവഹിക്കാൻ ബാക്കിയുള്ള ഒരാൾ ആ സന്ദർഭത്തിൽ ഏത് നമസ്കാരമാണ് അനുഷ്ഠിക്കേണ്ടത്? ജമാഅത്തിന്റെ വീക്ഷണമെന്താണ്?

ഉത്തരം: മേൽപറഞ്ഞ വിധത്തിൽ നമസ്കാരം നടന്നു കൊണ്ടിരിക്കെ, തന്റെ ളുഹറോ അസറോ അനുഷ്ഠിക്കാൻ അവശേഷിക്കുന്നുണ്ടെന്ന അറിവ് പിന്നീട് വരുന്നയാൾക്കുണ്ടെങ്കിൽ, അഥവാ നമസ്കാരം ജംആക്കപ്പെടുമ്പോൾ ഇമാം ഇന്ന നമസ്കാരമാണ് അനുഷ്ഠിക്കുന്നതെന്ന ബോധ്യമുണ്ടെങ്കിൽ അയാളാദ്യം വിട്ടുപോയ നമസ്കാരം പൂർത്തിയാക്കേണ്ടതാണ്. അടിസ്ഥാനപരമായി നമസ്കാരത്തിന്റെ ക്രമം നിലനിർത്തേണ്ടത് അനുപേക്ഷണീയമാണ്. ക്രമം തെറ്റിച്ചു കൊണ്ട് ജമാഅത്ത് നമസ്കാരത്തിൽ ചേരുവാൻ പാടുള്ളതല്ല. എന്നാൽ ളുഹറോ അസറോ നമസ്കാരങ്ങൾ വിട്ടുപോയിട്ടുണ്ടെന്ന ഓർമയില്ലാതെയോ, ഇമാം ഏത് നമസ്കാരമാണ് നിർവഹിക്കുന്നതെന്ന തിരിച്ചറിവില്ലാതെയോ ആണ് ഒരാൾ ഇമാമിനോടൊപ്പം ചേരുന്നതെങ്കിൽ ഇമാമിന്റെ നമസ്കാരം തന്നെയായിരിക്കും അയാളുടേതായിത്തീരുക. വിട്ടുപോയത് പിന്നീട് അനുഷ്ഠിക്കേണ്ടതാണ്. കാരണം മറവിയും അറിവില്ലായ്മയും മാപ്പാകുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്, ഇമാം അസ്ർ നമസ്കാരം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന സമയത്ത് ളുഹർ നമസ്കാരം നിർവഹിക്കേണ്ട ഒരാൾ പള്ളിയിൽ എത്തുകയാണെങ്കിൽ അയാളാദ്യം ളുഹർ നമസ്കാരം ഒറ്റയ്ക്ക് അനുഷ്ഠിക്കുകയും തുടർന്ന് ഇമാമിനോടൊപ്പം ചേരുകയും ചെയ്യേണ്ടതാണ്. അഥവാ ഇമാം ഇശാ നമസ്കാരം അനുഷ്ഠിക്കുന്ന വേളയിൽ മഗ്‌രിബ് നമസ്കാരം നിർവഹിച്ചിട്ടില്ലാത്ത ഒരാൾ പള്ളിയിൽ എത്തിയാൽ അയാളാദ്യം മഗ്‌രിബ് നമസ്കാരം ഒറ്റയ്ക്കനുഷ്ഠിക്കുകയും പിന്നീട് ഇമാമിനോടൊപ്പം ചേരുകയും ചെയ്യുക. ജംആയുള്ള നമസ്കാരം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഒരാൾ പള്ളിയിൽ വന്നാലും ഈ വിധി തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയിരിക്കുന്നത്. അതായത് ഇമാം അസ്ർ നമസ്കാരമാണ് അനുഷ്ഠിക്കുന്നതെന്ന അറിവുണ്ടെങ്കിൽ, ളുഹർ നമസ്കാരം അനുഷ്ഠിക്കാനുണ്ടെങ്കിൽ ആദ്യം അത് അനുഷ്ഠിക്കുക. പിന്നീട് ഇമാമിനോടൊപ്പം ചേരുക. അതേ പ്രകാരം ഇശാ നമസ്കാരമാണ് ഇമാം നിർവഹിച്ചുകൊണ്ടിരിക്കുന്നതെന്ന ബോധ്യമുണ്ടെങ്കിൽ മഗ്‌രിബ് നമസ്കാരം അവശേഷിക്കുന്ന ഒരാൾ ആദ്യം മഗ്‌രിബ് നമസ്കാരം അനുഷ്ഠിക്കട്ടെ. തുടർന്ന് ഇമാമിനോടൊപ്പം ചേരുക. എന്നാൽ ഏത് നമസ്കാരമാണ് നിർവഹിക്കുന്നതെന്ന അറിവില്ലാതെയാണ് ഒരാൾ ജമാഅത്ത് നമസ്കാരത്തോടൊപ്പം ചേരുന്നതെങ്കിൽ ഇമാം അനുഷ്ഠിക്കുന്ന നമസ്കാരം തന്നെയായിരിക്കും അയാളുടേതുമാകുക. വിട്ടുപോയ നമസ്കാരം പിന്നീട് അനുഷ്ഠിക്കേണ്ടതാണ്. ഉദാഹരണത്തിന് ഇശാ നമസ്കാരം നടന്നു കൊണ്ടിരിക്കെ മഗ്‌രിബ് നമസ്കാരം അനുഷ്ഠിക്കാൻ ബാക്കിയുള്ള ഒരാൾ പള്ളിയിൽ എത്തുകയാണെങ്കിൽ അയാളൊറ്റയ്ക്ക് ആദ്യം മഗ്‌രിബ് നമസ്കാരം അനുഷ്ഠിക്കുകയും അതിനെ തുടർന്ന് ഇമാമിനെ പിൻപറ്റുകയുമാണ് വേണ്ടത്. എന്നാൽ ഏതു നമസ്കാരമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയാൻ കഴിയാതെയാണ് അയാൾ ഇമാമിനോടൊപ്പം ചേരുന്നതെങ്കിൽ അയാളുടേത് ഇശാ നമസ്കാരം തന്നെയായിരിക്കും. മഗ്‌രിബ് നമസ്കാരം പിന്നീട് അനുഷ്ഠിക്കേണ്ടതാണ്. ഈ രീതി തന്നെയാണ് അസ്റിനെ സംബന്ധിച്ചും ഉള്ളത്.

(അവ: ഫിഖ്ഹ് അഹ്മദിയ്യാ, പേജ് 184-185)

ആശയാനുവാദം: ടി.കെ.മഹ്മൂദ് കൽകുളം


---

**ശതാബ്ദം**
**1912 – മെയ്**

എസ്.

### ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ലക്നൗവിൽ

ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹമൂദ് സാഹിബ് ലക്നൗവിലെ അമീനാബാദ് പാർക്കിൽ ജുമുഅ നമസ്കരിപ്പിച്ചു. **വൽത്തക്കും മിൻക്കും ഉമ്മത്തുൻ** എന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഖുത്ബ നിർവ്വഹിക്കുകയും തബ്‌ലീഗിലും ഇശാഅത്തിലും ബദ്ധശ്രദ്ധരാകാൻ ഉപദേശിക്കുകയും ചെയ്തു. (ബദ്ർ 30.5.1912)



വനിതാരംഗം

അബൂ തബസ്സും

# സ്ത്രീകൾ അമൂല്യരത്നങ്ങൾ

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)പറയുന്നു,**

## ലജ്നഇമാഇല്ലാഹ്

സ്ത്രീകൾ വളരെയധികം വിലപിടിപ്പുള്ള രത്നക്കല്ലുകളാണ്. എന്നാൽ അവർക്ക് ശരിയായ തർബിയ്യത്തില്ലായെങ്കിൽ ചില്ലിന്റെ മൂല്യം പോലും അവർക്കുണ്ടാകില്ല. ചില്ലുകൊണ്ടാണെങ്കിൽ എന്തെങ്കിലും ഉപകാരം ഉണ്ടായേക്കാം. എന്നാൽ ശരിയായ വിദ്യാഭ്യാസവും ശിക്ഷണവും ഇല്ലാത്ത, ദീനിന് ഒരു ഉപകാരവുമില്ലാത്ത സ്ത്രീകൾക്ക് യാതൊരു വിലയുമില്ല. വ്യക്തികൾ നേരെയാകുമ്പോഴാണ് സമുദായം നേരെയാകുന്നത്. ലജ്നഇമാഇല്ലാക്ക് ധാരാളം ജോലികൾ ചെയ്തു തീർ ക്കുവാനുണ്ട്. ജമാഅത്തിലെ എല്ലാ സ്ത്രീകളേയും ദീനീ കാര്യങ്ങൾ വായിച്ച് അതിനെ കുറിച്ച് ചിന്തിക്കുന്നതിനും കാര്യങ്ങൾ ഗ്രഹിക്കുന്നതിനും യോഗ്യരാക്കിത്തീർക്കണം. അതിനാൽ ലജ്നഇമാഇല്ലാക്ക് ഒരു വലിയ ലക്ഷ്യത്തെ മറികടക്കേണ്ടതുണ്ട്. വലിയൊരു ജോലി അവരുടെ മുന്നിലുണ്ട്. അതിനായി രാവും പകലും ത്യാഗങ്ങൾ ചെയ്യേണ്ടതുണ്ട്. പുരുഷന്മാർ സ്വയം തങ്ങളെ വഖ്ഫ് ചെയ്യുന്നതുപോലെ തങ്ങളെ ദീനീസേവനത്തിനായി വഖ്ഫ് ചെയ്യുന്ന സ്ത്രീകളേയും ആവശ്യമുണ്ട്. (അൽ അസ്ഹാർ ലിസവാത്തുൽ ഖുമാർ)

## യഥാർത്ഥ ഉത്തരവാദിത്വം

സ്ത്രീകളുടെ യഥാർത്ഥ ഉത്തരവാദിത്വം കുട്ടികളുടെ ശിക്ഷണവും വിദ്യാഭ്യാസവുമാകുന്നു. ഈ ഉത്തരവാദിത്വം ജിഹാദിന്റെ ഉത്തരവാദിത്വത്തേക്കാൾ ചെറുതല്ല. കുട്ടികളുടെ ശിക്ഷണം നല്ലതാണെങ്കിൽ സമുദായത്തിന്റെ അടിത്തറ സുദൃഢമായിത്തീരുന്നു. സമുദായം പുരോഗതി കൈവരിക്കുകയും ചെയ്യുന്നു. അഥവാ അവരുടെ ശിക്ഷണം നല്ലതല്ലായെങ്കിൽ നിശ്ചയമായും ആ സമുദായം ഒരിക്കൽ നശിക്കുന്നതാണ്. ചുരുക്കത്തിൽ ഒരു സമുദായത്തിന്റെ പുരോഗതിയും നാശവും ആ സമുദായത്തിലെ സ്ത്രീകളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. സഹാബിയാക്കൾ നൽകിയതുപോലെയുള്ള ശിക്ഷണം ഇന്നത്തെ മാതാക്കൾ തങ്ങളുടെ കുട്ടികൾക്ക് നൽകുകയാണെങ്കിൽ അവരും സഹാബിയാക്കളുടെ സന്താനങ്ങളെ പോലെ സമുദായത്തിനു വേണ്ടി സർവ്വസ്വവും ത്യജിക്കാൻ തയ്യാറുള്ള ഭടന്മാരായി മാറുമെന്നതിൽ യാതൊരു സംശയവുമില്ല. (മുഹ്സിനാത്ത് - കറാച്ചി)

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)പറയുന്നു**

## അപരാജിത

പ്രവർത്തന മേഖലകൾ വ്യത്യസ്ഥമാണ്. ചില മേഖലകൾ പുരുഷന്മാർക്കുള്ളതാണ്. ചില മേഖലകൾ സ്ത്രീകൾക്കുള്ളതാണ്. ചില മേഖലകൾ സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതുവായിട്ടുള്ളതാണ്. പൊതുവായ മേഖലകളിൽ സ്ത്രീകൾ ഒരിക്കലും പരാജയം അംഗീകരിക്കില്ല. പരാജയമാണോ അല്ലയോ എന്നുള്ളത് മറ്റൊരു കാര്യം. എന്നാൽ മുസ്ലിം വനിതകൾ ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള മേഖലകളിൽ എപ്പോഴും നിങ്ങൾ പുരുഷന്മാരേക്കാളും മറ്റ് പെൺകുട്ടികളേക്കാളും മുന്നേറാൻ പരിശ്രമിച്ചുകൊ ണ്ടിരിക്കുക. ഈയൊരു ശ്രമത്തെ നിലനിർത്തികൊണ്ടുപോകേണ്ടതും ഈ വികാരത്തെ പരിപോഷിപ്പിച്ച് നിർ ത്തേണ്ടതും അനിവാര്യമാകുന്നു.

(മുഹ്സിനാത്ത്, കറാച്ചി)

**ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു,**

## കുട്ടികൾക്കു വേണ്ടി ദുആ

ഒരിക്കൽ ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) സ്ത്രീകളെ ഉപദേശിച്ചു കൊണ്ട് പറഞ്ഞു, കുട്ടികളെ സ്കൂളിൽ പറഞ്ഞയക്കുന്നതിനായി മാതാക്കൾ തയ്യാറാക്കികൊണ്ടിരിക്കുമ്പോൾ അതോടൊപ്പം തന്നെ അവർക്കുവേണ്ടി ദുആയും ചെയ്തുകൊണ്ടിരിക്കുക. തന്മൂലം കുട്ടികൾക്ക് ദുആ ശീലമാകുകയും കുട്ടികളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഉണ്ടാകുകയും ചെയ്യുന്നു. കുട്ടികൾ നിങ്ങളിൽ നിന്നകലുമ്പോൾ സ്കൂളിലോ അല്ലെങ്കിൽ മൈതാനത്തോ എവിടെയെങ്കിലുമായിക്കൊള്ളട്ടെ അവർ എപ്പോഴും നിങ്ങൾ ചെയ്ത ദുആയുടെ കോട്ടയിലായിരിക്കും. അല്ലാഹു അവരെ സംരക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. (സാലാന ഇജ്തിമാഅ് ലജ്ന നാസിറാത്ത് യു.കെ. 2003)

## തുല്യാവകാശം

ഞാൻ പുരുഷന്മാരുടെയും സ്ത്രീകളുടെയും അവകാശ സമത്വത്തെയും കടമകളെയും സംബന്ധിച്ചുള്ള ഖുർആനിക വചങ്ങൾ പരിശോധിക്കുകയുണ്ടായി.അതിൽ എനിക്ക് കാണാൻ കഴിഞ്ഞത്, പുരുഷന്മാരേയും സ്ത്രീകളേയും ഒരുമിച്ച് അഭിസംബോധന ചെയ്തുകൊണ്ട് 227 തവണ അന്നാസ് എന്ന പദം ഉപയോഗിച്ചുട്ടുണ്ട്. അതുപോലെ ഇൻസാൻ എന്നു പറഞ്ഞുകൊണ്ട് പുരുഷന്മാരേയും സ്ത്രീകളേയും ഒരുമിച്ച് 61 തവണ അഭിസംബോധന ചെയ്തിട്ടുണ്ട്. ഇനി ശാരീരികമായ അവസ്ഥകളെ പരിഗണിച്ചുകൊണ്ട് സ്ത്രീകളെ മാത്രം അഭിസംബോധന ചെയ്തുകൊണ്ട് കൂടുതൽ കല്പനകളോ അധികഅവകാശങ്ങളോ നല്കിയിട്ടുള്ളത് 49 സ്ഥലങ്ങളിലാണ്. ഇതിനു വിപരീതമായി പുരുഷന്മാരെ മാത്രം അഭിസംബോധന ചെയ്തിട്ടുള്ളത് വെറും 11 സ്ഥലങ്ങളിലാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് ശാരീരിക വ്യത്യാസത്തെ കൂടാതെ വിശുദ്ധ ഖുർആൻ എവിടെയെല്ലാം കല്പനകൾ നൽകിയിട്ടുണ്ടോ അതെല്ലാം പുരുഷന്മാരെയും സ്ത്രീകളെയും ഒരുമിച്ച് അഭിസംബോധന ചെയ്തുകൊണ്ടാണ് നല്കിയിരിക്കുന്നത്. രണ്ടുപേരും അതിൽ തുല്യ പങ്കാളികളാണ്. കല്പനയിലും അവകാശങ്ങളിലും കടമകളിലും അല്ലാഹു രണ്ടു പേരിലും യാതൊരു വ്യത്യാസവും കല്പിച്ചിട്ടില്ല. (ഖുതുബ ജുമുആ, 11.7.80)

## നന്മ ചെയ്യുക, ചെയ്യിപ്പിക്കുക

യഥാർത്ഥത്തിൽ നന്മ ചെയ്യാനുള്ള അവസരം ലഭിക്കുക എന്നതും, നന്മ ചെയ്യിക്കുവാനുള്ള അവസരം ലഭിക്കുക എന്നതും രണ്ടും രണ്ടാണ്. ലജ്ന തർബിയ്യത്ത് നൽകുമ്പോൾ നന്മ ചെയ്യാനുള്ള അവസരം കരസ്ഥമക്കുന്നു. മറ്റുള്ളവരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുമ്പോൾ നന്മ ചെയ്യിപ്പിക്കുവാനുള്ള അവസരം ലഭിക്കുന്നു. ഏതോരാൾക്കാണോ നന്മ ചെയ്യിപ്പിക്കുന്നതിനായി ത്യജിക്കുന്ന സമയത്തിൽ ആനന്ദം ലഭിക്കാൻ തുടങ്ങുന്നത് അയാൾ വളരെ ദ്രുതഗതിയിൽ ആത്മീയ മൈതാനങ്ങളിൽ അഭിവൃദ്ധി കൈവരിക്കുവാൻ തുടങ്ങുന്നു. അതിനാൽ ലജ്നകൾ ചെയ്യേണ്ട കാര്യം, ഈ പെൺകുട്ടികളുടെ മേൽ ദീനീകാര്യങ്ങൾ ഏൽപ്പിക്കുക, ദീനിനെ സേവിക്കുന്നതിനുള്ള ജോലികൾ അവരെ ഏൽപിക്കുക. അവരെ തങ്ങളുടെ കാലത്തിലെ ഏറ്റവും നല്ല സേവികകളാക്കി മാറ്റുക. നന്മ ചെയ്യുന്നതിലുള്ള കൂടുതൽ അനന്ദങ്ങളെ കുറിച്ച് അവരെ ബോധവതികളാക്കുക. അവരുടെ മേൽ ചെറിയ ചെറിയ ഉത്തരവാദിത്വങ്ങൾ ഏൽപിക്കുക. ഞങ്ങൾ വേറെയാണ് ലജ്ന ഭാരവാഹികൾ വേറെയാണ് അവർ കല്പിക്കുന്നവരാണ് ഞങ്ങൾ കല്പന കേൾക്കാനുള്ളവരാണ് എന്ന തോന്നൽ ഇതു മൂലം ഇല്ലാതായിത്തീരുന്നു.


(ഖുത്വുബ ജുമുഅ 21.1.83)

## ഖിലാഫത്തിനെ വിലമതിക്കുക

**ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ സയ്യിദ് നുസ്റത്ത് ജഹാൻ ബീഗം സാഹിബ (റ)**

അല്ലാഹു ഖിലാഫത്തിലൂടെ നിങ്ങളെ ഒരു കൈയിൽ ഒരമിച്ച് കൂട്ടിയിരിക്കുകയാണ്. ഇതിനെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്ദേശപൂർത്തീകരണത്തിനും സുദൃഢതയ്ക്കുനുള്ള മാധ്യമമാക്കിയിരിക്കുകയാണ്. അതിനെ നിങ്ങൾ വിലമതിക്കുക. കാരണം ഇതിലൂടെ നിങ്ങൾക്ക് നുബുവ്വത്തിന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്കായി ദീർഘിപ്പിക്കുവാൻ മാത്രമല്ല ശാശ്വതമാക്കാനും സാധിക്കുന്നതാണ്. അതോടൊപ്പം ഇപ്പോഴത്തെ ഖലീഫ എന്റെ പ്രിയ മകൻ മഹ്മൂദിനു വേണ്ടിയും അവന്റെ സഹോദരന്മാർക്കും സഹോദരിമാർക്കും അവരുടെ സന്താനങ്ങൾക്കു വേണ്ടിയും പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു അവർക്ക് ദീർഘായുസ്സ് നൽകട്ടെ. അവർക്ക് ഏറ്റവും ഉന്നതമായ നിലയിൽ ദീനീസേവനം ചെയ്യുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇതിലാണ് എന്റെ സന്തോഷം. (സന്ദേശം, അൽ ഫുർഖാൻ റബ്വ, ഖിലാഫത്ത് പ്രത്യേക പതിപ്പ്, മെയ് 1967)



ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

# നമസ്കാര പാഠങ്ങൾ

## സനാഅ്

**സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക വതബാറക്കസ്മുക്ക വത്തആലാ ജദ്ദുക്ക വലാ ഇലാഹ ഗയറുക്ക**

**സുബ്ഹാന**- പരിശുദ്ധം, പരിശുദ്ധമായത്. ഒരു വസ്തു മലിനമാകുന്നു. നിങ്ങൾ അതിനെ നല്ലപോലെ ഉരച്ച് കഴുകുമ്പോൾ അത് പരിശുദ്ധമാകുന്നു. വസ്ത്രങ്ങൾ വൃത്തിയാക്കുന്നു. സ്ത്രീകൾ പറയുന്നു, ഞങ്ങൾ വസ്ത്രങ്ങൾ കഴുകി, വൃത്തിയാക്കി. കുട്ടികളുടെ വസ്ത്രങ്ങൾ കഴുകി അവയെ വൃത്തിയാക്കി. എന്താണ് പരിശുദ്ധമായ വസ്തു? യാതൊരു കറയും ന്യൂനതയും ഇല്ലാതിരിക്കുക. എന്നാൽ പരിശുദ്ധിമാത്രം മതിയാവുന്നതല്ല. അതിൽ മറ്റ് ചിലതും ഉണ്ടായിരിക്കേണ്ടതാണ്. വൃത്തിയായ വസ്ത്രം നിറങ്ങളെ സ്വീകരിക്കുന്നു. ആഗ്രഹിക്കുന്ന നിറം നൽകാവുന്നതാണ്. എന്ത് ചിത്രം വേണേലും അതിൽ വരക്കാം. അഴുക്കായ വസ്ത്രത്തിൽ കഴിയില്ല. അഴുക്കുള്ള വസ്ത്രത്തിൽ ചെയ്യുകയാണെങ്കിൽ അഴുക്കിളകി നിറത്തെ വികൃതമാക്കുന്നു.

അർത്ഥമിതാണ്, അല്ലാഹുവേ, നീ എല്ലാ കുറവുകളിൽ നിന്നും പരിശുദ്ധനാണ്. എന്നാൽ പരിശുദ്ധൻ മാത്രമല്ല മറിച്ച്, **വബിഹംദിക്ക**. എല്ലാ സവിശേഷഗുണങ്ങളും ഉൾക്കൊള്ളുന്നവനാണ്. അപ്പോൾ കുറവുകളിൽ നിന്നു മാത്രം പരിശുദ്ധമായാൽ പോരാ എല്ലാ ഗുണങ്ങളും അത്യാവശ്യമാണ്. ഇതാണ് പരിപൂർണ്ണ സ്തുതി. സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക അല്ലാഹുവേ നീ നിന്റെ സ്തുതിയോടൊപ്പം പരിശുദ്ധനാകുന്നു. അതായത് പരിശുദ്ധൻ മാത്രമല്ല സർവ്വ സ്തുതികളും നിന്നിലുണ്ട്. **വതബാറക്കസ്മുക്ക**. ആദ്യം പറഞ്ഞു നീ എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധനാണ് പിന്നീട് പറഞ്ഞു, എല്ലാ നന്മയും നിന്നിലുണ്ട്. പിന്നീട് വതബാറക്കസ്മുക്ക എന്നു പറയേണ്ട ആവശ്യമെന്താണ്? അതിലെ ഹിക്മത്ത് എന്താണ്? **സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക** എന്നതിൽ എല്ലാം പറഞ്ഞു കഴിഞ്ഞു. പിന്നെ വതബാറക്കസ്മുക്ക എന്നു പറയുന്നതെന്തിനാണ്? അല്ലാഹു എന്ന നാമത്തിൽ രണ്ടു കാര്യങ്ങൾ നാം പറഞ്ഞു. അതിൽ യാതൊരു തിന്മയുമില്ല, എല്ലാ നന്മയും അതിലുണ്ട്. ഇതാണ് ബർക്കത്തിന്റെ അർത്ഥം. യാതൊരു തിന്മയും ഇല്ലാത്ത എല്ലാ നന്മയും ഉള്ള നാമത്തിൽ നിന്നാണ് ബർക്കത്ത് കിട്ടുന്നത്. അതിൽ നിന്നല്ലാതെ മറ്റൊന്നിൽ നിന്നും അനുഗ്രഹം അന്വേഷിക്കേണ്ട. വതബാറക്കസ്മുക്ക ഇത് അനുഗ്രഹീത നാമമാകുന്നു. ഇത് മനസ്സിലാക്കി കൊണ്ട് ആര് ഈ നാമത്തെ ജപിക്കുന്നുവോ അവർക്ക് അനുഗ്രഹം ലഭിക്കും. **വതആലാ ജദ്ദുക്ക.** മറ്റെല്ലാ വ്യക്തിത്വങ്ങളിൽ നിന്നും ഉന്നതമായ വ്യക്തിത്വമാണിത്. മറ്റൊരു വ്യക്തിത്വങ്ങൾക്കും തന്നെ അതിനെ എതിരിടാൻ സാധ്യമല്ല. **വലാഇലാഹ ഗൈറുക്ക**. അല്ലാഹുവേ നീയല്ലാതെ മറ്റൊരു ആരാധ്യനില്ല. നാം പറഞ്ഞ എല്ലാ കാര്യങ്ങളും **വലാഇലാഹ ഗൈറുക്ക** എന്നു പറയാൻ നമ്മെ നിർബന്ധിതരാക്കിത്തീർക്കുന്നു. അതായത്, ഇനി നീ മാത്രമെയുള്ളു, നീയല്ലാതെ മറ്റാരുമില്ല. ലോകത്തിൽ വെച്ച് നാം പരാമർശിച്ച ഈ ആരാധ്യനിൽ മാത്രമെ എല്ലാ നന്മയും കാണപ്പെടുന്നുള്ളു.

ചുരുക്കത്തിൽ ഇത്തരത്തിലുള്ള ഒരു തയ്യാറെടുപ്പ് ലോകത്ത് മറ്റൊരു ആരാധനയിലും നമസ്കാരത്തിനും കാണാൻ സാധ്യമല്ല. ലോകത്ത് ഹിന്ദുക്കൾ, സിക്കുകാർ, ക്രിസ്ത്യാനികൾ തുടങ്ങിയ വിവിധതരത്തിലുള്ള ആരാധകരുണ്ട്. അവർ ബാന്റ് കൊട്ടുകയൊ മറ്റെന്തെങ്കിലും ചെയ്തുകൊള്ളട്ടെ, ഇത്ര മനോഹരവും ദൈവത്തെ പരിപൂർണ്ണമായും പരിചയപ്പെടുത്തുന്ന ഒരു ആരാധന ലോകത്ത് മറ്റൊരു ഗ്രന്ഥത്തിലും നിങ്ങൾക്ക് ലഭിക്കില്ല. നിങ്ങൾ നിങ്ങളുടെ ആരാധന ജനങ്ങളെ പഠിപ്പിക്കുക, ഞങ്ങളുടെ ആരാധന ഇതാണെന്ന് അവരോട് പറയുക, അവർക്ക് കാണിച്ചുകൊടുക്കുക. അങ്ങിനെയെങ്കിൽ എല്ലാവരിലും നിങ്ങൾക്ക് തലയുയർത്തി നിൽക്കാം. അല്ലാഹു എത്ര നല്ല ആരാധനയാണ് ഞങ്ങൾക്ക് പഠിപ്പിച്ചു തന്നിട്ടുള്ളത്. മതത്തിന്റെ ലക്ഷ്യം ആരാധനയാണെങ്കിൽ അത് നിങ്ങൾ നിർവ്വഹിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളോടൊപ്പം പങ്കുചേരുക. ആരാധനയുടെ ആരംഭം തന്നെ ഇസ്ലാമിനുവേണ്ടിയുള്ള തെളിവായിത്തീരുന്നു. ജനങ്ങൾ മതത്തിൽ എന്തിനാണ് വിശ്വസിക്കുന്നത്? അത് അല്ലാഹുവുമായി കൂട്ടിമുട്ടിക്കുന്നു. ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, യഹൂദികൾ, മുസ്ലിംകൾ വിവിധ മതവിഭാഗങ്ങളുണ്ട്. അവരുടെ ലക്ഷ്യമെന്താണ്? മാർഗത്തെയാണ് മതം എന്നു പറയുന്നത്. അല്ലാഹുവിലേക്ക് എത്തിക്കുന്ന മാർഗമാണ് മതം. അതുകൊണ്ടാണ് വിശ്വസിക്കുന്നത്, അതാണ് ലക്ഷ്യവും. മറ്റെല്ലാം കഥകളാണ്. നിങ്ങൾ ഇസ്ലാമിക നമസ്കാരത്തെ മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തു കൊണ്ട് ചോദിക്കുക, നിങ്ങൾ എന്തിനാണ് മതത്തിൽ വിശ്വസിക്കുന്നത്? അല്ലാഹുവിന്റെ സാമീപ്യം കരസ്തമാക്കാനല്ലേ? അങ്ങിനെയെങ്കിൽ ഇതിനേക്കാൾ ഉത്തമമായ മറ്റൊരു മാർഗം പറഞ്ഞു തരിക. നിങ്ങളുടെ ആരാധന എന്താണ്? ഏതാണ് ഉത്തമവും, വേഗത്തിൽ എത്തിക്കുന്നതും, കൂടുതൽ ഗുണകാരിയും എന്ന് നോക്കുക. അതിനെ പിടിക്കുക. ഇസ്ലാമിന്റെ തബ്ലീഗ് നമസ്കാരം കൊണ്ടും സാധ്യമാണ്. നമസ്കാരം ഇന്നീ വജ്ജഹ്തു കൊണ്ട് ആരംഭിക്കുക. എല്ലാ കാര്യങ്ങളും നിങ്ങളുടെ കൂട്ടുകാരെ പറഞ്ഞു മനസ്സിലാക്കുക. നോക്കുക സന്ദേശം എത്തിക്കുന്നതിനുള്ള എത്ര മനോഹരമായ മാർഗമാണ്. ഈ മാർഗമവലംബിക്കുക. ഇതിലൂടെ നിങ്ങൾക്ക് അല്ലാഹുവിനെ ലഭിക്കുന്നതാണ്.

## തഅവ്വുദ്

**അഊദുബില്ലാഹി മിന ശൈത്വാനിർ റജീം**

ഞാൻ അല്ലാഹുവിനോട് അഭയം തേടുന്നു. ശപിക്കപ്പെട്ട ശൈത്വാനിൽ നിന്ന്.

ഇക്കാര്യം സ്ത്രീകൾക്ക് അവരുടെ രീതിയിലും പുരുഷന്മാർക്ക് അവരുടെ രീതിയനുസരിച്ചും മനസ്സിലാക്കാവുന്നതാണ്. നിങ്ങളുടെ കൈപിടിച്ച് പോകുന്ന ഒരു കുട്ടി ഓടി മുന്നോട്ട് പോകുകയും പെട്ടെന്ന് ഒരു പട്ടിയെ കാണുമ്പോൾ അതിനെ പേടിച്ച് വേഗത്തിൽ തിരിച്ച് വന്ന് നിങ്ങളെ കെട്ടിപ്പിടിക്കുകയും ചെയ്യും. എന്നിട്ട് ഈ പട്ടി എന്റെ പുറകിൽ കൂടിയിരിക്കുകയാണ്, എന്നെ എടുക്കുക എന്നും പറയും. ഇതിനെയാണ് അഭയം തേടുക എന്ന് പറയുന്നത്.

അല്ലാഹുവെ ഞാൻ നിന്റെ സംരക്ഷണത്തിൽ വരുന്നു. ആരിൽ നിന്ന്? പിശാചിൽ നിന്ന്. അഴിച്ചുവിട്ടിരിക്കുന്ന ഒരു പട്ടിയുണ്ട്. അത് എന്റെ പുറകിൽ കൂടിയിരിക്കുകയാണ്. നീ എന്നെ നിന്റെ മടിയിലെടുക്കുക. പട്ടികളിൽ നിന്ന് രക്ഷപ്പെടാൻ മാതാപിതാക്കൾ ഉപകാരപ്പെടുന്നതു പോലെ. ശൈത്വാനിൽ നിന്ന് രക്ഷനേടാൻ അല്ലാഹുവാണ് സഹായിക്കുക. മാതാപിതാക്കൾ സഹായിക്കില്ല. അപ്പോൾ അല്ലാഹുവിനോട് അഭയം തേടുന്നു.

അല്ലാഹുവിനോട് അഭയം തേടുകയാണ്, അല്ലാഹുവേ നിന്റെ സംരക്ഷണത്തിൽ വരുന്നവരെ ഒന്നും ചെയ്യാൻ പിശാചിന് കഴിയില്ല. പിശാച് അല്ലാഹുവിനെ മാത്രമാണ് ഭയപ്പെടുന്നത്. മറ്റാരെയും പേടിയില്ല. അതു കൊണ്ട് അല്ലാഹുവിന്റെ അടുത്തേക്ക് തന്നെ പോകില്ല. അതു കൊണ്ടാണ് വിരട്ടപ്പെട്ടവൻ എന്ന് കൂടെ പറഞ്ഞത്. പട്ടിയെ ആരെങ്കിലും ഹുശ് എന്ന് പറഞ്ഞ് ഓടിക്കുകയാണെങ്കിൽ ആ പട്ടിയെ വിരട്ടപ്പെട്ടവൻ എന്നു പറയുന്നു. അപ്പോൾ കടന്നുപോകുക എന്ന് പറഞ്ഞ് അല്ലാഹു പിശാചിനെ ഓടിച്ച് വിട്ടതിനാൽ ഇനി പിശാച് അല്ലാഹുവിന്റെ അടുക്കൽ പോകില്ല. അപ്പോൾ ഞങ്ങൾ നിന്റെ അഭയത്തിൽ വരുന്നു, അല്ലാഹുവേ നീ ഞങ്ങളെ സംരക്ഷിക്കണേ. നീ വിരട്ടിയോടിച്ച പിശാചിൽ നിന്ന് ഞങ്ങളെ രക്ഷിക്കണേ. എവിടെയെല്ലാം പോകുന്നുവോ പിശാച് അവിടെയെല്ലാം ഉണ്ടാകാം. നിന്റെ അടുത്ത് ഉണ്ടാവില്ല. ഇതാണ് അഊദു ബില്ലാഹി മിന ശൈത്വാനിർ റജീം എന്നതിന്റെ വിവക്ഷ.

(ഉർദു ക്ലാസ്സ് 310, 11.10. 1997)

(സമ്പാ: അബൂ അബ്ദുൽ ബാരി)

**വീക്ഷണവിശേഷം**

ഒബ്സർവർ

# മുടന്തി വരുന്ന വിവേകം

ബോധനം 2012 മാർച്ച് ഏപ്രിൽ, ലക്കത്തിൽ ഇസ്‌ലാമും വിശ്വാസസ്വാതന്ത്ര്യവും എന്ന തലക്കെട്ടിൽ വന്ന ഖുർആൻ വ്യാഖ്യാനം ലാ ഇക്‌റാഹ ഫിദ്ദീൻ എന്നതിന്റെ പോളിഷ് പൂശിയ പോളിസിയാണന്ന് പറഞ്ഞാൽ അത് അധികപ്പറ്റായിരിക്കില്ല. ആചാര്യവചസുകളെ പോളിസി മാറ്റത്തിലൂടെ മുൻപും പലവുരു മാറ്റിയിരുന്നു. അനുയായികൾക്ക് അതൊക്കെ എന്നേ സ്വഭാവത്തിലും ശീലത്തിലും അലിഞ്ഞുചേർന്നിരിക്കുന്നു.

ലേഖനത്തിൽ പറയുന്നു: 'പ്രവാചകൻ (സ) ഇസ്‌ലാം സ്വീകരിക്കാൻ അറബികളെ നിർബന്ധിക്കുകയും അവരോട് ഏറ്റുമുട്ടുകയും ചെയ്തു, ഇസ്‌ലാം സ്വീകരിക്കാതെ മറ്റൊന്നുകൊണ്ടും തിരുമേനി (സ) സാതൃപ്തനായിരുന്നില്ല എന്ന് നാം പറയുകയാണെങ്കിൽ അത് അങ്ങേയറ്റം അബദ്ധജഡിലമാണ്.'

ഈ അബദ്ധ ജഡില സിദ്ധാന്തത്തിന്റെ വക്താവ് സാക്ഷാൽ ആചാര്യൻ മൗദൂദി സാഹിബ് തന്നെയായിരുന്നു.

അദ്ദേഹം പറയുന്നു: 'റസൂലുല്ലാഹ് (സ) 13 വർഷത്തോളം ആളുകളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. സദുപദേശത്തിന്റെ സാധ്യമായ ഏറ്റവും ഫലപ്രദമായ മാർഗങ്ങൾ അവലംബിച്ചു. ശക്തമായ തെളിവുകൾ നൽകി. വ്യക്തമായ ന്യായവാദങ്ങൾ നിരത്തി. എന്നാൽ സദുപദേശത്തിന്റെ പരാജയത്തെത്തുടർന്ന് ഇസ്‌ലാമിക പ്രബോധകൻ വാൾ കയ്യിലേന്തി......അങ്ങിനെ ഹൃദയത്തിൽ നിന്നും പതിയെപ്പതിയെ തിന്മയുടെയും അക്രമണത്തിന്റെയും കറകൾ ഇല്ലാതാവാൻ തുടങ്ങി. പ്രകൃതത്തിലെ കുഴപ്പങ്ങളുടെ ധാതുക്കൾ സ്വയം ഇല്ലാതായിത്തുടങ്ങി.... .............അറേബ്യയെപ്പോലെ മറ്റു രാജ്യങ്ങളും ഇസ്‌ലാമിനെ അതിശീഘ്രം സ്വീകരിച്ചു. ഒരു നൂറ്റാണ്ടിനകം തന്നെ ലോകത്തിന്റെ നാലിലൊന്ന് മുസ്‌ലിംകളായി. അതിനുള്ള കാരണവും ഇസ്‌ലാമിന്റെ വാൾ, ഹൃദയത്തിൽ ഉണ്ടായിരുന്ന മറകളെ കീറിമുറിച്ചതായിരുന്നു.' (അൽജിഹാദു ഫിൽ ഇസ്‌ലാം)

ആയത്തിനെ നാസിഖ് മൻസൂഖ് ചർച്ചയിലൂടെയാണ് ലേഖകൻ രംഗത്തേക്ക് കൊണ്ടുവരുന്നത്. അത് നാസിഖാണോ അല്ലയോ എന്ന് പറയാതെ അല്ല എന്ന രീതിയിലാണ് അവതരണം.

അതേസമയം നാസിഖ് മൻസൂഖ് ഖുർആൻ സ്വയം അംഗീകരിച്ച യാഥാർഥ്യമാണെന്ന് യുക്തിവാദികൾക്കെഴുതിയ മറുപടിയിൽ ഒ.അബ്ദുറ്റഹ്മാൻ സാഹിബ് നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നതാണ്.

ഏതാണ് ശരി, നാസിഖ് മൻസൂഖ് ചർച്ചയെതുടർന്ന് ലേഖകൻ പറയുന്നു.

'കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിൽ ഏത് വിഭാഗത്തിന്റെ ഭാഗമാണ് ശരി. ആരാണതിൽ തീർപ്പ് കൽപ്പിക്കുക. ഒരു വിഭാഗം അബദ്ധം പിണഞ്ഞവരാണെങ്കിൽ(ഒരിക്കലും രണ്ടും ശരിയാവാൻ ന്യായമില്ല) ആരാണ് അവരെ ശരിയിലേക്ക് കൊണ്ടുവരിക. ഇസ്‌ലാമിക സമൂഹം ഭിന്നിപ്പിലേക്കും പിളർപ്പിലേക്കും വഴുതിയാൽ ആരാണ് അവർക്കിടയിലെ പ്രശ്നങ്ങൾ പരിഹരിക്കുകയും ഒരുമിച്ച് നിർത്തുകയും ചെയ്യുക.'

സാർഥകമായ ഈ ചോദ്യത്തിന് മൗദൂദി സാഹിബിന്റെ ഉത്തരമാണ് ബോധനത്തെ ബോധിപ്പിക്കാനുള്ളത്. അദ്ദേഹം പറയുന്നു.

'സമ്പൂർണനായ പരിഷ്കർത്താവ് ഈ എല്ലാ മേഖലകളിലും പൂർണമായും പ്രവർത്തിച്ച് സ്വഹാബത്തിന്റെ പിന്തുടർച്ചയുടെ കടമ നിറവേറ്റുന്നതാണ്.................ബുദ്ധി ആഗ്രഹിക്കുന്നത്, പ്രകൃതം അന്വേഷിക്കുന്നത് ലോകത്തിന്റെ ധ്രുതഗതിയിലുള്ള അവസ്ഥാവിശേഷം ആവശ്യപ്പെടുന്നത് അത്തരം ലീഡർ ജനിക്കണം എന്നാണ്. ഇക്കാലഘട്ടത്തിലോ അതല്ല കാലത്തിന്റെ ആയിരം ഭ്രമണങ്ങൾക്ക് ശേഷമാണെങ്കിലും ജനിക്കണം. അദ്ദേഹത്തിന്റെ പേര് അൽ ഇമാമുൽ മഹ്ദി എന്നായിരിക്കും. അദ്ദേഹത്തെക്കുറിച്ച് തിരുനബി (സ) ന്റെ വചനങ്ങളിൽ വ്യക്തമായ പ്രഖ്യാപനങ്ങൾ ഉണ്ട്. '(തജ്ദീദോ ഇഹ്‌യായെ ദീൻ പേജ് 39)

അതേ നബി (സ) പറഞ്ഞു.

**യൂഷിക്കുമൻ ആശ മിൻകും അൻ യൽഖാ ഈസബ്നു മർയമ ഇമാമൻ മഹ്ദിയ്യൻ ഹകമൻ അദലൻ.** നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ ഈസബ്നു മർയമിനെ ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവുമായി കാണുന്നതാണ്.

നിശ്ചിത കാലത്ത് തന്നെ അല്ലാഹു ഹദ്റത്ത് അഹ്മദ് (അ) നെ വാഗ്ദത്ത മഹ്ദിയും നീതിമാനായ വിധികർത്താവുമായി നിയോഗിച്ചിരിക്കുന്നു.



## വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )**

# ഖിലാഫത്തിന്റെ പ്രാധാന്യം എന്താണ്?

മുസ്‌ലിം ഉമ്മത്ത് ഇന്ന് കക്ഷി പ്രതികക്ഷികളായിരിക്കയാണ്, മതപരമായി മാത്രമല്ല രാഷ്ട്രീയപരമായും. ഐക്യത്തോടെ ഒരു ജനതക്ക് കൈവരിക്കാവുന്ന പുരോഗതി ഒരിക്കലും ഭിന്നിച്ച കക്ഷികൾക്ക് സാധ്യമല്ല. അവരുടെ ശക്തി വിഭജിച്ച് പോകുന്നതിന്ന് പുറമെ അന്യോന്യം പോരടിച്ച് കഴിച്ച് പോവുകയും ചെയ്യുന്നു. അങ്ങിനെ വരുമ്പോൾ ശക്തി ആകെ തുക പൂജ്യത്തിനും താഴെ പോകാം. എത്ര വലിയ സമൂഹമാണെങ്കിലും പരസ്പരം കലഹിക്കുകയും പോരടിക്കുകയും തമ്മിൽ തന്നെ ജിഹാദ് പ്രഖ്യാപിക്കുകയും ചെയ്താൽ പിന്നെ ഇസ്‌ലാമിക താൽപര്യങ്ങളെ സംരക്ഷിക്കാനും ശത്രുക്കളെ പ്രതിരോധിക്കാനും ഇവർക്കെന്തു ചെയ്യാൻ സാധിക്കും? ഒരു ഇമാമിന്റെ കീഴിൽ അണിനിരക്കേണ്ടതിന്റെ പ്രസക്തി ഇവിടെയാണ്. ഒരു വ്യവസ്ഥക്ക് കീഴിൽ അച്ചടക്കത്തോടെ അണിനിരക്കണം. ഇത് ഖിലാഫത്തില്ലാതെ സാധ്യമല്ല. ഒരു പ്രവാചകന്റെ കാലശേഷം അദ്ദേഹത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന വ്യക്തിയാണ് ഖലീഫ. ഖിലാഫത്തിന്റെ പ്രാധാന്യം തിരുനബി (സ) യുടെ വിയോഗാനന്തരം തന്നെ മനസ്സിലാക്കേണ്ടതാണ്. ഇസ്‌ലാമിക അധ്യാപനത്തിന്റെ സമസ്ത മേഖലകളിലും ഇത് പ്രകടമാണ്. ഐക്യവും അച്ചടക്കവുമില്ലാതെ ഇസ്‌ലാം പ്രയോഗത്തിൽ കൊണ്ടുവരാൻ സാധ്യമല്ല. അഞ്ചുനേരം പള്ളിയിൽ നമസ്കാരം നടക്കുന്നത് ഇമാമിനു പിന്നിലാണ്. അവിടെ സന്നിഹിതരായ വിശ്വാസികളുടെ ഐക്യം ഇതുവഴി പ്രകടമാവുന്നു. അതിനാലാണ് ജമാഅത്തായുള്ള നമസ്കാരത്തിനു വിശുദ്ധ ഖുർആനിൽ വളരെയധികം പ്രാധാന്യം നൽകിയത്.

നമസ്കാരത്തിൽ ഇമാമിന്റെ പ്രാധാന്യം എത്രത്തോളമെന്നാൽ ഇമാം തെറ്റ് ചെയ്തതായി അറിഞ്ഞാൽ പോലും പുറകിലുള്ളവർ അത് ആവർത്തിക്കുന്നു. ഒരു നേതൃത്വത്തിന്റെ ആവശ്യകതയെകുറിച്ചും ഒരു ജനതയുടെ ഐക്യത്തെകുറിച്ചും ഇതിലും നന്നായി എങ്ങിനെ സമർത്ഥിക്കാനാണ്? ഒരു ചെറിയ സമൂഹത്തിനായി പള്ളിയിൽ നേതാവ് നിർബന്ധമാണെങ്കിൽ ഒരു സമുദായത്തിന് (ഉമ്മത്ത്) നേതൃത്വം വേണ്ടേ? മുസ്‌ലിംകൾ എവിടെയാണെങ്കിലും ഖിബ്‌ലയെ അഭിമുഖീകരിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെ മുഴുവൻ മുസ്‌ലിംകൾക്കും അവര് എവിടെയാണെങ്കിലും ഒരേ ഖിബ്‌ല തന്നെ. പ്രാദേശിക തലത്തിൽ പള്ളിയിൽ കാണുന്ന സ്ഥിതിവിശേഷമാണ് ഇവിടെ ആഗോളതലത്തിലും കാണുന്നത്.

റസൂൽ തിരുമേനിയുടെ വിയോഗവേളയിൽ മുസ്‌ലിംകൾ ആത്മീയമായും മറ്റു രീതിയിലും ഇന്നത്തെ മുസ്‌ലിംകളെക്കാൾ മുമ്പന്തിയിലായിരുന്നു. എന്നിട്ടും അവർക്ക് ഇമാമിനെ ആവശ്യമായിരുന്നെങ്കിൽ നമുക്ക് എങ്ങനെ ഇമാമില്ലാതെ മുന്നോട്ട് പോവാൻ സാധിക്കും? *സമ്പാ: ഡോ. സലാഹുദ്ദീൻ*

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ)നെ നിരാകരിക്കാനാണ് ഭൂരിപക്ഷവും ശ്രമിച്ചത്.

അതും ചരിത്ര പുനരാവർത്തനവും തിരുനബിയുടെ ദീർഘദർശനവുമാണ്.

മൗദൂദി സാഹിബ് പറയുന്നു: 'പ്രതീക്ഷക്ക് വിരുദ്ധമായി മർയമിന്റെ പുത്രനായ ഈസാ മസീഹ് (അ) ദൈവത്താൽ നിയോഗിതനായപ്പോൾ യഹൂദികൾ അദ്ദേഹത്തിനെ (മസീഹ് പദവിയെ) അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കുകയാണ് ചെയ്തത്. (തഫ്ഹീമുൽ ഖുർആൻ, ഭാഗം.4)

അതേ സരണിയിൽ ചരിക്കുന്ന മൗദൂദി സാഹിബും കൂട്ടാളികളും അതുകൊണ്ട് തന്നെ ചോദ്യങ്ങൾ ചോദിച്ച് അന്ധാളിക്കുകയാണ്.

ഇൻശാ അല്ലാഹ് ഇന്നെല്ലെങ്കിൽ നാളെ ഹദ്റത്ത് അഹ്മദ് (അ) ന്റെ സത്യം അംഗീകരിക്കാനുള്ള വിവേകം മുടന്തി മുടന്തിയാണെങ്കിലും ഇക്കൂട്ടരെ തേടി എത്തുമായിരിക്കും.

***ഗുട്ടൻസ്***

ലോകത്തെങ്ങുമുള്ള യഹൂദികൾ വാഗ്ദത്ത മസീഹിനെ പ്രതീക്ഷിച്ചിരിക്കുകയാണെന്ന് അവരുടെ സാഹിത്യങ്ങൾ വരാനിരിക്കുന്ന ആ സുവർണകാലഘട്ടത്തിന്റെ മധുര സ്വപ്നങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയാണെന്നും മൗദൂദി സാഹിബ് നെടുവീർപ്പിടുന്നു.(തഫ്ഹീമുൽ ഖുർആൻ.ഭാഗം 4)

ദഅ്‌വത്തെ ഇലല്ലാഹ്



# തബ്‌ലീഗ് ചില മാർഗനിർദ്ദേശങ്ങൾ

## ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ ആവേശം

ശേഖ് യാഖൂബ് അലി സാഹിബ് എഴുതുന്നു, പരിക്കും അതിന്റെ വേദനയും, ഉറക്കക്കുറവും അതിന്റെ ബുദ്ധി മുട്ടുകളും, പ്രായാധിക്യവും ബലഹീനതയും ഉണ്ടായി രുന്നിട്ടു കൂടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) തബ്‌ലീഗി അവേശം പാരമ്യതയിലായിരുന്നു. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് മടങ്ങി വന്നപ്പോൾ അദ്ദേഹത്തിന്റെ യാത്രയെ സംബന്ധിച്ചും അവിടങ്ങ ളിലെ തബ്‌ലീഗി പ്രവർത്തനങ്ങളെ സംബന്ധിച്ചും ആവേശത്തോടുകൂടി ചോദിച്ചറിഞ്ഞു കൊണ്ടിരുന്നു. അതിന്റെ വിശദവിവരങ്ങൾ അറിഞ്ഞപ്പോൾ വളരെ സന്തോഷിച്ചു. പിന്നീട് ഖാജാ സാഹിബ് (ഖാജാ കമാ ലുദ്ദീൻ സാ ഹിബ്) ആദ്യമായി സന്ദർശത്തിനായി വന്നു. അപ്പോൾ അലീഗഢിൽ ആദ്യ പ്രഭാഷണം തന്റേതാ ണെന്നും അദ്ദേഹം പറഞ്ഞു. ഇത് സംബന്ധിച്ച് സാഹിബ് സാദാ ആഫ്താബ് അഹ്മദ് സാഹിബിന്റെ കമ്പി ലഭിച്ചിരിക്കുന്നു. എന്നാൽ ഹുസൂറിന്റെ അനാ രോഗ്യം കാരണം എനിക്ക് വരാൻ കഴിയില്ലെന്ന് ഞാൻ അറിയിച്ചു. അന്നേരം ടെലിഗ്രാമിലൂടെ അങ്ങയുടെ ആരോഗ്യത്തെകുറിച്ച് അന്വേഷിക്കുകയും ചെയ്തു. കൂടാതെ ഹുസൂറിന്റെ ആരോഗ്യം മെച്ചപ്പെടുന്നതു വരെ വരേണ്ടതില്ലാ എന്നും അറിയിച്ചു. അത് കേട്ട പ്പോൾ ഹുസൂർ പറഞ്ഞു, ഇല്ല. എന്റെ രോഗം തബ്‌ലീ ഗിന്റെ മാർഗത്തിൽ ഒരു തടസ്സമാകരുത്. അവിടെ തീർച്ചയായും പോകണം. ഞാൻ എന്നെ സത്യദീനിന്റെ ജോലിയിൽ ഒരുതരത്തിലുമുള്ള തടസ്സമാക്കാൻ ആഗ്ര ഹിക്കുന്നില്ല എന്നദ്ദേഹത്തെ അറിയിക്കുക. സത്യദീ നിന്റെ സേവനത്തിൽ തന്നെ ജീവിതം മുഴുമിപ്പിക്കുക എന്നതാണ് എന്റെ അഭിലാഷം. താങ്കൾ തീർച്ചയായും പോകണം. (അൽ ഹക്കം 7.1.1911, പേജ് 5)

## തബ്‌ലീഗിൽ വിജയത്തിനുള്ള മാർഗം

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)**

എതിരാളി നേർമാർഗം കരസ്ഥമാക്കണം എന്ന ഉദ്ദേശ്യ മുണ്ടാകുമ്പോഴാണ് തബ്‌ലീഗ് വിജയിക്കുക. ഇക്കാ ര്യത്തെ പരിഗണിക്കാതെ കണ്ട് വാദപ്രതിവാദത്തിൽ വിജയം ലഭിച്ചാലും അത് യഥാർത്ഥ വിജയമായിരിക്കി ല്ല. ഉദാഹരണമായി, നിന്റെ ഒരു കവിളിൽ ആരെങ്കിലും അടിച്ചാൽ മറു കവിളും കാണിച്ചു കൊടുക്കുക എന്ന ത് ഞങ്ങളുടെ മതത്തിന്റെ അധ്യാപനമാണെന്ന് പൊതു വിൽ ക്രിസ്ത്യാനികൾ പറയാറുണ്ട്. സംവാദത്തിൽ ഏർപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു ക്രിസ്ത്യാനിയുടെ കവിളത്ത് നിങ്ങൾ അടിച്ചാൽ അയാൾ എതിർ ക്കും. അപ്പോൾ ഇതാണോ നിങ്ങളുടെ അധ്യാപനം എന്ന് ചോദിക്കുന്നു. അന്നേരം ഗംഭിരതയും ഗൗരവതയും കൈവിട്ട് ചർച്ച കേൾക്കുന്നതിൽ മാത്രം വ്യാപൃതരായ ജനങ്ങൾ എത്ര ഉഗ്രൻ തെളിവ് എന്ന് പറയും. എന്നാൽ സത്യം കരസ്ഥമാക്കുന്നതിന്നായി ചർച്ചയിൽ ഏർപ്പെ ട്ടിരുന്ന ക്രിസ്ത്യാനി സത്യം സ്വീകരിക്കില്ല. കാരണം അവന്റെ ശ്രദ്ധ ആ തെളിവിലേക്കായിരിക്കില്ല മറിച്ച്, അയാളുടെ മനസ്സിൽ അയാൾക്കു കിട്ടിയ അടിയായി രിക്കും ഉണ്ടാകുക. ചുരുക്കത്തിൽ ചില തെളിവുകൾ മറ്റുള്ളവർക്ക് ശക്തവും പ്രഭാവിതവും ആകുമ്പോൾ ആരെയാണോ നേർമാർഗത്തിലേക്ക് ക്ഷണിക്കുന്നത് അവർക്ക് അങ്ങിനെയാവില്ല. അതിനു പകരം നിസാ രമായ കാര്യമായിരിക്കും അവരിൽ സ്വാധീനം ചെലു ത്തുക. അതിനാൽ ജനങ്ങളെ നേർമാർഗത്തിലേക്ക് കൊണ്ടുവരണം വാദപ്രദിവാദമല്ല ഉദ്ദേശ്യം എന്നത് തബ്‌ലീഗിനായി പുറപ്പെടുന്നവർ ശ്രദ്ധിക്കേണ്ടതാണ്. അതിനാൽ ജനങ്ങളെ രസിപ്പിക്കാൻ വേണ്ടി മാത്രമുള്ള സംസാരത്തേക്കാളും, അല്ലെങ്കിൽ നേർമാർഗത്തിന് കാരണമാകാത്ത സംസാരത്തേക്കാളം, അല്ലെങ്കിൽ അധിക സംസാരത്തേക്കാളും ഉത്തമമാതയ് നിങ്ങളുടെ മൗനമോ, മൃദുവായ സംസാരമോ അല്ലെങ്കിൽ അല്പ സംസാരമോ ആണെങ്കിൽ അത് ആയിരം മടങ്ങ് ഉത്ത മമാകുന്നു. മറ്റുള്ളവർക്ക് നേർമാർഗം കാണിച്ചുകൊ ടുക്കുകയും നേരായ മാർഗത്തിൽ കൊണ്ടുവരികയും ചെയ്യുക മാത്രമാണ് നമ്മുടെ ജോലിയെന്ന വികാരം നിങ്ങളിൽ സംജാതമാകുകയാണെങ്കിൽ നിങ്ങളുടെ അതി നിസാര സംസാരം പോലും മറ്റുള്ളവരെ പ്രഭാ വിതരാക്കുന്നതും ഗുണകാരിയുമാക്കുന്നതാണ്.

ചുരുക്കത്തിൽ, ജനങ്ങൾ നേർമാർഗം കരസ്ഥമാ ക്കണം എന്ന ചിന്ത തബ്‌ലീഗിന്റെ വിജയത്തിന് അനി വാര്യ ഘടകമാകുന്നു. നോക്കുക, നബിമാരുടെ വിജ യം സംവാദത്തിലൂടെ ആയിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) എല്ലായിടത്തും വാദപ്രതിവാദം നടത്തി കറങ്ങുകയായിരുന്നുവോ? പ്രവാചകന്മാരെ അവ രുടെ വികാരമാണ് വിജയിപ്പിക്കുന്നത്. വിശുദ്ധഖുർ ആനിൽ അല്ലാഹു മുഹമ്മദ് നബി (സ) തിരുമേനിയെ സംബന്ധിച്ച് പറയുന്നു, ലഅല്ലക്ക ബാഖിഉന്നഫ്സക്ക ഇല്ലാ യകൂനൂ മുസ്‌ലിമീൻ. ജനങ്ങൾ വിശ്വാസികളാ യിത്തിരണം എന്ന അഭിലാഷം അത്യധികമായി തിരു നബി (സ) യുടെ ഹൃദയത്തിലുണ്ടായിരുന്നു. അത് തിരുമേനി (സ) യുടെ ജീവന് തന്നെ ഭീഷണിയാകു മെന്ന് തോന്നിപ്പിച്ചിരുന്നു. നബി (സ) യുടെ ഹൃദയ ത്തിൽ എത്രകണ്ട് വേദന ഉണ്ടായിരുന്നുവെന്ന് ഇതിൽ നിന്നും അനുമാനിക്കാവുന്നതാണ്. ഈയൊരു വേദ നയോടൊപ്പം പുറപ്പെടുമ്പോഴാണ് തബ്‌ലീഗിൽ വിജ യം കരസ്ഥമാകുക. ജനങ്ങളെ വിശ്വാസികളാക്കണം എന്ന ദൃഢവിശ്വാസം മനസ്സിൽ ഉണ്ടായിരിക്കണം. ഈ വികാരത്തോടു കൂടി പുറപ്പെടുന്നവർ, സംവാദങ്ങളി ലൂടെ മറ്റുള്ളവരുടെ പ്രശംസകൾ കൈപറ്റുന്ന പണ്ഡിതരേക്കാൾ കൂടുതലായി ജനങ്ങളെ അഹ്മദി യ്യത്തിൽ പ്രവേശിപ്പിക്കുന്നതായി കാൺമാൻ സാധിക്കു ന്നു. ചുരുക്കത്തിൽ എന്ത് കൊണ്ട് ജനങ്ങൾ സത്യത്തി ലേക്ക് വരുന്നില്ല, എന്തുകൊണ്ടാണ് അവർ വഴിതെറ്റി പോകുന്നത് എന്ന ചിന്ത ക്ഷണിക്കുന്ന വ്യക്തിയുടെ ഹൃദയത്തിൽ ഉടലെയുക്കുമ്പോഴാണ് വിജയം ലഭിക്കു ന്നത്. തബ്‌ലീഗിൽ വിജയിക്കുന്നതിനുള്ള ഏക മാർഗ മാണിത്. ഇതിനുശേഷം ഒരു ഉപദേശത്തിന്റെയും ആവ ശ്യമില്ല. മറ്റ് ഉപദേശങ്ങൾ വന്നു കൊണ്ടേയിരിക്കുന്ന താണ്. (അൽ ഫള്ൽ 29.1.24)

## സുഹൃത്ത് ബന്ധം സ്ഥാപിക്കുക

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ഓരോരുത്തരും തങ്ങൾക്ക് നിരന്തരമായി സ്നേഹിക്കുവാൻ കഴിയുന്ന, കൂടുതൽ സ്നേഹത്തോടെ പെരുമാറാൻ കഴിയുന്ന സുഹൃത്തുകളെ സൃഷ്ടിക്കേണ്ടതാണ്. അവർക്കായി സേവനം ചെയ്യേണ്ടി വരും. അങ്ങിനെയുള്ള സുഹൃ ത്തുക്കളെ നിങ്ങളുടെ ഭൗതികവാക്കുകൾ സ്വീകരി ക്കുന്നതിന് അർഹരാകുന്ന തരത്തിൽ അടുപ്പിക്കുക. അങ്ങിനെയുള്ളവർ പിന്നീട് നിങ്ങളുടെ ആത്മീയ വാക്കുകളെയും സ്വീകരിക്കുന്നതാണ്. വിശുദ്ധഖുർ ആൻ പരാമർശവിധേയമാക്കിയിട്ടുള്ള വിഷയമാണിത്. അതിനാൽ നല്ല മാന്യരായ ആളുകളോട് കൂട്ടുകൂടുക. സുഹൃത്ബന്ധം സഹപ്രകൃതക്കാരുമായിട്ടാണ് ഉണ്ടാ കാറുള്ളത്. ഇതിൽ നിന്നും മനസ്സിലാകുന്ന മറ്റൊരു കാര്യം വിഭിന്ന പ്രകൃതക്കാരിൽ എന്തിന് സമയം പാഴാ ക്കണം എന്നതാണ്. വിഭിന്ന പ്രകൃതക്കാരായവരോട് സംവാദം നടത്തുന്നത് സമയം നഷ്ടപ്പെടുത്തലാണ്. ഹദ്റത്ത് ഈസാനബി (അ) ന്റെ വാക്കുകളിൽ അങ്ങി നെയുള്ളവരോട് വാദിക്കുന്നത് പന്നിക്ക് മുന്നിൽ പവി ഴങ്ങൾ ഇട്ടു കൊടുക്കുന്നത് പോലെയാണ്. പവിഴ ത്തിന്റെ യാതോരു മൂല്യവും പന്നികൾക്കറിയില്ല. സഹ പ്രകൃതക്കാരെ അന്വേഷിക്കുക. നിങ്ങളുടെ പ്രകൃത വുമായി സാമ്യമുള്ളവരെ കണ്ടെത്തുക. അവരുമായി സ്നേഹബന്ധം വളർത്തുക. അവരോട് കൂട്ടുകൂടു ക. അവരെ അടുത്ത് കൊണ്ടുവന്ന് ജീവിതത്തിന്റെ സന്ദേശം നൽകുക. ജീവിപ്പിക്കുന്നത് ഞാനാണെന്നാണ് അല്ലാഹുവിന്റെ പ്രഖ്യാപനം. നിങ്ങൾ അപ്രകാരം ചെയ്യുകയാണെങ്കിൽ നാം ജീവിതം നൽകുന്നതാണ്. അതിനാൽ ഇത് പരീക്ഷിച്ചു നോക്കുക. ഈ കുറിപ്പ ടിയെ പ്രചരിപ്പിക്കുക. ഇത് ദൈവസാമീപ്യം കരസ്ഥ മാക്കിയവരുടെ കുറിപ്പടിയാണ്. (തബ്‌ലീഗി രാഹെ അമൽ)

- ഇബ്നു അശ്റഫ്

# ഖുർആൻ വാരവും ആമീൻ പരിപാടിയും

**തിരുവിഴാംകുന്ന്:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഖുർആൻവാരത്തിൽ പാലക്കാട് സർക്കിൾ ഇൻചാർജ് മൗലവി മുഹമ്മദ് മൻസിൽ സാഹിബ്, മൗലവി മഹ്മൂദ് അഹ്മദ് സാഹിബ്, മൗലവി മുനവ്വർ അഹ്മദ് സാഹിബ്, മൗലവി ഫാഹിൻ സാഹിബ്, മൗലവി മുഹമ്മദ് യൂസുഫ് സാഹിബ്, മൗലവി ബശീറുദ്ദീൻ സാഹിബ്, മൗലവി ഖമറുദ്ദീൻ സാഹിബ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. സമാപന ദിവസം മേഖലാ അമീർ പ്രൊഫസർ അബ്ദുൽ കരീം സാഹിബ് പ്രഭാഷണം നടത്തി. ക്വിസ് മൽസര വിജയികൾക്ക് സമ്മാന ദാനം നടത്തി.

ഇതോടനുബന്ധിച്ച് അഞ്ചു കുട്ടികളുടെ ആമീൻ പരിപാടി മൗലവി കെ. സലീം സാഹിബ് നടത്തി. ജമാഅത്ത് പ്രസിഡന്റ് ഉണ്ണീൻ സാഹിബ് ഉപഹാരസമർപ്പണം നടത്തി.


സബാഹുദ്ദീൻ ശംസ്


ആബിദ് ജമാൽ


അഷ്റഫ്


ശമീമ


ആയിശ സലീം

# മസ്റൂർ ബാഡ്മിന്റൻ ചാംപ്യൻഷിപ്പ്

**കൊച്ചി**: മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം മേഖയുടെ ആഭിമുഖ്യത്തിൽ പ്രഥമ മസ്റൂർ ബാഡ്മിന്റൻ ചാംപ്യൻഷിപ്പ് സംഘടിപ്പിച്ചു. മേഖലയിലെ 12 ടീമുകൾ അണിനിരന്ന മൽസരങ്ങൾക്ക് കൊച്ചി ജമാഅത്ത് പ്രസിഡന്റ് നാസിർ സാഹിബും സൗത്ത് കേരള ഇലാഖ ഖാഇദ് നജീബ് സാഹിബും ബാഡ്മിന്റൻ കളിച്ചുകൊണ്ട് ഉൽഘാടനം നിർവഹിച്ചു. ആവേശമേറിയ മൽസരത്തിനൊടുവിൽ പള്ളുരുത്തി മജ്ലിസിനെ പരാജയപ്പെടുത്തി ഐരാപുരം മജ്ലിസ് ചാംപ്യൻഷിപ്പ് കരസ്ഥമാക്കി. ജില്ലാ ഖാഇദ് വി. എം. മുഹമ്മദ് സഫ്വാൻ സാഹിബ് വിജയികൾക്ക് ട്രോഫി സമ്മാനിച്ചു.



# ദേശീയ ഇജ്തിമ 2012

## മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ ഭാരത്

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ 43-ാമത്തെയും മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ 34-ാമത്തെയും വാർഷിക ദേശീയ ഇജ്തിമ 2012 ഒക്ടോബർ 9,10,11 തിയ്യതികളിൽ ഖാദിയാനിൽ വെച്ച് നടക്കുന്നതായിരിക്കും. മേഖല തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുന്നവരെ മാത്രമായിരിക്കും ദേശീയ ഇജ്തിമായിലെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക. സംസ്ഥാന/മേഖലകളിൽ നിന്നും മൂന്നു വീതം ഖുദ്ദാം/അത്ഫാലുകൾക്കാണ് ദേശീയ ഇജ്തിമാ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അനുവാദമുള്ളത്. പ്രോഗ്രാമിന്റെ വിശദ വിവരം സർക്കുലറായി മജ്ലിസുകളിലേക്ക് അയച്ചിട്ടുണ്ട്.

പ്രാദേശിക/മേഖല/സംസ്ഥാന മജ്ലിസുകളുടെ നല്ല പ്രവർത്തനം- ഇന്ത്യയിലെ എല്ലാ പ്രാദേശിക/മേഖല/ സംസ്ഥാന മജ്ലിസുകളുടെയും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുകയും പ്രവർത്തന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പ്രാദേശിക മജ്ലിസുകളിൽ ആദ്യ പത്ത് സംസ്ഥാനങ്ങൾ കരസ്ഥമാക്കുന്ന ജമാഅത്തുകൾക്കും, മേഖലാ തലത്തിൽ ആദ്യ 5 സ്ഥാനം കരസ്ഥമാക്കുന്നവർക്കും ഹുസൂർ തിരുമനസ്സിന്റെ കയ്യൊപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

ഖലീഫമാരുടെ അനുഗ്രഹീത നിർദേശങ്ങളുടെ വെളിച്ചത്തിൽ നടത്തുന്ന ഇത്തരം ഇജ്തിമാകളിൽ എല്ലാ മജ്ലിസിന്റെയും പ്രാതിനിത്യം നിർബന്ധമായും ഉണ്ടാവേണ്ടതാണ്. വാർഷിക ഇജ്തിമാക്കുവേണ്ടി ജമാഅത്തുകളിൽ മുബല്ലിഗ് മുഅല്ലിമീംകൾ ഖുദ്ദാമീങ്ങളേയും അത്ഫാലീങ്ങളേയും തയ്യാറാക്കുക എന്ന ശൂറാ നിർദേശത്തിന് ഹുസൂറിൽ നിന്നും വന്ന മറുപടിയിൽ ഇപ്രകാരം പറയുന്നു. വൈജ്ഞാനിക മത്സരങ്ങളുടെ തയ്യാറെടുപ്പിനെക്കുറിച്ച് മജ്ലിസ് ശൂറായിൽ വന്ന നിർദേശങ്ങളെ പ്രാവർത്തികമാക്കുകയാണെങ്കിൽ ഇൻശാ അല്ലാഹ് ഇന്ത്യയിലെ ഖുദ്ദാമീങ്ങളുടെയും അത്ഫാലിന്റെയും അറിവിന്റെ നിലവാരം വളരെയധികം ഉയരുന്നതാണ്.

ഹുസൂർ തിരുമനസ്സിന്റെ ഈ അനുഗ്രഹീത നിർദേശപ്രകാരം അവരവരുടെ മജ്ലിസുകളിലുള്ള ഖുദ്ദാം അത്ഫാലുകളെ നൽകിയിരിക്കുന്ന സിലബസനുസരിച്ച് തയ്യാറാക്കേണ്ടത് മുബല്ലിഗ്/മുഅല്ലിമീങ്ങളുടെ നിർബന്ധ കടമയാണ്. അല്ലാഹു നമുക്കെല്ലാവർക്കും ഹുസൂർ തിരുമനസ്സിന്റെ പ്രതീക്ഷക്കനുസരിച്ച് തയ്യാറെടുപ്പിക്കാനും ശിക്ഷണം നൽകുന്നതിനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. സദർ ഇജ്തിമാ കമ്മിറ്റി.

# തർബിയ്യത്ത് ക്യാമ്പ്

**കൊടുങ്ങല്ലൂർ.** മജ്ലിസ് അൻസാറുല്ലാഹ് എറണാകുളം മേഖല തർബിയ്യത്ത് ക്യാമ്പ് മസ്ജിദ് ആഫിയത്തിൽ വച്ച് നടത്തപ്പെട്ടു. ഖുർആൻ പാരായണത്തിനും പ്രതിജ്ഞയ്ക്കും പദ്യാലാപനത്തിനും ശേഷം മേഖലാ നാസിം ആമുഖഭാ




ഷണം നടത്തി. കൊടുങ്ങല്ലൂർ ജമാഅത്ത് പ്രസിഡന്റ് ആശംസകളർപ്പിച്ചു. എറണാകുളം സോണൽ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അദ്ധ്യക്ഷഭാഷണം നിർവഹിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥമായ ഒരു തെറ്റിദ്ധാരണ നീക്കൽ നെ കുറിച്ച് ക്ലാസ്സെടുത്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ ചോദ്യോത്തര ക്ലാസ്സ് കേൾപ്പിച്ചതിനു ശേഷം ദുആയോടു കൂടി ക്യാമ്പ് അവസാനിച്ചു.

# കലാപ്രതിഭ



മണ്ണാർക്കാട് കല്ലടി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ കലോത്സവത്തിൽ യു.പി വിഭാഗത്തിൽ സബാഹുദ്ദീൻ ശംസ് ( S/o എച്ച്. ശംസുദ്ദീൻ കാവശ്ശേരി) കലാപ്രതിഭാ പുരസ്കാരം എം.എൽ.എ എൻ. ശംസുദ്ദീനിൽ നിന്ന് സ്വീകരിക്കുന്നു.


അയിരാപുരം അത്ഫാൽ വിനോദയാത്രയിൽ

# തർബിയത്ത് വാരം

**കടലായി:** അത്ഫാലുൽ അഹ്മദിയ്യാ തർബിയത്ത് വാരം കൊണ്ടാടി. മൗലവി.കെ.വൈ. ശംസുദ്ദീൻ സാഹിബ്, ഉസ്മാൻ സാഹിബ്, ടി.ശംസുദ്ദീൻ സാഹിബ്, ആശിക് സാഹിബ്,



പി.പി.മുസ്തഫ സാഹിബ്, സമീർ സാഹിബ്, റഷീദ് സാഹിബ് തുടങ്ങിയവർ ക്ലാസ്സെടുത്തു. ഖാഇദ് സമീർ സാഹിബ് സമ്മാനങ്ങൾ വിതരണം ചെയ്തു. നാസിം അത്ഫാൽ റോശൻ സാഹിബ് അദ്ധ്യക്ഷം വഹിച്ചു

## സീറത്തുന്നബി യോഗം

**തിരുവിഴാംകുന്ന്:** ജനാബ് ടി. മുഹമ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഹ്മദ് കുട്ടി സാഹിബ് ഖുർആൻ പാരായണം നിർവഹിച്ചു. മൗലവി ബശീറുദ്ദീൻ സാഹിബ് പ്രഭാഷണം നടത്തി.

# വഖാറെഅമൽ

**മുറിയക്കണ്ണി:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ തിരുവിഴാംകുന്ന്-മുറിയക്കണ്ണി റോഡിൽ ഗതാഗതതടസ്സം സൃഷ്ടിച്ചിരുന്ന ഗട്ടറുകളെ ശരിയാക്കുന്നതിന്നായി വഖാറെ അമൽ സംഘടിപ്പിച്ചു. സുബ്ഹി നമസ്കാരാനന്തരം മുറിയക്കണ്ണി ഖാഇദ് സാഹിബിന്റേയും മദ്ധ്യമേഖലാ ഖാഇദിന്റേയും നേതൃത്വത്തിൽ ആരംഭിച്ച വഖാറെ അമൽ 12 മണി വരെ നീണ്ടുനിന്നു.



ഖുദ്ദാമുൽ അഹ്മദിയ്യായും അൻസാറുല്ലായും സംയുക്തമായി അഹ്മദിയ്യാ ഖബർസ്ഥാനിൽ വഖാറെ അമൽ സംഘടിപ്പിച്ചു. സുബ്ഹി നമസ്കാരാനന്തരം ആരംഭിച്ച ശ്രമകരമായ വഖാറെ അമലിലൂടെ മുഴുവൻ ഖബർ സ്ഥാനും വൃത്തിയാക്കി.



# എക്സിബിഷൻ അൽ ഖുർആൻ ഇന്റർനാഷണൽ 2012

**വണ്ടൂർ:** അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് കരുളായിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 5 മുതൽ 15 വരെ വണ്ടൂർ പോലീസ് സ്റ്റേഷന് മുൻവശത്ത് വെച്ച് നടന്ന എക്സിബിഷൻ അൽഖുർആൻ മലപ്പുറം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയംഗം വി.സുധാകരൻ ഉൽഘാടനം ചെയ്തു. മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടു കൂടി ആരംഭിച്ച ഉൽഘാടന സമ്മേളനത്തിൽ മൗലവി പി.അബ്ദുന്നാസിർ സാഹിബ് സ്വാഗതം പറഞ്ഞു. പ്രത്യേകം ജനശ്രദ്ധയാകർഷിച്ച എക്സിബിഷൻ ദിവസവും 800 ൽപരം ആളുകൾ സന്ദർശിച്ചു.

8-ാം തിയ്യതി വൈകുന്നേരം നടന്ന മാനവ മൈത്രീ സമ്മേളനം മേഖലാ അമീറിന്റെ അദ്ധ്യക്ഷതയിൽ എം.ജെ സഫറുല്ലാ സാഹിബിന്റെ തിലാവത്തോട് കുടി ആരംഭിച്ചു. ജനാബ് സി. എച്ച് സിദ്ദീഖ് സാഹിബ് സ്വാഗതഭാഷണം



നടത്തി. മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബ് മൈത്രീഗാനമാലപിച്ചു. പ്രസ്തുത സമ്മേളനത്തിൽ ജനാബ് എം. അബ്ദുറഹ്മാൻ സാഹിബ്, റവറന്റ് പോൾ ജേക്കബ് (മാർത്തോ മ്മാ ചർച്ച് പാലാങ്കര), ശ്രീ ഭാസ്ക്കരൻ പിള്ള (വിവേകാനന്ദ എജുക്കേഷൻ കോംപ്ലകസ് പാലേമാട്) എന്നിവർ പ്രഭാഷണം നടത്തി. ജനാബ് സി.കെ ഖമറുദ്ദീൻ സാഹിബ് നന്ദി പറഞ്ഞു.

# മദ്ധ്യമേഖല അത്ഫാൽ ക്യാമ്പ് 2012

**പള്ളിപ്പുറം:** മദ്ധ്യമേഖല അത്ഫാൽ ക്യാമ്പ് ഏപ്രിൽ 15 മുതൽ 21 വരെ പള്ളിപ്പുറത്ത് വെച്ച് നടന്നു. ക്യാമ്പിന്റെ ഉദ്ഘാടനം നായിബ് സദർ ഭാരത് സി. ശമീം സാഹിബിന്റെ അദ്ധ്യക്ഷതയിൽ പാലക്കാട്, തൃശൂർ മേഖലാ അമീർ പ്രഫസർ അബ്ദുൽകരീം സാഹിബ് നിർവ്വഹിച്ചു. അലീഫ് കരുളായി ഖിറാത്തും മഹ്ബൂബ് ചേലക്കര പദ്യപാരായണവും നടത്തി. മലപ്പുറം മേഖല അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ് മുഖ്യാതിഥിയായിരുന്നു. മേഖലാ നാസിം അൻസാറുല്ലമാരായ താജുദ്ദീൻ സാഹിബും, സിദ്ധീഖ് സാഹിബും, നായിബ് സദർ പള്ളിപ്പുറം പി. സെയ്ദുട്ടി മാസ്റ്റർ സാഹിബും ആശംസകളർപ്പിച്ചു.

മൗലവിമാരായ മൻസിൽ സാഹിബ്, നസീം സാഹിബ്, മുനവ്വർ സാഹിബ്, ഫാഹീൻ സാഹിബ്, എൻ. ശഫീഖ് സാഹിബ്, മുഹമ്മദ് റാഫി സാഹിബ്, എസ്.എം. ബശീർ സാഹിബ്, ഗുലാം സാഹിബ്, മുഹമ്മദുണ്ണി മുസ്ലിയാർ സാഹിബ്, വി.പി. മൊയ്തീൻ കുട്ടി സാഹിബ്, എന്നിവർ ക്ലാസ്സുകളെടുത്തു. ജനറൽ ക്ലാസ്സുകൾ പി. സെയ്ദുട്ടിമാസ്റ്റർ സാഹിബ്, ബശീർ സാഹിബ് അലനല്ലൂർ , താഹിർ സാഹിബ് കൊടിയത്തൂർ, ലത്തീഫ് സാഹിബ് എന്നിവർ നൽകി.



സമാപന പരിപാടികൾ മദ്ധ്യമേഖല ഖായിദ് ഹാരിസ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ സബാഹുദ്ദീൻ തിരുവിഴാംകുന്നിന്റെ ഖിറാഅത്തോടെ ആരംഭിച്ചു. അത്താവുൽ കരീം പത്തപ്പിരിയം പദ്യം ആലപിച്ചു. മേഖലാ മുബല്ലിഗ് ഇൻചാർജുമാരായ മൗലവി. മൻസിൽ സാഹിബ്, മൗലവി. പി നാസർ സാഹിബ് എന്നിവർ പ്രഭാഷണവും സമ്മാനദാനവും നടത്തി.



90 ൽ പരം അത്ഫാലുകൾ പങ്കെടുത്ത ക്യാമ്പ് രണ്ടു ദിവസങ്ങളിലായി വെള്ളിയാംകല്ല്. നിളയോരം പാർക്ക് കുറ്റിപ്പുറം എന്നിവ സന്ദർശിച്ചു. മൗലവി. മുനവ്വർ, മൗലവി. നസീം, മൗലവി. ഫാഹീൻ എന്നിവരും മൻസൂർ, ജലാലുദ്ദീൻ, പി. സൈനുദ്ധീൻ, മഖ്ബൂൽ, ഷാജിമോൻ, ഷാനവാസ്, നസ്റുദ്ദീൻ, ഫാരിസ്, മുസമ്മിൽ, അമീർ, താഹിർ എന്നീ ഖാദിമീംകളും ക്യാമ്പിന്റെ വിജയത്തിനായി മുഴുവൻ സമയവും പ്രവർത്തിച്ചു. കരുളായി, വാണിയമ്പലം, കൽക്കുളം, പത്തപ്പിരിയം, പാലക്കാട് എന്നീ മജ്ലിസുകളിൽ നിന്നുമുള്ള ഖാദിമീംകളും സേവനം ചെയ്തു.

# ദൈവത്തിന്റെ മാർഗത്തിൽ വിദ്വേഷം പരത്തൽ


ഡോ.റാസി അസ്മി

കാരക്കോനിൽ അപൂർവ്വമായി കാണുന്ന പുള്ളിപ്പുലികളെപ്പോലെ അത്യപൂർവ്വമായ ഒരു കാഴ്ചയായി സുന്നി, ശിയാ, വഹാബി, ദേവ്ബന്ധി, ബറേൽവി തുടങ്ങി സർവ്വ വിധ മുസ്‌ലിം കക്ഷികളെയും സ്വാഗതം ചെയ്യുന്നു. എന്ന പേരിൽ ആസ്ട്രേലിയയിലെ മുസ്‌ലിംകൾക്കാകമാനം അയക്കപ്പെട്ട ഇമെയ്ൽ സന്ദേശം. ഇത് പ്രകാരം സെക്യുലർ നഗരമായ സിഡ്നി ടൗൺഹാളിൽ തന്നെ ഒരു വമ്പിച്ച കോൺഫെറൻസും നടന്നു. ഇസ്‌ലാമിക് ഫോറം ഫോർ ആസ്ട്രേലിയൻ മുസ്‌ലിംസ് ആയിരുന്നു സംഘാടകർ. ഇ-മെയ്ൽ സന്ദേശത്തിന്റെ തലക്കെട്ട് കണ്ട് ഇത് മുസ്‌ലിംകൾക്കെല്ലാവർക്കുമാണെന്ന് ധരിച്ചവർക്ക് തെറ്റി! അഹ്മദി മുസ്‌ലിംകൾക്കെതിരെ വിധ്വേഷവും വിരോധവും പരത്താൻ മറ്റെല്ലാവരെയും സംഘടിപ്പിക്കാൻ ഉദ്ദേശിച്ചാണ് ഇത് വിളിച്ചു ചേർത്തത്. പാക്കിസ്ഥാനിൽ നിയമം മൂലം ബഹിഷ്കൃതരാക്കപ്പെട്ട അഹ്മദി സമൂഹത്തിനെതിരിൽ മറ്റു മുസ്‌ലിം രാജ്യങ്ങളിലും എതിർപ്പ് ശക്തിപ്പെട്ടു വരുന്ന സന്ദർഭത്തിലാണ് ഈ പ്രോഗ്രാം ശ്രദ്ധേയമാകുന്നത്.

പാക്കിസ്ഥാനിൽ അഹ്മദി വിഭാഗത്തിനുനേരെയുള്ള എതിർപ്പ് പാക്കിസ്ഥാൻ രൂപീകരണത്തിൽ അഹ്മദികൾക്കുള്ള പങ്കിന്റെ തിരസ്ക്കരണമാണെന്നത് സർവ്വസമ്മതമാണ്. ചൗധരി മുഹമ്മദ് സഫറുല്ലാഹ്ഖാൻ, പ്രൊഫ. അബ്ദുസ്സലാം, എം.എം.അഹ്മദ്, ലഫ്.ജനറൽ അക്തർ അബ്ദുൽ മലിക്ക്,ലഫ്.ജനറൽ അബ്ദുൽ അലി മലിക്ക്, മേജർ ജനറൽ ഇഫ്തിഹർ ജൻജുആ തുടങ്ങിയ പേരുകൾ അവരിൽ ചിലർ മാത്രം.



ഈ കോൺഫറൻസ് മൂന്ന് കാര്യങ്ങൾ കൊണ്ട് ശ്രദ്ധേയമാണ്.



1.ഇതിൽ ഇസ്‌ലാമിലെ എല്ലാ കക്ഷികളെയും ഒരുമിച്ചു നിർത്തി (മറ്റവസരത്തിൽ പരസ്പരം പോരടിക്കുന്നവയാണെങ്കിൽ പോലും)

2.ഇത് അഹ്മദികൾ എന്ന ഒരു വിഭാഗത്തിനെതിരെ വിദ്വേഷം പരത്താൻ വേണ്ടി മാത്രം സംഘടിപ്പക്കപ്പെട്ടു.

3.ഇത് സംഘടിപ്പിക്കപ്പെട്ടത് ആസ്ട്രേലിയ പോലുള്ള വിവിധ മത, ഭാഷ, വസ്ത്ര വൈവിധ്യമുള്ള ഒരു രാജ്യത്ത് വെച്ച് സംഘടിപ്പിക്കപ്പെട്ടു എന്നതാണ്.

ക്ഷണക്കത്തിലെ സന്ദേശം ഇപ്രകാരമാണ്.

അഹ്മദികൾ മുസ്‌ലിംകളല്ലാ മറിച്ച് മിർസാ ഗുലാം അഹ്മദ് സ്ഥാപിച്ച ഒരു സംഘം മാത്രമാണ്. പാക്കിസ്ഥാനിലെ സുപ്രീം കോടതിയും, ലോക മുസ്‌ലിം പണ്ഡിതന്മാരും ഒന്നടങ്കം അമുസ്‌ലിംകളാക്കി പ്രഖ്യാപിച്ചവരാണ് അഹ്മദികൾ. എങ്കിലും ലോകമെങ്ങും മുസ്‌ലിം നാമധാരികളായി ചമഞ്ഞു നടക്കുകയാണിവർ, കൂടാതെ മിർസാ ഗുലാം അഹ്മദിനെ പ്രവാചകനായി വിശ്വസിക്കുകയും ചെയ്യുന്നു. ഈ സംഘത്തിന്റെ ഒരു പ്രവർത്തന കേന്ദ്രമായി മാറുകയാണ് ആസ്ട്രേലിയ. വിദേശത്തുനിന്നും പഠനത്തിനായി എത്തുന്നവരെയാണ് ഇവർ ലക്ഷ്യം വെക്കുന്നത്. അഭയാർത്ഥി വിസകളും, അഹ്മദി പെൺകുട്ടികളുമായുള്ള വിവാഹ ബന്ധത്തിലൂടെ ആസ്ട്രേലിയൻ പൗരത്വം വാഗ്ദാനം ചെയ്തുകൊണ്ടാണ് ഇവർ വിദ്യാർത്ഥികളെ ഇരകളാക്കുന്നത്. ഈ അവസരത്തിൽ മുസ്‌ലിംകളായ നമ്മുടെ ബാധ്യതയാണ്. പാവപ്പെട്ട ഈ വിദ്യാർത്ഥികളെയും യുവജനങ്ങളേയും ഇവരുടെ പ്രവൃത്തികളിൽ നിന്നും രക്ഷപ്പെടുത്തി ഇവരുടെ യഥാർഥ മുഖം ലോകത്തിന് കാണിച്ചു കൊടുക്കേണ്ടത്. ക്ഷണിക്കപ്പെട്ട പ്രാസംഗികരിൽ നാലിൽ മൂന്നു പേരും ഇന്ത്യയിൽ നിന്നുള്ളവരാണ്. ഒരാളാകട്ടെ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രമുഖ നേതാവും.

മതപൗരോഹിത്യത്തിന്റെ നാമത്തിൽ ക്ഷമ, സൗശീല്യം, സൗഹാർദപരമായ സഹവർത്തിത്ത്വം എന്നീ നന്മകൾക്ക് പകരം തീവ്രവാദമതവും, കലാപഭരിതവുമാക്കുകയാണ് മുസ്‌ലിം യാഥാസ്ഥിതിക സമൂഹം. മറ്റുള്ളവർക്ക് ഇത് മറ്റൊരു വാർത്ത മാത്രമായിരിക്കാം. എന്നാൽ അഹ്മദികളെ സംബന്ധിച്ചിടത്തോളം ഇത് അങ്ങനെ നിസ്സാരമായി തള്ളിക്കളയാവുന്നതല്ല. ഏപ്രിൽ 4 ന് വന്ന ഒരു പത്ര റിപ്പോർട്ട് പ്രകാരം, പാക്കിസ്ഥാനിലെ അഹ്മദി മസ്ജിദിൽ ഇടിച്ചുകയറിയ പോലീസ് സംഘം അവിടെയുള്ള ഖുർആനിക വചനങ്ങൾ മായ്ച്ചുകളയുകയും മിനാരങ്ങളുടെ ഉയരം കുറച്ച് മുസ്‌ലിം പള്ളികളുടെ രൂപത്തിൽ നിന്നും മാറ്റം വരുത്താൻ ആജ്ഞാപിക്കുകയുമുണ്ടായി. ഈ നിർദേശം പാലിച്ചില്ലെങ്കിൽ ശിക്ഷിക്കപ്പെടുന്ന ഭീഷണിയും. ഒരു അഹ്മദിയെ മറ്റുള്ള മുസ്‌ലിംകളിൽ നിന്ന് വേർതിരിച്ചറിയാനും, സമൂഹത്തിനെ ഇവരുടെ ഫിത്നയിൽ നിന്നും സംരക്ഷിക്കാൻ ഇത്രയെങ്കിലും ചെയ്തില്ലെങ്കിലേ അത്ഭുതമുള്ളൂ. അല്ലെങ്കിൽ പാക്കിസ്ഥാനിലെ ഓരോ അഹ്മദിയും പകുതി മീശയോ അല്ലെങ്കിൽ പകുതി താടിയോ മാത്രമേ വെക്കാൻ അനുവദിക്കാവൂ. മുസ്‌ലിംകളെ ഈ കപട മുസ്‌ലിംകളിൽ നിന്നും സംരക്ഷിക്കാൻ ഈയൊരു മാർഗം മാത്രമേ ഇനി അവശേഷിക്കുന്നുള്ളൂ.



(ലേഖകൻ ചരിത്രാധ്യാപകനും ഗവേഷകനുമാണ്)

അവ: ഡെയ്‌ലി ടൈംസ്.പാക്കിസ്താൻ 16/05/12

സമ്പാ: വി.പി.ബഷീർ അഹ്മദ്, ആസ്ട്രേലിയ

# വഖ്ഫെ ജദീദ് ത്വരിതപ്പെടുത്തുക

ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശപ്രകാരം വഖ്ഫെ ജദീദ് റിഫ്രഷർ കോഴ്സ് 5 മേഖലകളിൽ നടക്കുകയുണ്ടായി. 28/03/2012 ന് കോഴിക്കോട് മേഖലയിലും, 01/04/2012 ന് കണ്ണൂർ മേഖലയിലും, 04/04/2012 ന് മലപ്പുറം മേഖലയിലും, 07/04/2012 ന് പാലക്കാട് മേഖലയിലും, 08/04/2012 ന് തിരുവനന്തപുരം മേഖലയിലും അതാത് മേഖലാ അമീർമാരുടെ അധ്യക്ഷതയിൽ വഖ്ഫെ ജദീദ് റിഫ്രഷർ കോഴ്സ് നടക്കുകയുണ്ടായി.

മുഹമ്മദ് താഹിർ അഹമ്മദ് സാഹിബ് നാസിം വഖ്ഫെ ജദീദ് മാൽ റിഫ്രഷർ കോഴ്സ് നടത്തി. വിവിധ സ്ഥലങ്ങളിലായി മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, മൗലവി പി. അബ്ദുൽ നാസിർ സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ്, മൗലവി ടി. മുഹമ്മദ് മൻസിൽ സാഹിബ്, മൗലവി പി. ശഫീഖ് സാഹിബ്, മൗലവി കെ. അബ്ദുസ്സലാം സാഹിബ്, മൗലവി മുഹമ്മദ് സലീം സാഹിബ്, മൗലവി ഖമറുദ്ദീൻ സാഹിബ് എന്നിവർ സംസാരിച്ചു.

മേഖലയിലെ മുഴുവൻ വഖ്ഫെ ജദീദ് സിക്രട്ടറിമാരും മൗലവിമാരും റിഫ്രഷർ കോഴ്സിൽ പങ്കെടുത്തു.



നേത്രചികിത്സാ ക്യാമ്പ് ഖാദിയാൻ



ബുക്ക്സ്റ്റാൾ വടകര




അൽ ഖുർആൻ എക്സിബിഷൻ കണ്ണൂർ

NEWS TIME

# സമാധാനത്തിനു വേണ്ടിയുള്ള മനുഷ്യാവകാശ അംബാസഡറായി അഹ്മദി മുസ്‌ലിം മാലിക് നസീം നിയമിക്കപ്പെട്ടു.

അന്തർദേശീയ മനുഷ്യാവകാശ കമ്മീഷൻ (IHRC) മാലിക് നസീമിനെ(സ്വീഡിഷ് പാർലിമെന്റിലെ തിരഞ്ഞെടുക്കപ്പെട്ട റിസർവ് മെമ്പർ) മനുഷ്യാവകാശത്തിനും സമാധാനത്തിനും വേണ്ടിയുള്ള അന്തർദേശീയ മനുഷ്യാവകാശ കമ്മീഷന്റെ മനുഷ്യാവകാശത്തിനും സമാധാനത്തിനുമുള്ള സ്വീഡനിൽ നിന്നുള്ള സ്കാൻഡിനേവിയൻ രാജ്യങ്ങൾക്കുള്ള അംബാസഡറായി 2012 ഏപ്രിൽ 16 മുതൽ നിയമിച്ചിരിക്കുന്നു.

സമാധാനത്തിനും മനുഷ്യത്വത്തിനും വേണ്ടിയുള്ള സ്വീഡന്റെ അംബാസഡറായും മാലിക് നസീമിനെ, തെക്കൻ ഫിലിപ്പെൻസിലെ മുസ്‌ലിം അമുസ്‌ലിം ഐക്യത്തിന്റെയും വികസന അസോസിയേഷന്റേയും സ്ഥാപക ചെയർമാനും എക്സിക്യൂട്ടീവ് പ്രസിഡന്റുമായ ഡോക്ടർ ഡാത്തു കമഡ് അലി നിയമിച്ചു. മനുഷ്യാവകാശത്തിനും



വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മാലിക് നസീം പ്രസിദ്ധനാണ്. അദ്ദേഹം ജനാധിപത്യത്തിനും രാജ്യത്തെ എല്ലാ പൗരന്മാരുടേയും വോട്ടവകാശത്തിനും അഭിപ്രായ സ്വാതന്ത്ര്യത്തിനും വേണ്ടി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകത്ത് ശാശ്വത സമാധാനം നിലനിർത്താൻ ഇതെല്ലാം അടിസ്ഥാനപരമായ ആവശ്യങ്ങളാണ്.

മതത്തിന്റെയും സിയോണിസത്തിന്റെയും പേരിലുള്ള അതിക്രമങ്ങൾക്കെതിരെയും അദ്ദേഹം പ്രവർത്തിക്കുന്നു. മതസ്വാതന്ത്ര്യത്തിലും സഹിഷ്ണുതയിലും അദ്ദേഹം വിശ്വസിക്കുന്നു. ഈ രണ്ടു പ്രധാനനിയമനങ്ങളും അദ്ദേഹത്തിന് മനുഷ്യകുലത്തോടുള്ള സ്നേഹത്തിന്റെയും സേവനത്തിന്റെയും തെളിവാണ്. അദ്ദേഹം നല്ലൊരു എഴുത്തുകാരനുമാണ്.

## നിയമിതനായി

ഘാനയിലെ അമീറും മിഷനറി ഇൻചാർജുമായ ഡോ.അബ്ദുൽ വഹാബ് ആദം സാഹിബ് ഐക്യരാഷ്ട്രസഭ മാനവരക്ഷാ സഭയുടെ മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. അടുത്ത രണ്ടു വർഷത്തെക്കാണ് നിയമനം. ഘാനയുടെ ദേശീയ സമാധാന സമിതിയെയായിരിക്കും ഇദ്ദേഹം പ്രതിനിധീകരിക്കുക.



ഇതിനു കീഴിൽ ഭക്ഷ്യ സംരക്ഷണം, തൊഴിൽ പദ്ധതികൾ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസം, ആരോഗ്യം, മനുഷ്യാവകാശ സംരക്ഷണം എന്നീ യു.എൻ ചാർട്ടറിലെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പങ്കാളിയാകാനുള്ള അവസരം ലഭിക്കും.

**ലണ്ടൻ:** എലിസബത്ത് രാജ്ഞിയുടെ 75ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ആഘോഷപരിപാടികളിൽ **'എല്ലാവരോടും സ്നേഹം, ആരോടുമില്ല വിരോധം'** എന്ന സമാധാനസന്ദേശവുമായി അഹ്മദിയ്യാ ജമാഅത്തും പങ്കുചേർന്നു. രാജ്ഞിയുടെ പേരിലുള്ള ചാരിറ്റിഫണ്ടിലേക്ക് 5 ലക്ഷം പൗണ്ട് സമാഹരിക്കാൻ നടത്തിയ 'ചാരിറ്റി വോക്കിൽ' ലണ്ടൻ മേയറടക്കം ആയിരങ്ങളാണ് പങ്കെടുത്തത്. മേയറെക്കൂടാതെ ബ്രിട്ടീഷ് സാമൂഹ്യകാര്യമന്ത്രി എറിക് പിക്കിൾ, പോലീസ് വകുപ്പിലെ പ്രമുഖവ്യക്തികൾ തുടങ്ങിയവർ പങ്കെടുത്തു. 135 വർഷങ്ങൾ മുൻപ് അന്നത്തെ ബ്രിട്ടീഷ് രാജ്ഞി ക്വീൻ വിക്ടോറിയക്കും ജമാഅത്ത് അനുമോദനസന്ദേശങ്ങൾ എത്തിച്ചിരുന്നു. ജമാഅത്തിന്റെ സമാധാനസന്ദേശവും വഹിച്ചുള്ള 100 ഓളം ബസ്സുകളും നഗരത്തിലിറങ്ങിക്കഴിഞ്ഞു. ലണ്ടൻ ഒളിമ്പിക്സിന് ഇനി കുറച്ച് നാളുകൾ മാത്രം ബാക്കിയിരിക്കെ, ലോകശ്രദ്ധ ഇസ്‌ലാമിലേക്ക് തിരിക്കാൻ കിട്ടിയ നല്ലൊരവസരമാണിത്. ലണ്ടൻ അഹ്മദികളുടെ ഈ പരിശ്രമങ്ങളുടെ വിജയത്തിന് വേണ്ടി നമുക്ക് ദുആ ചെയ്യാം.





# യഥാർഥ ബയ്അത്ത് സ്വയം അർപ്പണം ചെയ്യുകയാണ്

### ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ ആദ്യ അഭിസംബോധന

കലിമ ശഹാദത്തും തഅവ്വുസും ഓതിയ ശേഷം ആലു ഇംറാനിലെ 105-ാം വചനം പാരായണം ചെയ്തു. തുടർന്ന് പറഞ്ഞു, ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. അവൻ നമ്മുടെ ശാശ്വതവും എന്നെന്നും നിലനിൽക്കുന്നവനുമായ ദൈവമാകുന്നു. ലോകത്തവതരിക്കുന്ന ഓരോ പ്രവാചകനും ഓരോ ജോലിയുണ്ട്. അതവർ നിർവഹിക്കുന്നു. അതു ചെയ്തു കഴിയുമ്പോൾ അല്ലാഹു അവരെ മടക്കി വിളിക്കുന്നു. ശാമിലേക്കുള്ള മാർഗമദ്ധ്യേ ഹദ്റത്ത് മൂസാ (അ) വഫാത്തായി എന്നത് പ്രസി ദ്ധമാണ്. കൈസറിന്റേയും കിസ്റയുടേയും താക്കോൽ തനിക്ക് നൽകപ്പെട്ടതായി തിരുനബി (സ) പരാമർശിച്ചിരുന്നു. എന്നാൽ ആ താക്കോലുകൾ കാണുന്നതിനു മുമ്പേ തന്നെ അവിടുന്ന് യാത്രയായി. ഇത്തരത്തിലുള്ള കാര്യങ്ങളിൽ അല്ലാഹുവിന്റെ ഗുപ്തമായ രഹസ്യങ്ങളടങ്ങിയിരിക്കുന്നു. ധാരാളം പ്രവചനങ്ങൾ ചെയ്തിരുന്നു. അവ പൂർത്തിയായിട്ടില്ല എന്നതിൽ ഇവിടെയും ആളുകൾ അൽഭുതപ്പെടുന്നതാണ്. ഘട്ടം ഘട്ടമായി പ്രവർത്തിക്കുന്നു എന്നത് എന്റെ അഭിപ്രായത്തിൽ അല്ലാഹുവിന്റെ ചര്യയാകുന്നു. ചിലപ്പോൾ ആരെയാണോ അഭിസംബോധന ചെയ്യുന്നത് അതുകൊണ്ടുള്ള ഉദ്ദേശ്യം അവരുടെ സദൃശ്യരാകുന്നു. ആദ്യ ജുസ്ഇൽ പറയുന്നു, നിങ്ങൾ മൂസയോട് വെള്ളം ആവശ്യപ്പെട്ടു. ഇതുപോലെ മറ്റിടങ്ങളിലും പറഞ്ഞിട്ടുണ്ട്. എന്നാൽ നബി (സ) യുടെ അഭിസംബോധകർ അവരായിരുന്നില്ല.

ചുരുക്കത്തിൽ അല്ലാഹുവിന്റെ വാക്കുകൾ വിവിധ രീതിയിൽ പൂർത്തിയാകുന്നു. അതുപോലെ ചില ദൈവിക വാഗ്ദാനങ്ങളെ മറ്റ് സമയങ്ങളിലേക്ക് മാറ്റിവെക്കുക എന്നതും അല്ലാഹുവിന്റെ സുന്നത്താകുന്നു. പറയുന്നു, യുസിബികും ബഅ്ദല്ലദീ യഇദുക്കും (അൽ മുഅ്മിൻ 29) ഇതിലെ ബഅ്ദല്ലദീ എന്നതിൽ ചിന്തിക്കുക. എല്ലാ വാഗ്ദാനങ്ങളും നബിയുടെ ജീവിതത്തിൽ പുർത്തിയാകുന്നതല്ല എന്ന വസ്തുത അതിലുണ്ട്. ഹദ്റത്ത് ശേഖ് അബ്ദുൽ ഖാദിർ ജീലാനി (റഹ്) പറയുന്നു, യഇദു വലാ യുവഫി. അതായത് ചിലപ്പോൾ അല്ലാഹു വാഗ്ദാനം ചെയ്യുന്നു, എന്നാൽ പൂർത്തിയാക്കുന്നില്ല. അവൻ കൂറ് കാണിച്ചില്ല എന്ന് വിഢികൾ കരുതുന്നു. എന്നാൽ അനുയോജ്യമായ സമയത്ത് ആ വാഗ്ദാനം അല്ലെങ്കിൽ അതിന് സദൃശ്യമായത് പൂർത്തിയാകുന്നു.

എന്റെ കഴിഞ്ഞകാല ജീവിതത്തെകുറിച്ച് ചിന്തിക്കുക. ഞാനൊരിക്കലും ഇമാമാകാൻ ആഗ്രഹിച്ചിരുന്നില്ല. മൗലവി അബ്ദുൽ കരീം മർഹൂം ഇമാമുസ്സലാത്ത് അയപ്പോൾ ഞാൻ വലിയൊരു ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞവനായി സ്വയം ധരിച്ചു. എന്റെ അവസ്ഥയെ സംബന്ധിച്ച് ഞാൻ നല്ല ബോധവാനാണ്. എന്റെ നാഥൻ എന്നേക്കാൾ കൂടുതൽ ബോധവാനാണ്. ലോകത്ത് പ്രകതടനാത്മകത ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഒരിക്കലും ഇത്തരം കാര്യ ങ്ങൾ ആഗ്രഹിക്കുന്നവനല്ല. എന്റെ നാഥൻ എന്നിൽ സന്തുഷ്ടനായിരിക്കണം എന്നതു മാത്രമാണ് എന്റെ ആഗ്രഹം. ഇതിനായി ഞാൻ ദുആയും ചെയ്യുന്നുണ്ട്. ഖാദിയാനിലും അതിനു വേണ്ടിയാണ് തങ്ങിയത്. ഇനി ഇവിടെ തന്നെ തങ്ങുകയും ചെയ്യുന്നതാണ്. ഹദ്റത്ത് സാഹിബിനു ശേഷം നമ്മുടെ അവസ്ഥ എന്താകും എന്ന ചിന്തയിൽ ഞാൻ ദിവസങ്ങൾ കഴിച്ചു കൂട്ടിയിട്ടുണ്ട്. അതുകൊണ്ട് തന്നെയാണ് മിയാൻ മഹ്മൂദിന്റെ വിദ്യാഭ്യാസം ഈ നിലവാരത്തിലേക്കെത്തിക്കുവാൻ ഞാൻ ശ്രമിച്ചത്. ഹദ്റത്ത് സാഹിബിന്റെ സമീപസ്ഥരിൽ മൂന്നു പേർ ഇപ്പോൾ ഇവിടെയുണ്ട്. ഒന്നാമതായി മിയാൻ മഹ്മൂദ് അഹ്മദ്, അദ്ദേഹം എന്റെ സഹോദരനുമാണ് മകനുമാണ്. അദ്ദേഹവുമായി എനിക്ക് പ്രത്യേക ബന്ധമാണുള്ളത്. സാമീപ്യം കരസ്ഥമാക്കിയവരിൽ മീർ നാസിർ നവാബ് സാഹിബ് എന്റേയും ഹദ്റത്തിന്റെയും ആദരവിന്റെ സ്ഥാനത്താണ്. മൂന്നാമത്തെ സമീപസ്ഥൻ നവാബ് മുഹമ്മദലി ഖാൻ സാഹിബാണ്. അതുപോലെ ദീനീ സേവനം ചെയ്യുന്നവരിൽ സയ്യദ് മുഹമ്മദ് അഹ്സൻ സാഹിബ് വളരെ ഉന്നത നിലയിൽ യോഗ്യനാണ്. സയ്യദുമാണ്. എന്നെപ്പോലെയുള്ളവരെ പോലും ലജ്ജിതരാക്കുന്ന തരത്തിലുള്ള ദീനീ സേവനങ്ങളാണ് ചെയ്തിട്ടുള്ളത്. വാർദ്ധക്യാവസ്ഥയിൽ അദ്ദേഹം ഹദ്റത്തിനെ പിന്തുണച്ചുകൊണ്ട് ധാരാളം ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. പിന്നീട് മൗലവി മുഹമ്മദ് അലി സാഹിബാണ്. എനിക്ക് ചിന്തിക്കുവാൻ പോലും സാധിക്കാത്ത നിലയിലുള്ള സേവനങ്ങളാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. ഇവരെല്ലാവരും തന്നെ സന്നിഹിതരാണ്. പുറത്തുള്ളവരിൽ നിന്ന് സയ്യദ് ഹാമിദ് ശാഹും മൗലവി ഗുലാം ഹസനും ഉണ്ട്. വേറെയും സഹാബിമാരുണ്ട്. ഇത് വളരെ വലിയ ഒരു ഭാരമാണ്. അപകടകാരിയായ ഭാരം. ദൈവനിയോഗിതരാണ് ഇത് വഹിക്കുക. കാരണം അവർക്ക് അല്ലാഹുവിന്റെ അത്യുത്തങ്ങളായ വാഗ്ദാനങ്ങൾ ലഭിക്കുന്നു. അത് നടുവൊടിക്കുന്ന വിഷമങ്ങളിൽ അവർക്ക് ഊന്നുവടിയായിത്തീരുന്നു. നമ്മിൽ വന്നിരിക്കുന്ന ഈ കാലഘട്ടം എത്തരത്തിലുള്ളതാണെന്ന് ചിന്തിക്കുക? ഈ സമയത്ത് പുരുഷന്മാരും കുട്ടികളും സ്ത്രീകളും ഏകത്വത്തിൻ കീഴിൽ വരേണ്ടത് അനിവാര്യമാകുന്നു. ഈ ഏകത്വത്തിനായി ഈ മാന്യവ്യക്തികളിൽ നിന്നാർക്കെങ്കിലും ബയ്അത്ത് ചെയ്യുക. ഞാൻ നിങ്ങളോടൊപ്പമുണ്ടാകും. ഞാൻ സ്വയം ദുർബലനാണ്. രോഗിയാണ്. ആരോഗ്യവും അനുകൂലമല്ല. ഇത്ര വലിയ ജോലി എളുപ്പമല്ല. ഹദ്റത്ത് സാഹിബിന്റേത് നാല് ജോലികളായിരുന്നു. ഒന്ന്, സ്വയം അദ്ദേഹത്തിന്റെ ആരാധനകൾ. രണ്ട്, കുടുംബ പരിപാലനം. മൂന്ന്, അതിഥി സൽക്കാരം. നാല്, അദ്ദേഹത്തിന്റെ യഥാർത്ഥ ഉദ്ദേശ്യമായ ഇസ്‌ലാമിന്റെ പ്രചരണം. ഈ നാല് ജോലികളിലെ ഒന്നിൽനിന്ന് നമുക്ക് പിന്മാറാവുന്നതാണ്. അത് അദ്ദേഹത്തിന്റെ ആരാധനകളാണ്. അത് അദ്ദേഹത്തോടൊപ്പം ഉണ്ടാകുന്നതാണ്. ഈ ലോകത്ത് അദ്ദേഹം സേവനങ്ങൾ ചെയ്തതുപോലെ തന്നെ മരണശേഷവും ചെയ്യുന്നതാണ്. ബാക്കി മൂന്ന് ജോലികളാണ്. അതിൽ ഇസ്‌ലാമിന്റെ പ്രചാരണം ഏറ്റവും പ്രധാനപ്പെട്ടതും പ്രയാസകരവുമായതാണ്. ഇപ്പോൾ നിരീശ്വരവാദത്തെ കൂടാതെ അഭ്യന്തര ഭിന്നതയുമുണ്ട്. ഈ ജമാഅത്തിന്റെ ഭിന്നതകൾ ഇല്ലാതാക്കുന്നതിനായി അല്ലാഹു നമ്മുടെ ജമാഅത്തിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. നിങ്ങൾ എളുപ്പമാണെന്ന് കരുതുന്നു. എന്നാൽ ഭാരം വഹിക്കുന്നവർക്ക് വളരെ പ്രയാസമാണ്. അതിനാൽ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു, ഞാൻ പേരെടുത്തു പറഞ്ഞ ആ ഉന്നത വ്യക്തിത്വങ്ങളിൽ നിന്ന് ആരെയെങ്കിലും തിരഞ്ഞെടുക്കുക. നിങ്ങളോടൊപ്പം ബയ്അത്ത് ചെയ്യാൻ ഞാൻ തയ്യാറാണ്.

അഥവാ നിങ്ങൾ എന്നിൽ ബയ്അത്ത് ചെയ്യാൻ തന്നെയാണ് ആഗ്രഹിക്കുന്നതെങ്കിൽ കേട്ടുകൊള്ളുക, ബയ്അത്ത് വിൽക്കുന്നതിന്റെ പേരാണ്. ഒരിക്കൽ ഹദ്റത്ത് സാഹിബ് എന്നോട് പറഞ്ഞു, ദേശത്തെ കുറിച്ച് ചിന്തിക്കുക പോലും അരുത്. അതിനു ശേഷം എന്റെ എല്ലാ ആദരവും ചിന്തയും അദ്ദേഹവുമായി ബന്ധപ്പെട്ടതായി മാറി. ഒരിക്കലും ഞാൻ ദേശത്തെ കുറിച്ച് ചിന്തിച്ചില്ല. ചുരുക്കത്തിൽ ബയ്അത്ത് ചെയ്യുന്നത് ഒരു ബുദ്ധിമുട്ടുള്ള സംഗതി തന്നെയാണ്. ഒരു വ്യക്തി മറ്റൊരാൾക്കായി തന്റെ എല്ലാ സ്വാതന്ത്ര്യത്തേയും ഔന്നിത്യങ്ങളേയും ഉപേക്ഷിക്കുന്നു. അതുകൊണ്ടു തന്നെയാണ് അല്ലാഹു തന്റെ ദാസരെ അബ്ദ് എന്ന് നാമകരണം ചെയ്തത്. ഈ ആരാധനയുടെ ഭാരം പ്രയാസപ്പെട്ടു കൊണ്ടു മാത്രമേ സ്വയം വഹിക്കുവാൻ കഴിയൂ. എന്നിരിക്കേ മറ്റുള്ളവർക്കു വേണ്ടി എന്തിന് വഹിക്കും. പ്രകൃതത്തിലുള്ള ഭിന്നതകളെ പരിഗണിച്ചുകൊണ്ട് ഒത്തൊരുമയ്ക്കായി വലിയ ധൈര്യം ആവശ്യമാണ്. ഞാൻ ഹദ്റത്ത് സാഹിബിന്റെ ജോലികളിൽ ആൽഭുതപ്പടാറുണ്ട്. ഒന്നാമതായി രോഗം പിന്നെ ഇത്ര വലിയ ഭാരം. ഗദ്യം, പദ്യം, രചനകൾ, മറ്റ് തിരക്കുകൾ. ഒരുഭാഗത്ത് ഹദ്റത്ത് സാഹിബിന്റെ പ്രായം മറുഭാഗത്ത് നിത്യവും ഉണ്ടാകുന്ന അല്ലാഹുവിന്റെ സഹായങ്ങൾ. ഇവിടെ എന്റെ അവസ്ഥ ദയനീയം. അതുകൊണ്ട് പറയുന്നു, ഫ അസ്ബഹ്തും ബി നിഅ്മത്തിഹി

ഇഖ്വാനാ (ആലു ഇംറാൻ 104). എല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്തെ ആശ്രയിച്ചിരിക്കുന്നു. ഞാൻ ഒരു വലിയ കാര്യം പറയാം, ജനാബ് അബൂബക്കർ (റ) ന്റെ കാലത്ത് അറേബ്യയിൽ വലിയ കലഹം ഉണ്ടായി. മക്ക മദീന അയൽപ്രദേശങ്ങൾ എന്നിവയിലൊഴികെ ഒരു കലഹം പൊട്ടിപ്പുറ പ്പെട്ടു. മക്കക്കാരും എതിരാകാൻ തുടങ്ങി. എന്നാൽ വളരെ ശുദ്ധ പ്രകൃതക്കാരനായ ഒരാൾ പറഞ്ഞു, ഇസ്‌ലാം സ്വീകരിക്കാൻ നിങ്ങൾ ഏറ്റവും പുറകിലാണ്. മുർത്തദ്ദാകാൻ എന്തിന് മുൻകടക്കുന്നു. സിദ്ധീഖ ആയിശ (റ) പറയുന്നു, എന്റെ പിതാവിനു മേൽ പതിച്ച ഭാരം മറ്റാരുടെയെങ്കിലും മേൽ പതിച്ചിരുന്നുവെങ്കിൽ അവർ നശിച്ച് പോകുമായിരുന്നു. ഇരുപതിനായിരം ആളുകൾ മക്കയിൽ ഉണ്ടായിരുന്നു. ഒരു സൈന്യത്തെ അയക്കാൻ നബി (സ) കല്പിച്ചിരുന്നു. അതിനെ യാത്രയാക്കി. ഇവിടെ സ്വന്തം ആളുകളുടെ അവസ്ഥ ഇങ്ങിനെയും. എന്നാൽ അവസാനം അല്ലാഹു തന്റെ ദൃഷ്ടാന്തങ്ങൾ പ്രകടിപ്പിച്ചു. വലയുമക്കിനന്ന ലഹും ദീനഹുമുല്ലദിർത്തളാ ലഹും (അന്നൂർ 56) എന്നതിന്റെ കാലഘട്ടം വന്നു. ഇപ്പോഴും ഇത്തരത്തിലുള്ള സംഭവങ്ങൾ സംജാതമയിട്ടുണ്ട്. മറമാടപ്പെടുന്നതിന് മുമ്പ് നിങ്ങളുടെ കലിമ ഒന്നാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. നബി (സ) യ്ക്ക് ശേഷം അബൂബക്കർ (റ) കാലത്ത് സഹാബാക്കൾക്ക് വളരെയധികം നല്ല പരിശ്രമങ്ങൾ ചെയ്യേണ്ടിവന്നിരുന്നു. ഏറ്റവും ആദ്യം ചെയ്ത പ്രധാന ജോലി ഖുർആനെ സ്വരുക്കൂട്ടുക എന്നതായിരുന്നു. ഇക്കാലത്ത് സ്വരുക്കൂട്ടുക എന്നതിന്റെ വിവക്ഷ അത് പ്രവർത്തികമാക്കുന്നതിലേക്ക് പ്രത്യേക ശ്രദ്ധ പതിപ്പിക്കുക എന്നതാണ്. പിന്നീട് ഹദ്റത്ത് അബൂബക്കർ (റ) സക്കാത്തിന്റെ വ്യവസ്ഥിതി ഉണ്ടാക്കി. ഇത് വലിയ മഹത്തായ കാര്യമാണ്. സക്കാത്ത് വ്യവസ്ഥിതിക്കായി ഉന്നതനിലവാരത്തിലുള്ള അനുസരണത്തിന്റെ ആവശ്യമുണ്ട്. പിന്നീട് കുടുംബ പരിപാലനം. ചുരുക്കത്തിൽ ഇത്തരത്തിലുള്ള പല ജോലികളുമുണ്ട്. ഇനി നിങ്ങളുടെ അഭിരുചി എത്തരത്തിലുള്ളതായാലും എന്റെ കല്പനകളെ പ്രാവർത്തികമാക്കേണ്ടി വരും. അഥവാ ഇത് നിങ്ങൾക്ക് സ്വീകാര്യമാണെങ്കിൽ ഞാൻ ഇഷ്ടത്തോടും അനിഷ്ടത്തോടും കൂടി ഈ ഭാരത്തെ വഹിക്കുന്നതാണ്. ബയ്അത്തിന്റെ പത്ത് നിബന്ധനകൾ അതേ പോലെ നിലനിൽക്കുന്നുണ്ട്. അതിൽ പ്രത്യേകമായും ഞാൻ ഖുർആൻ പഠിക്കുന്നതും, സക്കാത്തിനുള്ള വ്യവസ്ഥിതി ചെയ്യുന്നതും, ഉപദേശകരെ തയ്യാറാക്കുന്നതും, സമയാസമയങ്ങളിൽ അല്ലാഹു എന്റെ മനസ്സിൽ ഇടുന്ന കാര്യങ്ങളേയും ഉൾപ്പെടുത്തുന്നു. പിന്നീട് ദീനീ വിദ്യാഭ്യാസം, ദീനീ മദ്റസയുടെ അദ്ധ്യാപനങ്ങൾ എന്നിവ എന്റെ ആഗ്രഹത്തിനും ഇഷ്ടത്തിനും അനുസരിച്ച് ചെയ്യേണ്ടി വരും. ഞാൻ ഈ ഭാരത്തെ അല്ലാഹുവിന് വേണ്ടി മാത്രമാണ് വഹിക്കുന്നത്. അവൻ പറയുന്നു, വൽ തകുൻ മിൻകും ഉമ്മത്തൻ യദ്ഊന ഇലൽ ഖൈരി (ആലു ഇംറാൻ 105). ഓർത്തു കൊള്ളുക, ഒരുമയിലാണ് എല്ലാ നന്മയും ഉള്ളത്. നേതാവില്ലാത്തവർ നശിച്ചു.

*(അൽ ബദ്ർ ഖാദിയാൻ 2.6.1908, പേജ് 7)*



# ഖിലാഫത്തിലേക്ക് ഒട്ടിച്ചേർന്നിരിക്കുക

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ ആദ്യ അഭിസംബോധന

**മിത്രങ്ങളെ കേട്ടു കൊള്ളുക, അല്ലാഹു ഏകനാണെന്നും അവന് യാതൊരു പങ്കുകാരനുമില്ലെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്റെ പ്രിയരേ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) അല്ലാഹുവിന്റെ റസൂലും ഖാത്തമുന്നബിയ്യീനാണെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. നബി (സ) യ്ക്കു ശേഷം അവിടുന്ന് കൊണ്ടുവന്ന ശരീഅത്തിൽ ഒരു വള്ളിപുള്ളി പോലും കാലഹരണപ്പെടുത്തുന്ന ഒരാളും തന്നെ വരുന്നതല്ല എന്നും ഞാൻ വിശ്വസിക്കുന്നു.**

പ്രിയരേ, എന്റെ സ്നേഹനിധിയായ യജമാനൻ സയ്യിദുൽ അമ്പിയാഅ് (സ) യുടെ പ്രതാപം അതി മഹത്തരമാണ്. ഒരു വ്യക്തിക്ക് അവിടുത്തെ ദാസത്വത്തിൽ പ്രവേശിച്ചു കൊണ്ട് പരിപൂർണ്ണ അനുസരണവും കൂറും പ്രകടിപ്പിക്കുക വഴി പ്രവാചക പദവി കരസ്ഥമാക്കുവാൻ കഴിയുന്നതാണ്. ഇതും എന്റെ വിശ്വാസമണ്. പരിപൂർണ്ണ ദൃഢവിശ്വാസത്തോടു കൂടിയാണ് പറയുന്നത്. നബി (സ) യ്ക്ക് മേൽ ഇറങ്ങിയ മനോഹരമായ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ എന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അത് ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠവും ശരീഅത്തിൽ ഏറ്റവും ഉത്തമവുമാകുന്നു. മുസ്‌ലിമിൽ പരാമർശിച്ചിട്ടുള്ള അതേ നബിയും ബുഖാരിയിൽ പരാമർശിച്ചിട്ടുള്ള അതേ ഇമാമും തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്നതും എന്റെ പൂർണ്ണ വിശ്വാസമാണ്. ഇസ്‌ലാമിക ശരീഅത്തിന്റെ ഒരു ഭാഗവും കാലഹരണപ്പെടുന്നതല്ല എന്ന് ഞാൻ വീണ്ടും പറയുന്നു. സഹാബാക്കൾ (റ) ന്റെ കർമ്മങ്ങളെ പിൻപറ്റുക. അവർ നബി (സ)യുടെ ദുആകളുടേയും സമ്പൂർണ്ണ ശിക്ഷണത്തിന്റേയും മാതൃകകളാണ്. നബി (സ)യ്ക്കു ശേഷം രണ്ടാമത്തെ ഇജ്മാഅ് യഥാർത്ഥ ഖിലാഫത്ത് റാശിദയെ സംബന്ധിച്ചായിരുന്നു. ഖുലഫായെ റാശിദിംകളുടെ കാലഘട്ടത്തിൽ ഇസ്‌ലാമിനുണ്ടായ പുരോഗതി, ആ ഖിലാഫത്ത് വെറും അധികാരമായി മാറിയപ്പോൾ കുറഞ്ഞു വന്നു എന്നത് ഇസ്‌ലാമിക ചരിത്രത്തിൽ നിന്നും വായിക്കാവുന്നതാണ്. ഇപ്പോഴത്തെ ഇസ്‌ലാമിന്റേയും മുസ്‌ലീംകളുടേയും അവസ്ഥ നിങ്ങൾ കാണുന്നുണ്ട്. 1300 വർഷങ്ങൾക്കു ശേഷം അതേ നുബുവ്വത്തിന്റെ മാർഗത്തിൽ നബിതിരുമേനി(സ)ന്റെ വാഗ്ദാനമനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അല്ലാഹു നിയോഗിച്ചു. അദ്ദേഹത്തിന്റെ വഫാത്തിന് ശേഷം അതേ ഖിലാഫത്ത് റാശിദയുടെ ശൃംഖല ആരംഭിച്ചു.


ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൗലാനാ മൗലവി നൂറുദ്ദീൻ സാഹിബ് ഈ ശൃംഖലയിലെ ആദ്യ ഖലീഫയായി. അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉന്നതമായ സാമീപ്യം കരസ്ഥമാക്കിയവരിലായിരിക്കട്ടെ, അല്ലാഹു കോടിക്കണക്കിന് കാരുണ്യവും അനുഗ്രഹങ്ങളും അദ്ദേഹത്തിൽ വർഷിക്കട്ടെ, നബി (സ)യുടേയും മസീഹ് മൗഊദ് (അ)ന്റേയും സ്നേഹം എത്രക്ക് അദ്ദേഹത്തിന്റെ ഹൃദയത്തിൽ കുടികൊള്ളുകയും അദ്ദേഹത്തിന്റെ നാഡീഞരമ്പുകളിൽ പടരുകയും ചെയ്തിരുന്നുവോ അല്ലാഹു സ്വർഗത്തിലും അദ്ദേഹത്തിന് പരിശുദ്ധ വ്യക്തിത്വങ്ങളുടേയും പ്രിയരുടേയും സമീപത്ത് സ്ഥാനം നൽകുമാറാകട്ടെ. അതേ വിശ്വാസത്തോടു കൂടി തന്നെയാണ് നാമെല്ലാവരും അദ്ദേഹത്തിന്റെ കയ്യിൽ ബയ്അത്ത് ചെയ്തത്. അതിനാൽ ഈ ശൃംഖല നിലനിൽക്കുന്നിടത്തോളം ഇസ്‌ലാം ഭൗതികമായും ആത്മീയമായും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കും. ഇപ്പോൾ ഞാൻ തന്നെ ഈ ഭാരം വഹിക്കണമെന്ന് നിങ്ങൾ വിളിച്ചുപറയുകയും ബയ്അത്തിലൂടെ നിങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു. നിങ്ങളുടെ മുന്നിൽ എന്റെ വിശ്വാസം വെളിപ്പെടുത്തുന്നത് ഉചിതമായി ഞാൻ കരുതുന്നു.

ഞാൻ സത്യം സത്യമായി പറയുന്നു, എന്റെ ഹൃദയത്തിൽ ഒരു ഭയമുണ്ട്. ഞാൻ സ്വയം എന്നെ ദുർബലനായി കാണുന്നു. ഹദീസിൽ വന്നിട്ടുണ്ട്, ചെയ്യാൻ സാധിക്കാത്ത ജോലി നിങ്ങൾ നിങ്ങളുടെ അടിമയോട് പറയരുത്. നിങ്ങൾ ഇപ്പോൾ എന്നെ അടിമയാക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ എനിക്ക് ചെയ്യാൻ കഴിയാത്ത ജോലി എന്നോട് പറയരുത്. ഞാൻ ദുർബലനും പാപിയുമാണെന്നെനിക്കറിയാം. ലോകത്തിന് നേർമാർഗം കാണിച്ചു കൊടുക്കുവാനും സത്യത്തേയും സത്യവിശ്വാസത്തേയും പ്രചരിപ്പിക്കുവാൻ സാധിക്കുമെന്നും എങ്ങിനെ വാദിക്കാൻ കഴിയും. നാം അല്പമേ ഉള്ളൂ. ഇസ്‌ലാമിന്റെ

ശത്രുക്കൾ എണ്ണത്തിൽ വളരെ അധികമാണ്. എന്നാൽ അല്ലാഹുവിന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും ദീനദയാലുതയിലും നമുക്കുള്ള പ്രതീക്ഷകൾ അനന്തമാണ്. നിങ്ങൾ ഈ ഭാരം എന്നിൽ അർപ്പിച്ചിരിക്കുന്നു. അതിനാൽ കേട്ടുകൊള്ളുക, ഈ കർത്തവ്യപാലനത്തിനായി എന്നെ സഹായിക്കുക. അത് അല്ലാഹുവിൽ നിന്ന് അനുഗ്രഹവും തൗഫീഖും തേടലാകുന്നു. അല്ലാഹുവിന്റെ സംതൃപ്തിയിലും അനുസരണത്തിലും എന്നെ അനുധാവനം ചെയ്യുക. ഞാൻ ദുർബലനായ മനുഷ്യനാണ്. എന്നിൽ നിന്ന് ന്യൂനത ഉണ്ടാകുന്നതായാൽ നിങ്ങൾ അവഗണിക്കുക. നിങ്ങളിൽ നിന്ന് തെറ്റുകൾ വന്നുപോയാൽ അല്ലാഹുവിനെ സാക്ഷി നിറുത്തി ഞാൻ പറയുന്നു, ഞാൻ അവഗണിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നതാണ്. നിങ്ങളുടേയും എന്റേയും ഒത്തൊരുമയോടുകൂടിയുള്ള പ്രവർത്തനത്തിലൂടെ ഈ പ്രസ്ഥാനത്തിന്റെ വളർച്ചയേയും, ഈ പ്രസ്ഥാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെയും കർമ്മപഥത്തിൽ കൊണ്ടുവരേണ്ടതാണ്. അതിനാൽ ഇപ്പോൾ നിങ്ങൾ ഞാനുമായി ഉണ്ടാക്കിയെടുത്ത ബന്ധത്തെ കൂറോടു കൂടി പൂർത്തിയാക്കുക. നിങ്ങൾ എന്റേയും ഞാൻ നിങ്ങളുടേയും തെറ്റുകളെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മറച്ചുവെച്ചുകൊണ്ടിരിക്കുന്നതാണ്. ശരിയായ കല്പനകളിൽ നിങ്ങൾ എന്നെ അനുസരിക്കുകയും പിൻപറ്റുകയും ചെയ്യേണ്ടിവരും. അഥവാ ഞാൻ നഊദുബില്ലാഹ് അല്ലാഹു ഏകനല്ല എന്നു പറഞ്ഞാൽ ഏകനും പങ്കുകാരനില്ലാവത്തനും ലൈസ കമിസ്‌ലിഹി ശൈഉൻ ആയതും നമ്മുടെ എല്ലാവരുടേയും ജീവൻ കയ്യിലിരിക്കുന്നതുമായ ആ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു, ഇത്തരത്തിലുള്ള എന്റെ വാക്കുകൾ ഒരിക്കലും വിശ്വസിക്കരുത്.

നഊദുബില്ലാഹ് ഞാൻ നിങ്ങൾക്ക് നുബുവ്വത്തിന്റെ ഏതെങ്കിലും ന്യൂനത പറയുകയാണെങ്കിൽ വിശ്വസിക്കരുത്. വിശുദ്ധ ഖുർആന്റെ എന്തെങ്കിലും ന്യൂനത പറയുകയാണെങ്കിൽ അല്ലാഹുവാണെ സത്യം നിങ്ങൾ വിശ്വസിക്കരുത്. അല്ലാഹുവിന്റെ വെളിപാടിലൂടെ നൽകിയ അധ്യാപനങ്ങൾക്കെതിരിൽ പറയുകയാണെങ്കിൽ ഒരിക്കലും ഒരിക്കലും വിശ്വസിക്കരുത്. എന്നാൽ ഞാൻ വീണ്ടും വീണ്ടും പറയുന്നത് ശരിയായ കല്പനകളിൽ എന്നെ അതിലംഘിക്കരുത്. അനുസരണവും കൂറും പ്രകടിപ്പിക്കുകയും ഈ വാഗ്ദാനത്തെ ദൃഢപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഓർത്തുകൊള്ളുക, അല്ലാഹുവിന്റെ അനുഗ്രഹവും നമ്മെ പിന്തുണക്കുന്നതാണ്. നമ്മുടെ കൂട്ടായ ദുആകൾ സഫലമാകുന്നതാണ്. ഞാൻ എന്റെ കാരുണ്യവാനായ നാഥനിൽ വിശ്വസിക്കുന്നു. ഞാൻ സഹായിക്കപ്പെടുമെന്ന ദൃഢവിശ്വാസമുണ്ട്. മിനിഞ്ഞാന്ന് ജുമുആ ദിവസം ഞാനൊരു സ്വപ്നം കേൾപിച്ചിരുന്നു. ഞാൻ രോഗിയാണ്. എന്റെ തുടയിൽ എനിക്ക് വേദന അനുഭവപ്പെടുന്നു. എനിക്ക് പ്ലേഗിന്റെ ആരംഭമായിരിക്കാം എന്ന് ഞാൻ കരുതുന്നു. അപ്പോൾ ഞാനെന്റെ വാതിലുകൾ അടച്ചു. ഇതെന്താണ് സംഭവിക്കുന്നതെന്ന് ചിന്തിക്കാൻ തുടങ്ങി. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ഇന്നീ ഉഹാഫിസു കുല്ല മൻ ഫിദ്ദാരി എന്ന വാഗ്ദാനം നൽകിയിരുന്നു. ഈ വാഗ്ദാനം അദ്ദേഹത്തിന്റെ ജീവിതത്തിൽ പൂർത്തിയായി. ഒരു പക്ഷേ അല്ലാഹുവിന്റെ മസീഹിനു ശേഷം ആ വാഗ്ദാനം ഇല്ലാതായിരിക്കാം. കാരണം ആ പരിശുദ്ധ അസ്തിത്വം നമ്മുടെ ഇടയിൽ ഇല്ല. അങ്ങിനെ ചിന്തിച്ചു കൊണ്ടിരുന്നപ്പോൾ ഞാൻ കാണുന്നു- ഇത് സ്വപ്നമായിരുന്നില്ല. ഉണർന്നിരിക്കുമ്പോഴാണ്, എന്റെ കണ്ണുകൾ തുറന്നിരിക്കുകയായിരുന്നു, ഞാൻ മതിലുകളെയെല്ലാം കാണുന്നുണ്ടായിരുന്നു. മുറിയിലുള്ള വസ്തുക്കൾ കാണുന്നുണ്ടായിരുന്നു.- അങ്ങിനെയുള്ള അവസ്ഥയിൽ ഞാൻ അല്ലാഹുവിനെ കാണുന്നു. ഒരു വെളുത്തതും തിളങ്ങുന്നതുമായ പ്രകാശമാണ്. താഴെ നിന്നു വന്ന് മുകളിലേക്ക് പോകുന്നു. അതിന് തുടക്കമോ ഒടുക്കമോ ഇല്ല. ആ പ്രകാശത്തിൽ നിന്നും ഒരു കൈ പുറത്ത് വന്നു. അതിൽ ഒരു വെളുത്ത മൺപാത്രത്തിൽ പാലുണ്ടായിരുന്നു. അത് എന്നെ കുടിപ്പിച്ചു. അതോടൊപ്പം തന്നെ എനിക്ക് ആശ്വാസം ലഭിച്ചു. എല്ലാ പ്രയാസങ്ങളും ഇല്ലാതായി. ഇത്രഭാഗം ഞാൻ കേൾപിച്ചിരുന്നു. ഇതിന്റെ രണ്ടാമത്തെ ഭാഗം ഞാൻ കേൾപിച്ചിരുന്നില്ല. ഇപ്പോൾ കേൾപിക്കുകയാണ്. ആ പാത്രം എന്നെ കുടിപ്പിച്ചപ്പോൾ ഉടൻ എന്റെ നാവിൽ നിന്നും പുറപ്പെട്ടു, എന്റെ സമുദായവും ഒരിക്കലും ഒരിക്കലും വഴി പിഴച്ചുപോകുകയില്ല. എനിക്കൊരു ഉമ്മത്തുമില്ല. നിങ്ങൾ എന്റെ സഹോദരന്മാരാണ്. എന്നാൽ മസീഹ് മൗഊദ് (അ) ന് നബി തിരുമേനി(സ)യോടുണ്ടായ ബന്ധം കാരണത്താൽ ഈ വാക്ക് പുറപ്പെട്ടു. മസീഹ് മൗഊദ് (അ) തുടങ്ങിവെച്ച ജോലി സമയത്ത് ആ അമാനത്ത് എന്റെ ചുമലിലേൽപ്പിക്ക പ്പെട്ടു. അതിനാൽ ദുആ ചെയ്യുക. ബന്ധങ്ങൾ വളർത്തുക. ഖാദിയാനിൽ വരാൻ ശ്രമിക്കുക. വീണ്ടും വീണ്ടും വരിക. ഇവിടെ വീണ്ടും വീണ്ടും വരാത്തവരുടെ വിശ്വാസത്തിൽ ന്യൂനത ഉണ്ടായേക്കാം എന്ന് മസീഹ് മൗഊദ് (അ) ൽ നിന്ന് ഞാൻ പല പ്രാവശ്യം കേട്ടിട്ടുണ്ട്. ഇസ്‌ലാമിനെ പ്രചരിപ്പിക്കുക എന്നത് നമ്മുടെ പ്രഥമ ജോലിയാണ്. അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹവും വർഷിക്കുന്നതിന്നായി ഒന്നിച്ച് പരിശ്രമിക്കുക. ഞാൻ വീണ്ടും വീണ്ടും വീണ്ടും നിങ്ങളോട് പറയുന്നു, ഇപ്പോൾ നിങ്ങൾ ചെയ്ത ബയ്അത്തിലും, ഹദ്റത്ത് മസീഹ് മൗഊദ് (അ) നു ശേഷം എന്നോട് സ്ഥാപിച്ച ബന്ധത്തിലും നിങ്ങൾ കൂറിന്റെ മാതൃക കാണിക്കുക. എന്നെ നിങ്ങളുടെ ദുആകളിൽ ഓർക്കുക. നിങ്ങളെ തീർച്ചയായും ഞാൻ ഓർക്കുന്നതാണ്. ഓർത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ജമഅത്തിലെ അംഗങ്ങൾക്കുവേണ്ടി ചെയ്യാത്ത ഒരു ദുആയും ഇന്നേ വരെ ഉണ്ടായിട്ടില്ല. എന്നാൽ ഭാവിയിൽ കൂടുതലായി ഓർക്കുന്നതാണ്. അഹ്മദി സമൂഹത്തിന് വേണ്ടി അർത്ഥിക്കാത്ത ദുആയിൽ മുമ്പും എനിക്ക് താൽപര്യമില്ലായിരുന്നു. വീണ്ടും കേൾക്കുക, അല്ലാഹുവിനെ ധിക്കരിക്കുന്നവർ ചെയ്യുന്ന ഒരു കാര്യവും നിങ്ങൾ ചെയ്യരുത്. മുസ്‌ലിംകളായി ജീവിക്കുകയും മുസ്‌ലിംകളായി മരിക്കുകയും ചെയ്യണം എന്നതായിരിക്കണം നമ്മുടെ ദുആകൾ. ആമീൻ

*(അൽ ഫള്ൽ ഖാദിയാൻ, 21.3.14. പേജ് 2 - 3)*



# തബ്‌ലീഗിലും തർബിയ്യത്തിലും ഊന്നൽ നൽകുക

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) യുടെ ആദ്യ അഭിസംബോധന

തശഹുദും സൂറാ ഫാത്തിഹായുടേയും തിലാവത്തിന് ശേഷം ഖലീഫത്തുൽ മസീഹ് സാനി (റ) നിർദ്ദേശിച്ച ഈ പ്രതിജ്ഞ ഏറ്റു പറഞ്ഞു, ഞാൻ അല്ലാഹുവിനെ എല്ലാം കാണുന്നവനും കേൾക്കുന്നവനും ആണെന്ന് മനസ്സിലാക്കി കൊണ്ട് പറയുന്നു, ഞാൻ ഖിലാഫത്ത് അഹ്മദിയ്യായിൽ വിശ്വസിക്കുന്നു. ഖിലാഫത്ത് അഹ്മദിയ്യാക്ക് എതിരായിട്ടുള്ളവരെ ഞാൻ തെറ്റിലാണെന്ന് മനസ്സിലാക്കുന്നു. ഖിലാഫത്ത് അഹ്മദിയ്യായെ ഖിയാമത്ത് നാൾ വരേക്കും നിലനിർത്തുന്നതിന്നായി ഞാൻ പൂർണ്ണമായും ശ്രമിക്കുന്നതാണ്. ഇസ്‌ലാമിന്റെ തബ്‌ലീഗിനെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനായി അങ്ങേയറ്റം പരിശ്രമിച്ചു കൊണ്ടിരിക്കുന്നതാണ്. എല്ലാ അഹ്മദി ദരിദ്രരുടേയും സമ്പന്നരുടേയും അവകാശത്തെ സംരക്ഷിക്കുന്നതാണ്. വിശുദ്ധ ഖുർആന്റേയും ഹദീസിന്റേയും അറിവുകളെ നടപ്പിലാക്കുന്നതിനായി ജമാഅത്തിലെ പുരുഷന്മാരിലും സ്ത്രീകളിലും വ്യക്തിപരമായും സാമൂഹിക പരമായും ശ്രമിച്ചുകൊണ്ടിരിക്കുന്നതാണ്. ഇതൊരു പ്രതിജ്ഞയാകുന്നു.

അല്ലാഹുവിനെ സർവ്വവ്യാപിയും അദൃശ്യ കാര്യങ്ങളെ അറിയുന്നവനായും വഞ്ചന കാണിക്കുന്നവൻ ശാപഗ്രസ്തനാണെന്നുമുള്ള ദൃഢവിശ്വാ സത്തോടു കൂടി ശുദ്ധഹൃദയത്താലാണ് ഞാനീ പ്രതിജ്ഞ നിങ്ങളുടെ മുമ്പിൽ ഏറ്റു പറഞ്ഞത്. ഞാൻ കഴിവിന്റെ പരമാവധി ഇസ്‌ലാമിന്റെ പ്രചാരണത്തിനായി ശ്രമിച്ചു കൊണ്ടിരിക്കുന്നതാണ്. ഞാൻ നിങ്ങളോരോരുത്തരോടും അനുകമ്പയോടും നന്മ ആഗ്രഹിച്ചു കൊണ്ടും വർത്തിക്കുന്നതാണ്. നിങ്ങൾ എന്നിൽ ഒരു ഭാരിച്ച ഉത്തരവാദിത്വം ഏൽപ്പിച്ചു. അതിനാൽ നിങ്ങളുടെ ദുആ കൊണ്ടും അഭിപ്രായം കൊണ്ടും നിങ്ങൾ എന്നെ സഹായിച്ചുകൊണ്ടിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു എന്നെ പോലെയുള്ള നിസ്സാരനായവന് അഹ്മദിയ്യത്തിന്റെ തബ്‌ലീഗിനും ഇസ്‌ലാമിന്റെ പ്രചരണത്തിനും ഏകദൈവ വിശ്വാസത്തിന്റെ സ്ഥാപനത്തിനും അനിവാര്യമായ പ്രവർത്തനങ്ങൾ ചെയ്യാനുള്ള തൗഫീഖ് നൽകുകയും, തന്റെ കാരുണ്യം വർഷിച്ചു കൊണ്ട് എന്റെ ഹൃദയത്തിൽ ആകാശീയ പ്രകാശം ഇറക്കുകയും, മനുഷ്യന് സ്വയം പഠി


ക്കാൻ സാധിക്കാത്തത് പഠിപ്പിച്ചു തരികയും ചെയ്യട്ടെ.
ഞാൻ വളരെയധികം അറിവ് കുറഞ്ഞവനും, അനർഹനുമാണ്. എന്നിൽ ഒരു കഴിവുമില്ല. ഒരറിവുമില്ല. എന്റെ പേര് നിർദ്ദേശിക്കപ്പെട്ടപ്പോൾ ഞാൻ വിറച്ച് പോയി. എന്റെ അവസ്ഥയെന്താണെന്ന് ഞാൻ ആലോചിച്ചു പോയി. എന്നാൽ അതോടൊപ്പം തന്നെ ചിന്തയിൽ വന്നത്, അല്ലാഹു തന്റെ ധാരാളം അനുഗ്രഹങ്ങൾ നൽകിയിട്ടു കൂടി നമ്മുടെ പ്രിയ ഇമാം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് കിറം ഖാകി ഹൂം മേരേ പ്യാരേ ന ആദം സാദ് ഹൂം എന്നാണ്. സ്വയം തന്നെ മണ്ണിനോടുപമിച്ച് അല്ലാഹുവിനെ അഭിസംബോധന ചെയ്യുന്ന നമ്മുടെ പ്രിയപ്പെട്ട ഇമാമിനു മുന്നിൽ എനിക്കെന്ത് സ്ഥാനം. അതോടൊപ്പം തന്നെ എന്റെ ചിന്തയിൽ വന്നത്, ഞാൻ ഒന്നുമല്ലായിരിക്കാം. ഒരു മൂല്യമില്ലാത്ത മണ്ണിന്റെ അവസ്ഥയായിരിക്കാം. എന്നാൽ അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ആ മണ്ണിനും പ്രകാശം നൽകുന്നു. എല്ലാവരുടേയും ചിന്തകൾക്കതീതമായ തരത്തിൽ ആ മണ്ണിന് കഴിവുകളും ശക്തികളും നൽകുന്നതാണ്. സ്വർണ്ണത്തിലും രത്നത്തിലും ഇല്ലാത്ത ഒരു തിളക്കം ആ മണ്ണിൽ ഉണ്ടാക്കിയെടുക്കുന്നു. ചുരുക്കത്തിൽ എന്റെ ദൗർബല്യങ്ങളെ വിവരിക്കുന്നതിനുള്ള വാക്കുകൾ എന്റെ പക്കലില്ല. അതിനാൽ നിങ്ങൾ ദുആയിലൂടെ എന്നെ സഹായിക്കുക. എന്റെ കഴിവിന്റെ പരമാവധി നിങ്ങളോരുത്തരുടേയും നന്മയ്ക്കായി ഞാൻ ശ്രമിക്കുന്നതാണ്. നമ്മൾ സഹോദരന്മാരിലും അഭിപ്രായ ഭിന്നത ഉണ്ടാകാം. എന്നാൽ ആ ഭിന്നതയെ പിളർപ്പിനും ഭിന്നതയ്ക്കും ജമാഅത്തിൽ വ്യാകുലതയ്ക്കും ഹേതുവാക്കരുത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ വഫാത്ത് സമയത്തും ശേഷവും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കുടുംബത്തിലെ ഓരോ അംഗങ്ങളും ഇങ്ങിനെ പ്രതിജ്ഞ ചെയ്തു, ഞങ്ങൾ ജമാഅത്തിൽ ഭിന്നത ഉണ്ടാകാൻ അനുവദിക്കില്ല. അതിനു വേണ്ടി എന്തു ത്യാഗത്തിനും ഞങ്ങൾ തയ്യാറാകുന്നതാണ്. ഞങ്ങളുടെ പ്രയോജനത്തിനായി ജമാഅത്തിന്റെ പ്രയോജനത്തെ ത്യജിക്കുന്നതല്ല. പ്രത്യുത, ഏത വസരത്തിലും ഞങ്ങൾ ജമാഅത്തിന്റെ ഗുണത്തെ മുന്തിക്കുന്നതാണ്.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)ന് അല്ലാഹു വലിയ വിജയം നൽകി അനുഗ്രഹിച്ചു. അല്ലാഹു ഏൽപ്പിച്ച എല്ലാ ജോലികളും അദ്ദേഹം പൂർത്തിയാക്കി. ഇനി അതിനെ മുന്നോട്ട് കൊണ്ടുപോകുക എന്നത് നമ്മുടെ ജോലിയാണ്. അതിൽ ഒരിക്കലും കുറവ് വരരുത്. ഇത് സംബന്ധിച്ച് ഇന്നലെ ഒരു സുഹൃത്ത് എന്നോട് സംസാരിക്കുവാൻ ആഗ്രഹിച്ചപ്പോൾ ഞാൻ പറഞ്ഞു, ഞങ്ങളുടെ കുടുംബത്തിൽ നിന്നാരും തന്നെ തന്റെ പ്രയോജനത്തിനായി ജമാഅത്തിന്റെ പ്രയോജനത്തെ ബലി നൽകില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കുടുംബത്തിലെ ഓരോ വ്യക്തിയും അല്ലാഹുവിന്റേതാണ്, മസീഹ് മൗഊദിന്റേതാണ്, ജമാഅത്തിന്റേതാണ്.
ഞങ്ങളിൽ നിന്ന് യാതൊരു ബലഹീനതയോ കുഴപ്പമോ ഉണ്ടാകുന്നതല്ല.

ഇപ്പോൾ അല്ലാഹു എന്റെ ചുമലിൽ ഈ ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നു. ഈ ജോലിക്കായി നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. ഞാൻ വളരെ ബലഹീനനാണ്. അതിനാൽ എനിക്ക് വേണ്ടി ദുആ കൊണ്ട് എന്നെ സഹായിക്കേണ്ടത് നിങ്ങളുടെ കടമയാണ്. അല്ലാഹു എനിക്ക് ഈ ഉത്തരവാദിത്വത്തെ പൂർത്തിയാക്കാനുള്ള തൗഫീഖ് നൽകട്ടെ. ദീനീ സേവനത്തിലും ഇസ്‌ലാമിന്റെ പ്രചരണത്തിലും ഒരു തടസ്സവും ഉണ്ടാകാതിരിക്കട്ടെ. പ്രത്യുത ഇസ്‌ലാം ലോകത്തെ സർവ്വ വ്യാജമതങ്ങൾക്കു മേലും വിജയിക്കുന്നതു വരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ജോലി അഭിവൃദ്ധിപ്പെട്ടു കൊണ്ടേ ഇരിക്കട്ടെ.
നിങ്ങളോട് അനുകമ്പയുള്ളവനും നിങ്ങളുടെ നന്മ ആഗ്രഹിക്കുന്നവനുമായി നിങ്ങൾ എന്നെ കാണുന്നതാണ്. കാരണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഞങ്ങളെ ഇത്തരത്തിലാണ് ശിക്ഷണം നൽകിയിട്ടുള്ളത്. ഞാൻ ചെറുതായിരുന്നു. ഇപ്പോൾ ഈ പ്രായത്തിലെത്തി. തന്റെ കുട്ടികൾ ലോകത്തിനായി നന്മകളുടെ ഉറവിടമായിരിക്കണമെന്നും ആർക്കും അവരിൽ നിന്ന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകരുതെന്നും ഹുസൂർ എപ്പോഴും ആഗ്രഹിച്ചിരുന്നതായി ഞങ്ങൾക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. അതേ ആഗ്രഹത്തെ ഹുസൂർ തന്റെ ഒരു പദ്യശകലത്തിൽ ഇങ്ങിനെ വെളിപ്പെടുത്തി, ഇലാഹീ ഖൈർ ഹീ ദേക്കേം നിഗാഹേം (അല്ലാഹുവേ കണ്ണുകൾ നന്മ മാത്രം കാണട്ടെ). പിന്നീട് എനിക്ക് ലഭിച്ച മാതാവിനെ പോലുള്ള ഒരു മാതാവ് പരിശുദ്ധ പ്രവാചക പത്നിമാർക്ക് ശേഷം ആർക്കും ലഭിച്ചിട്ടുണ്ടാവില്ല. അതായത് ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ). ലോകത്തുള്ള ഒരു മനശ്ശാസ്ത്രജ്ഞനും ചെയ്യാൻ സാധിക്കാത്ത തരത്തിലുള്ള ശിക്ഷണമാണ് അവർ നൽകിയത്.
ഒന്ന് രണ്ട് അനാഥ കുട്ടികളെ (സഹോദര സഹോദരിമാരെ) ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ പരിപാലിച്ചിരുന്നതായി എനിക്ക് ഓർമ്മയുണ്ട്. അവരെ സ്വന്തം കൈകൊണ്ട് കുളിപ്പിക്കുമായിരുന്നു. അവരുടെ പേൻ എടുക്കുമായിരുന്നു. ഭക്ഷണതളിക വിരിച്ച മുറിയും എനിക്കോർമയുണ്ട്. അതിൽ ഹദ്റത്ത് അമ്മാജാൻ (റ) തന്നോടൊപ്പം ആ കുട്ടികളേയും ഭക്ഷണം കഴിക്കുവാനായി ഇരുത്തുമായിരുന്നു. എന്നാൽ എന്തുകൊണ്ടോ ഞാൻ അപ്പോൾ അവരോടൊപ്പം ഇരുന്നില്ല. തൽഫലമായി അന്നേ ദിവസം ഹദ്റത്ത് അമ്മാജാൻ (റ) എനിക്ക് ഭക്ഷണം നൽകിയില്ല. അവസാനം വൈകുന്നേരം ഞാൻ സ്വയം ചോദിച്ച് ഭക്ഷണം വാങ്ങിക്കഴിച്ചു.
ഇതിൽ ഒരു പാഠമുണ്ട്. ലോകം അനാഥർ എന്ന് പറയു ന്നവരെ, അഗതികൾ എന്ന് പറയുന്നവരെ സംരക്ഷിക്കുകയും അവരുടെ മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടത് തങ്ങളുടെ കടമയാണെന്ന് അല്ലാഹുവിന്റെ ദാസർ മനസ്സിലാക്കുന്നു.

*(അൽ ഫള്ൽ റബ്‌വ, 17.11.65, പേജ് 2 - 3)*

# ദൈവിക തൃപ്തിക്കായി പ്രാർഥിക്കുക

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെആദ്യ അഭിസംബോധന



നിർബന്ധമാക്കപ്പെട്ട പ്രതിജ്ഞ ഏറ്റു പറഞ്ഞതിനു ശേഷം തശഹുദും തഅവ്വുസും തസ്മിയയും പാരായണം ചെയ്തതിന് ശേഷം പറഞ്ഞു, സെക്രട്ടറി സാഹിബ് എന്നോട് പറഞ്ഞു, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (അല്ലാഹു അദ്ദേഹത്തിന് മേൽ അനന്തമായ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. അദ്ദേഹത്തിന്റെ എല്ലാ ഉദ്ദേശ്യങ്ങളേയും സഫലമാക്കട്ടെ. അദ്ദേഹം അടിത്തറ പാകിയ എല്ലാ സൽകർമ്മങ്ങളേയും അല്ലാഹുവിന്റെ തൃപ്തിയുടെ വികാരാവേശത്താൽ പൂർത്തിയാക്കുവാനുള്ള തൗഫീഖ് അല്ലാഹു നമുക്കെല്ലാവർക്കും നല്കട്ടെ) തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹം ആദ്യം തന്നെ സംക്ഷിപ്ത പ്രഭാഷണം നടത്തി. അതിനു ശേഷം ബയ്അത്ത് സ്വീകരിച്ചു. ഞാൻ ഇത്ര മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളു, നിങ്ങൾക്കു വേണ്ടിയും ദുആ ചെയ്യുക, എനിക്ക് വേണ്ടിയും ദുആ ചെയ്യുക.
റബ്ബനാ ലാ തുഹമ്മിൽനാ മാലാ ത്വാക്കത്തലനാ ബിഹ് (അൽബഖറ 287)
ഇത് വളരെ കഠിനമായ ഉത്തരവാദിത്വമാണ്. വളരെ വിശാലമായതാണ്. ഹൃദയത്തെ പിടിച്ചു കുലുക്കുന്നതാണ്. അതുകൊണ്ട് തന്നെയാണ് ഹദ്റത്ത് ഉമർ (റ) മരണക്കിടക്കയിൽ അവസാന ശ്വാസം വലിക്കുന്ന സമയത്ത് ഇങ്ങനെ പറഞ്ഞത്, അല്ലാഹുമ്മ ലാലീ വലാ അലയ്യ. (അല്ലാഹുവേ, എനിക്ക് വേണ്ടി ലോകത്ത് ഒന്നും തന്നെ ഉണ്ടായില്ല, എന്നിൽ ആരുടേയും അവകാശം ബാക്കിയാകരുത്). കാലത്തിന്റെ ഖലീഫയെ അല്ലാഹു നിശ്ചയിക്കുന്നു എന്നത് നേര് തന്നെയാണ്. എന്നും അതെന്റെ വിശ്വാസം തന്നെയാണ്. മരണം വരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതേ വിശ്വാസത്തിൽ നിലകൊള്ളുന്നതുമാണ്. ഇതിൽ ഒരു മനുഷ്യ കരങ്ങളുടേയും കൈകടത്തലുകളില്ല എന്നതും നേരാണ്. അതുകൊണ്ട് ഖലീഫ എന്ന അവസ്ഥയിൽ ഞാൻ നിങ്ങളുടെ ആരുടേയും മുന്നിൽ, ജമാഅത്തിന്റെ ഏതെങ്കിലും വ്യക്തിയുടെ മുന്നിൽ മറുപടി പറയേണ്ടവനല്ല. എന്നാൽ ഇത് ഒരു സ്വാതന്ത്ര്യമല്ല. കാരണം ഞാൻ നേരിട്ട് അല്ലാഹുവിന്റെ സന്നിധിയിൽ മറുപടി പറയേണ്ടവനാണ്. എന്റെ തെറ്റുകളിൽ നിന്ന് നിങ്ങൾ അശ്രദ്ധരാകാം. എന്റെ ഹൃദയത്തെ നിങ്ങൾക്ക് കാണാൻ കഴിയില്ല. പ്രത്യക്ഷവും അപ്രത്യക്ഷവുമായ കാര്യങ്ങളെ കുറിച്ച് നിങ്ങൾക്കറിവില്ല. എന്റെ നാഥൻ എന്റെ ഹൃദയത്തിന്റെ പാതാളം വരെ കാണുന്നു. അഥവാ വ്യാജകാരണങ്ങളാണെങ്കിൽ അതിനെ സ്വീകരിക്കില്ല. അത്മാർത്ഥതയും

പരിപൂർണ്ണ കൂറോടും കൂടി തഖ്‌വയെ പരിഗണിച്ചുകൊണ്ട് ഞാൻ എടുക്കുന്ന തീരുമാനം മാത്രമാണ് അവന്റെ പക്കൽ എത്തുക. അതിനാൽ എന്റെ കഴുത്ത് ബലഹീനരിൽ നിന്നും സ്വതന്ത്രമായി. എന്നാൽ പ്രപഞ്ചത്തിലെ ഏറ്റവും പ്രബലമായ ശക്തിക്കു മുന്നിൽ കുനി ഞ്ഞു. അവന്റെ കൈകളിലായി. ഇത് ഒരു നിസാര ഭാരമല്ല. എന്റെ മുഴുവൻ അസ്ഥിത്വവും അങ്ങിനെ വിറകൊള്ളുകയാണ്. എന്റെ നാഥൻ എന്നോട് സംതൃപ്തനാകട്ടെ, അവന്റെ തൃപ്തിയുടെ മാർഗത്തിൽ ചലിക്കുന്ന നാൾ വരെ എന്നെ ജീവിപ്പിക്കട്ടെ, ഒരു നിമിഷം പോലും അവന്റെ തൃപ്തിയിലല്ലാത്ത ഒന്നും തന്നെ ചിന്തിക്കാതിരിക്കാനും ചെയ്യാതിരിക്കാനുമുള്ള തൗഫീഖ് നൽകട്ടെ.

അങ്ങിനെയുള്ള ഒരു ചിന്തതന്നെ വരാതിരിക്കട്ടെ. ഇസ്‌ലാമിന്റെ അദ്ധ്യാപനമനുസരിച്ച് എല്ലാവരുടേയും അവകാശങ്ങൾ സംരക്ഷിക്കാനും നീതി നടപ്പാക്കാനുമുള്ള തൗഫീഖ് നൽകട്ടെ. കാരണം നീതി നടപ്പാക്കാതെ ഔദാര്യം നിലനാട്ടാൻ സാധ്യമല്ല. ഔദാര്യം നിലനാട്ടാതെ ഈത്താഇ ദിൽ ഖുർബാ എന്ന് നാമകരണം ചെയ്യപ്പെട്ട സ്വർഗീയ സമൂഹം സൃഷ്ടിക്കുക അസാധ്യമാണ്. അതിനാൽ എല്ലാവരും ദുആ ചെയ്യുക.

ബയ്അത്ത് സ്വീകരിക്കുന്നതിനു മുമ്പ് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിനോട് ഞാൻ അപേക്ഷിക്കുന്നു, സഹാബാക്കളുടെ പ്രതിനിധിയായി മുന്നോട്ട് വന്നുകൊണ്ട് ആദ്യം കൈ വെച്ചാലും. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കൈകളെ സ്പർശിച്ച അതേ കൈ ആയിരിക്കണം എന്റെ കൈയുടെ മുകളിൽ വരുന്ന ആദ്യ കൈ എന്നത് എന്റെ ഹൃദയാഭിലാഷമാണ്. ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് മുന്നോട്ട് വരണമെന്ന് അപേക്ഷിക്കുന്നു. അതിനു ശേഷം ബയ്അത്ത് ആരംഭിക്കുന്നതാണ്.

*(അൽ ഫള്ൽ 19.6.82, പേജ് 2 - 3)*

# ദുആകൾ കൊണ്ട് സഹായികളാകുവിൻ

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

**അയ്യദഹുല്ലാഹ് ബിനസ്‌രിഹിൽ അസീസിന്റെ ആദ്യ അഭിസംബോധന**



ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നവർക്കായി നിശ്ചയിച്ചിട്ടുള്ള പ്രതിജ്ഞ ഏറ്റു പറഞ്ഞതിനു ശേഷം തശഹുദും തഅവ്വുസും സൂറാ ഫാതിഹായും പാരായണം ചെയ്തു. സൂറാ ഫാത്തിഹായിലെ ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം സ്വിറാത്തല്ലദീന അൻഅംത അലൈഹിം എന്നത് മൂന്ന് പ്രാവശ്യം ആവർത്തിച്ചു. തുടർന്ന് പറഞ്ഞു, ഇന്ന് എന്തിനു വേണ്ടിയാണോ എന്നെ കൊണ്ടു വന്നത് എനിക്ക് അതിനുള്ള അറിവില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ അറിവും ജ്ഞാനവും നിങ്ങൾ കേട്ടു കൊണ്ടിരുന്നു, വിനീതനിൽ ഒരു തരത്തിലുമുള്ള അറിവില്ല. എന്തായാലും ഇവിടെ നിയമങ്ങളിൽ ഒരു തരത്തിലുമുള്ള ഒഴിവ് കഴിവ് പറയാനുള്ള അനുമതി ഇല്ലാത്തതിനാൽ നിശബ്ദനായി അത് സ്വീകരിക്കുകയല്ലാതെ മറ്റ് മാർഗമില്ല. നിങ്ങളോടുള്ള അപേക്ഷ ഇതാണ്, അഥവാ നിങ്ങൾ അല്ലാഹുവിനെ സർവ്വ വ്യാപിയായി കണക്കാക്കി വിനീതന് ഈ കടമകൾ ചെയ്യാൻ സാധിക്കും എന്ന ദൃഢവിശ്വാസത്തിലാണ് വിനീതനെ ഈ ജോലിക്കായി നിയമിക്കുന്നുവെങ്കിൽ ദുആകൾ കൊണ്ട് എന്നെ സഹായിക്കുവാനായി അഭ്യർത്ഥിക്കുകയാണ്. വളരെയധികം നിസാരനായ മനുഷ്യനാണ്. ദുആകളില്ലാതെ ഈ പ്രസ്ഥാനം ചലിക്കുന്നതല്ല. നിങ്ങൾക്കു വേണ്ടി ദുആ ചെയ്യുന്നതിനും, ഇപ്പോൾ ചെയ്ത പ്രതിജ്ഞ നിറവേറ്റുന്നതിനുമുള്ള തൗഫീഖ് അല്ലാഹു എനിക്ക് നൽകട്ടെ. നിങ്ങളോടും ഞാൻ അപേക്ഷിക്കുകയാണ്, ദുആകൾ കൊണ്ട്, ദുആകൾ കൊണ്ട്, വളരെയധികം ദുആകൾ കൊണ്ട് എന്നെ സഹായിക്കുക. ഇനി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ വാക്കുകളിൽ തന്നെ ഒരു വാചകം കൂടി പറയുകയാണ്, എന്റെ കഴുത്ത് ഇപ്പോൾ അല്ലാഹുവിന്റെ കൈയിലാണ്. നേരിട്ട് അല്ലാഹുവിന്റെ കൈയിലാണ്. അല്ലാഹു എനിക്ക് അവന്റെ കാരുണ്യം കൊണ്ടു മാത്രം അവന് തൃപ്തിയുള്ള ഈ കാര്യങ്ങൾ ചെയ്യാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ


കമ്മിറ്റി അംഗങ്ങളുടെ ബയ്അത്തിനു ശേഷം മറ്റ് അഹ്മദികളുടെ ബയ്അത്ത് വാങ്ങുന്നതിനു മുമ്പ് തശഹുദും തഅവ്വുസും സൂറാ ഫാതിഹായും ഓതിയതിനുശേഷം ഹുസൂർ പറഞ്ഞു, ജമാഅത്തംഗങ്ങളോട് ഒരപേക്ഷയേ ഉള്ളു, ഇപ്പോൾ ദുആയിൽ കൂടുതൽ ഊന്നൽ നൽകുക, ദുആയിൽ കൂടുതൽ ഊന്നൽ നൽകുക, ദുആയിൽ കൂടുതൽ ഊന്നൽ നൽകുക. ധാരാളം ദുആകൾ ചെയ്യുക, ധാരാളം ദുആകൾ ചെയ്യുക, ധാരാളം ദുആകൾ ചെയ്യുക. അല്ലാഹു തന്റെ സഹായവും പിന്തുണയും നൽകട്ടെ. അഹ്മദിയ്യത്തിന്റെ ഈ സംഘം പുരോഗതിയിലേക്ക് കുതിക്കട്ടെ. ആമീൻ.

*(അൽ ഫള്ൽ 24.4.2003)*



Baitul Futuh Mosque
London

ആരോഗ്യം



# ഹൃദയം

ഡോക്ടർ മുഹമ്മദ് മസ്ഊദുൽ ഹസൻ സാഹിബ് നൂരി



## തിരുനബി(സ) യുടെ വ്യായാമരീതി




1. നബി (സ) പ്രഭാതസമയത്തു തന്നെ സവാരി ചെയ്യുമായിരുന്നു. അതായത് സുബ്ഹി നമസ്കാരത്തിനുശേഷം തന്നെ.
2. ഒന്നും കഴിക്കാതെ കാലിവയറുമായിട്ടായിരുന്നു സവാരിക്കായി പുറപ്പെട്ടിരുന്നത്.
3. അധികവും സഹാബാക്കളോടൊപ്പമായിരുന്നു പുറപ്പെട്ടിരുന്നത്.
4. തിരുനബി (സ) വളരെ വേഗത്തിൽ ഓടുകയോ അല്ലെങ്കിൽ പതുക്കെ നടക്കുകയോ ആയിരുന്നില്ല ചെയ്തിരുന്നത്, മറിച്ച് വേഗത്തിൽ നടക്കുകയായിരുന്നു ചെയ്തിരുന്നത്.
5. തിരിച്ചെത്തുമ്പോൾ പകൽ നല്ലപോലെ പ്രകാശിതമായിട്ടുണ്ടാകും. അതായത് 35 – 45 മിനിറ്റ് നടക്കുമായിരുന്നു.

## തത്വശാസ്ത്രം

പ്രഭാതസമയത്ത് ഓക്സിജന്റെ അളവ് കൂടുതലായിരിക്കും. ആ സമയത്തുള്ള നമ്മുടെ ഓരോ ശ്വാസത്തോടൊപ്പവും 50% അധികം ഓക്സിജൻ നാം വലിച്ചെടുക്കുന്നു, അങ്ങിനെ മുഴുവൻ ശരീരകോശങ്ങളും ആശ്രയിക്കുന്ന ഓക്സിജൻ കൂടുതലായി നമുക്ക് ലഭിക്കുന്നു.

വയറ് നിറഞ്ഞിരിക്കുന്ന അവസ്ഥയിൽ രക്തത്തിന്റെ ഒഴുക്ക് ദഹനപ്രക്രിയയ്ക്കായി അധികവും ആമാശയത്തിലേക്കായിരിക്കും. എന്നാൽ കാലിവയറിൽ നിങ്ങൾ നടക്കുമ്പോൾ രക്തം ധാരാളമായും മസ്തിഷ്കത്തിലേക്കും, കണ്ണുകളിലേക്കും, ശ്വാസകോശത്തിലേക്കും, ശരീരത്തിലെ മറ്റ് മസിലുകളിലേക്കും ഒഴുകുന്നു. തന്മൂലം അവയ്ക്ക് കൂടുതൽ ഊർജസ്വലത ലഭ്യമാകുന്നു.







ഒന്നിച്ചുള്ള ഈ യാത്രയിൽ പ്രയാസകരമായ പല കാര്യങ്ങളും പരിഹരിക്കപ്പെടുന്നു. കൂടാതെ പരസ്പരം കണ്ട്കൊണ്ട് ഈ പ്രവർത്തിയിൽ കൃത്യനിഷ്ഠതയും പ്രേരണയും ലഭിക്കുന്നു.

### വേഗത്തിലുള്ള നടത്തം ഉത്തമം

പതുക്കെയുള്ള നടത്തം നമുക്ക് കുറച്ച് പ്രയോജനമേ നൽകുകയുള്ളു. വേഗത്തിൽ നടക്കുന്നതാണ് കൂടുതൽ ഗുണകരമെന്ന് ശാസ്ത്രവും നിർദേശിക്കുന്നു. ഓടുമ്പോഴുള്ള അത്ര പ്രയോജനമാണ് വേഗത്തിൽ നടക്കുമ്പോഴും ലഭിക്കുക. മാത്രമല്ല ഓടുമ്പോൾ മറ്റ് ചില ബുദ്ധിമുട്ടുകളും പരിക്കുകളും സംഭവിച്ചേക്കാം.

ദിവസവും 30 മിനുറ്റോളം നടക്കുന്നതാണ് ഏറ്റവും ഉത്തമമെന്ന് ശാസ്ത്രവും ഉപദേശിക്കുന്നു.



പൊതുവിജ്ഞാനം

# ധ്രുവക്കരടി



- ഇരയെപ്പിടിക്കുന്നതിനായി വേഗത്തിൽ ഓടുന്നതിന് സഹായിക്കുന്ന തരത്തിൽ അവയുടെ പിൻകാലുകൾ മുൻകാലുകളേക്കാൾ നീളമുള്ളവയാണ്.
- നീളമേറിയ കഴുത്ത് അവയെ മറ്റുള്ള കരടികളെ അപേക്ഷിച്ച് വേഗത്തിൽ നീന്താൻ സഹായിക്കുന്നു.





- ധ്രുവക്കരടിക്ക് ഏകദേശം 800 കി.ഗ്രാം ഭാരവും 3 മീറ്റർ നീളവുമുണ്ടാകും.എന്നാൽ അവയ്ക്ക് പിറക്കുന്ന കുഞ്ഞുങ്ങളുടെ തൂക്കം 500 ഗ്രാം മാത്രമായിരിക്കും.
- ധ്രുവക്കരടിയുടെ ഇടതൂർന്ന രോമവും അസാധാരണമായ നിലയിലുള്ള തൊലിക്കടിയിലെ കൊഴുപ്പും മരവിപ്പിക്കുന്ന തണുപ്പിൽ നിന്ന് രക്ഷ നൽകുന്നു.
- ഇരകളെ കടിച്ച് കീറാനും ഐസിൽ പിടുത്തം കിട്ടുന്നതിനുമായി അവയുടെ കാൽപാദങ്ങൾ വളരെ പരന്നതും കൂർത്ത നഖങ്ങളോടു കൂടിയതുമാണ്.
- 20 കിലോമീറ്റർ അകലെവെച്ച് പോലും കടൽനായയുടെ മാംസമോ, അഴുകിയ മാംസമോ തിരിച്ചറിയാൻ കഴിയുന്ന തരത്തിലാണ് അതിന്റെ ഘ്രാണശക്തി.
- ഇരയെ കബളിപ്പിക്കുവാൻ പരിസരത്തിനൊത്ത വേഷം മാറാൻ സമർത്ഥനാണ് ധ്രുവക്കരടി.
- ഉറച്ച പ്രതലത്തിൽ നായ്ക്കൾ ഓടുന്ന അതേ വേഗതയിൽ ധ്രുവക്കരടിക്ക് മഞ്ഞിലൂടെ ഓടാൻ സാധിക്കും.
- കണ്ണുകൾ തുറന്നുവെച്ചും മൂക്കുകൾ അടച്ചുപിടിച്ചും വെള്ളത്തിലൂടെ നീന്തുവാനുള്ള കഴിവ് അവയ്ക്കുണ്ട്.
- കടൽനായ്ക്കളെ പിടിക്കുന്നതിനായി ശരീരം മഞ്ഞിൽ പരത്തിവെച്ച് ഇഴഞ്ഞാണ് ചെല്ലുക.







Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish

Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community